# കുങ്കുമം വിതറിയ വഴികൾ

ഇ ഹരികുമാർ



# കുങ്കുമം വിതറിയ വഴികൾ

ഇ ഹരികുമാർ

**Kumkumam vithariya vazhikal** (കുങ്കുമം വിതറിയ വഴികൾ)
(Malayalam: Short stories)
E Harikumar

Sayahna digital edition published in 2021.

Copyright © 2021, Lalitha Harikumar

These electronic versions are released under the provisions of Creative Commons Attribution By Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Girls on the Bridge* (1903), an oil on canvas painting by Edvard Munch (1863–1944). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


കുങ്കുമം വിതറിയ വഴികൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 1

മലകളുടെ സംഗീതം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 10

പ്രാകൃതനായ തോട്ടക്കാരൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 13

ആശ്വാസം തേടി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 16

തിമാർപൂർ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 28

ഐശ്വര്യത്തിലേക്കു വീണ്ടും . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 33

മറ്റൊരു തോട്ടക്കാരൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 37

ചുമരിൽ ചിത്രമായി മാറിയ അച്ഛൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 44

യാത്ര പറയാതെ പോയവൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 57

കടൽക്കരയിൽ ഒരു പക്ഷിക്കാരൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 64

മണിയറയിൽനിന്ന് ഓടിപ്പോയവർ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 68

— 1 —

## കുങ്കുമം വിതറിയ വഴികൾ

"അങ്കിൾ നീല ജീൻസാണ് ഇട്ടിരുന്നത്. മഞ്ഞനിറത്തിലുള്ള കുർത്തയും. എന്നിട്ട് മമ്മീ, അങ്കിൾ എന്റെ പേരെന്താണെന്ന പറഞ്ഞു."

അരമണിക്കൂർ മുമ്പ്...

ബസ്സിൽ അടുത്തിരുന്ന പെൺകുട്ടിയുടെ മുഖം അയാൾ ശ്രദ്ധിക്കാൻ തുടങ്ങിയിട്ടു കുറെ സമയമായിരുന്നു. എനിക്കു തെറ്റുപറ്റില്ല. ഈ കണ്ണുകൾ എന്റെ മനസ്സിലുണ്ട്. പനിനീരിന്റെ ഇതൾപോലുള്ള ഒരു ജോടി നേർത്ത ചുണ്ടുകൾ എന്റെ ഹൃദയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അയാൾ പറഞ്ഞു.

"എനിക്കു കുട്ടീടെ പേരെന്താണെന്ന് അറിയാം."

സംഗീത ഞെട്ടി. അടുത്തിരുന്ന ആളെ അവൾ ശ്രദ്ധിച്ചിരുന്നില്ല. അവൾ തിരിഞ്ഞു നോക്കി. താടിക്കിടയിലൂടെ അയാൾ ചിരിക്കുന്നത് അവൾ കണ്ടു. സംഗീത മറുപടിയൊന്നും പറഞ്ഞില്ല. ബസ്സിൽ നിന്നോ വഴിയിൽനിന്നോ ആരെങ്കിലും സംസാരിച്ചാൽ അതു ശ്രദ്ധിക്കണ്ടെന്നാണ് അമ്മ പറഞ്ഞിട്ടുള്ളത്. പക്ഷേ, ഒരപരിചിതനു തന്റെ പേരറിയാമെന്നത് അത്ഭുതപ്പെടുത്തുന്നതാണ്. അവൾ ഇടംകണ്ണിട്ട് അയാളെ പഠിച്ചു.

കുട്ടി എത്രാം ക്ലാസ്സിലാണ് പഠിക്കുന്നതെന്നും എനിക്കറിയാം.

ഓ, അതു വളരെ കേമമായി. അവൾ വിചാരിച്ചു. മടിയിൽവച്ച അലുമിനിയ പ്പുസ്തകപ്പെട്ടിമേൽ സെക്കന്റ് സ്റ്റാൻഡേർഡ് എന്നു വലുതായി എഴുതിവച്ചിരുന്നു. പക്ഷേ, പേരെങ്ങനെ മനസ്സിലായി? ഒരു പക്ഷേ, ഈ അങ്കിൾ ബ്ലഫ് ചെയ്യുകയായിരിക്കും.

"സംഗീത എന്നല്ലെ പേര്?"

അവൾക്കു പരാജയം സമ്മതിക്കേണ്ടിവന്നു. അതവളുടെ ഗൗരവത്തിന് അയവുവരുത്തി. അവൾ ചോദിച്ചു.

"അങ്കിളിനെങ്ങനെ മനസ്സിലായി?"

അയാൾ ഉറക്കെ ചിരിക്കാൻ തുടങ്ങി. ചിരിയുടെ അവസാനത്തിൽ അവളുടെ ചെവിയിലേക്കു തലതാഴ്ത്തി സ്വകാര്യമായി പറഞ്ഞു.

"ഭയങ്കര രഹസ്യാണ്. അങ്കിൾ ഹിമാലയത്തിൽ ഒരു ഗുഹയിൽ നൂറുകൊല്ലം തപസ്സിരുന്നു കിട്ടിയ ഒരു കഴിവാണ്. സംഗീതയുടെ മമ്മിയുടെ പേർ കൂടി പറഞ്ഞു തരട്ടെ?"

ഒരിക്കൽകൂടി പരീക്ഷിക്കാമെന്നു കരുതി അവൾ മൂളി.

"സുധ എന്നല്ലെ?"

"അങ്ക്ൾ എവിടെയാണ് താമസിക്കുന്നത്?"

"കൽക്കത്തയിൽ."

"കൽക്കത്തയിൽനിന്ന് വര്വാണോ?"

"അതെ. അരമണിക്കൂർമുമ്പ് കല്ക്കത്തയിലായിരുന്നു. ബോംബെയ്ക്ക് വരണമെന്നു തോന്നിയപ്പോൾ ഒരു മന്ത്രം ജപിച്ചു. ബോംബെയിലുമെത്തി. ഇതും ഹിമാലയത്തിൽ നിന്നു കിട്ടിയ കഴിവുതന്നെ."

അവൾ ശരിക്കും അത്ഭുതപ്പെട്ടിരുന്നു.

"അങ്ക്ളിന്റെ പേരെന്താ?"

"അങ്ക്ൾ." അയാൾ പറഞ്ഞു.

അവൾ ആശയക്കുഴപ്പത്തിലായി. അങ്ക്ൾ എന്നു പേരുള്ള, ഇതുവരെ കണ്ടിട്ടില്ലാത്ത ആൾ അവളെപ്പറ്റി എല്ലാം പറയുന്നു. കല്ക്കത്തയിൽനിന്ന് ഒരു നിമിഷം കൊണ്ട് ബോംബെയിൽ എത്തുന്നു. ഹിമാലയത്തിൽ നൂറുകൊല്ലം തപസ്സിരുന്നിട്ടുണ്ട്. തലമുടിയാണെങ്കിൽ നരച്ചിട്ടുമില്ല. അവൾ ആലോചിച്ചിരുന്നു. അവളുടെ ചുണ്ടുകൾ അല്പം പിളർന്നിരുന്നു. അലക്ഷ്യമായി പുറത്തേക്കു നോക്കുന്ന കണ്ണുകൾ. തന്നെ തടവുകാരനാക്കിയ മനോജ്ഞമായ ഒരു ജോടി കണ്ണുകൾ, അയാൾ ഓർത്തു. കുനിഞ്ഞ് ആ കൊച്ചുസുന്ദരിയുടെ കവിളിൽ ഉമ്മകൊടുക്കാൻ അയാൾക്കു തോന്നി. പക്ഷേ, അതുചെയ്യാതെ അയാൾ പറഞ്ഞു.

"സംഗീതയ്ക്കിറങ്ങേണ്ട സ്ഥലമായില്ലെ? വില്ലെ പാർലെ സ്റ്റോപ്പായി."

അവൾ ഞെട്ടിയുണർന്നു.

"അങ്ക്ളിനു ഞാൻ താമസിക്കുന്നത് എവിടെയാണെന്നും അറിയ്യോ?"

"അറിയും."

അവൾ പുസ്തകപ്പെട്ടിയും തൂക്കി ഇറങ്ങി. ബസ്സ് നീങ്ങിയപ്പോൾ അങ്ക്ളും ഇറങ്ങുന്നുണ്ടോ എന്ന് അവൾ നോക്കി. ഇല്ല. അയാൾ സീറ്റിന്റെ അരികിലേക്കു നീങ്ങിയിരുന്ന് അവളെ കൈവീശിക്കാണിച്ചു. അവളും കൈ വീശി. അങ്ക്ൾ ഒപ്പം ഇറങ്ങിയെങ്കിലെന്ന് അവൾ ആശിച്ചു.

സംഗീതയ്ക്ക് വീട്ടിലെത്താൻ ധൃതിയായി. ഇങ്ങനെ ഒരത്ഭുതമനുഷ്യനെ കണ്ട വിവരം അമ്മയോടു പറയണം. പക്ഷേ, ബെല്ലടിച്ചപ്പോൾ ഉറക്കച്ചടവോടെ എഴുന്നേറ്റു വന്ന അമ്മയിൽ ആ വാർത്ത ഒരത്ഭുതവും ഉളവാക്കിയില്ല.

"ഹിമാലയത്തിൽ നൂറുകൊല്ലം തപസ്സുചെയ്യേ? എന്തൊക്കെ വിഡ്ഢിത്താണ് നീ പറയുന്നത്?"

"എന്താ മമ്മീ, തപസ്സുചെയ്യാൻ പറ്റില്ലേ?"

"ഇല്ല, മോളെ. ഒന്നാമതു ഹിമാലയത്തിൽ ഭയങ്കര തണുപ്പാണ്, രണ്ടാമത് നൂറുകൊല്ലം തപസ്സുചെയ്താൽ ഒരാൾ വളരെ കിഴവനാവും. ഹിമാലയത്തിൽനിന്നു ബോംബെയ്ക്കു വരാനൊന്നും പറ്റില്ല."

"ഈ അങ്ക്ളിന്ന് അത്ര വയസ്സൊന്നുമായിട്ടില്ല."

"എന്നാൽ അയാൾ ഹിമാലയത്തിലൊന്നും പോയിട്ടുണ്ടാവില്ല. ആട്ടെ, നീ എവിടുന്നാണു കണ്ടത്?"

"ബസ്സിൽ എന്റെ അടുത്താണ് ഇരുന്നത്."

"ഓ, ഞാൻ വിചാരിച്ചു വല്ല ആൽമരത്തിന്റെ ചുവട്ടിലുമായിരിക്കുമെന്ന്."

“അമ്മ അവൾക്കു വേണ്ടി പ്രത്യേകമുണ്ടാക്കിയ ആപ്പ്ൾ പൈ മേശപ്പുറത്തു വെച്ചു.”

സംഗീത ആകെ നിരുത്സാഹപ്പെട്ടു. ഇത്രയും അത്ഭുതകരമായ ഒരു കാര്യം അമ്മ ഇത്ര ലാഘവത്തോടെ എടുത്തത് അവൾക്കിഷ്ടപ്പെട്ടില്ല. അവൾ പറഞ്ഞു.

“അങ്ക്ളിന്ന് എന്റെ പേരറിയാം. മമ്മിയുടെയും പേരറിയാം. നമ്മുടെ വീട് എവിടെയാണെന്നറിയാം. കൽക്കത്തയിൽ നിന്ന് ബോംബെയ്ക്ക് ഒരു മിനിറ്റുകൊണ്ട് എത്താം.”

“കൽക്കത്തയിൽ നിന്നോ?”

അത്ഭുതപ്പെടേണ്ട ഭാഗം അമ്മ ഏറ്റെടുത്തു.

“അതെ. എന്താണ് അങ്ക്ളിന്റെ പേര്?”

“അങ്ക്ൾ! പിന്നെ അങ്ക്ൾ നീല ജീൻസാണ് ഇട്ടിരുന്നത്. മഞ്ഞ കുർത്തയും. ഹിമാലയത്തിൽ ഒരു ഗുഹയിൽ തപസ്സിരുന്നപ്പോൾ നീണ്ടതാണത്രെ തലമുടിയും താടിയും.”

സുധ നിശ്ശബ്ദയായി. സംഗീത ഇടത്തെ കൈകൊണ്ടു കവിളുംതാങ്ങി ആപ്പ്ൾ പൈ കടിച്ചു തിന്നുന്നതു നോക്കി നിന്നു. അവൾ എന്തോ ആലോചിക്കുകയായിരുന്നു. അലക്ഷ്യമായ കണ്ണുകൾ. പിന്നെ എന്തോ പറയാൻ ശ്രമിച്ചു. വാക്കുകൾ കിട്ടാതെ അവൾ തപ്പിത്തടഞ്ഞു പറഞ്ഞു:

“അങ്ക്ളിനെ കാണാൻ നല്ല ഭംഗിയുണ്ട്.”

അവൾ അതായിരുന്നില്ല ഉദ്ദേശിച്ചത്. അതിലും കൂടുതലായി ചിലത്. പക്ഷേ, അവളുടെ വാക്കുകൾക്കു പരിമിതിയുണ്ടായിരുന്നു.

സുധയ്ക്ക് അതു മനസ്സിലായി. അവൾ നിശ്ശബ്ദയായി സംഗീതയെ നോക്കുകമാത്രം ചെയ്തു. അവസാനം നീ വന്നു. അവൾ സ്വയം പറഞ്ഞു. നീ തന്നെയാണോ?

കണ്ണാടിയിൽ അവൾ സ്വയം പരിശോധിച്ചു. ഔ, എന്റെ മുഖം! പകലുറക്കത്തിന്റെ ആലസ്യം മുഖത്തുണ്ടായിരുന്നു. മുഖം രണ്ടുകൈകൊണ്ടും തലോടി അവൾ പറഞ്ഞു.

“ഞാൻ കുളിക്കട്ടെ.”

കുളിമുറിയിൽ കയറി വാതിലടച്ചപ്പോൾ അവൾ ഭയപ്പെട്ടു. ബാസുദേവ് വരുമോ? ഇത്ര കാലത്തിനുശേഷം അയാളെ കണ്ടാൽ നിയന്ത്രണങ്ങളെല്ലാം വിട്ടുപോകുമെന്ന് അവൾ ശരിക്കും ഭയപ്പെട്ടു. പഴയ സ്നേഹിതന്മാരെപ്പോലെ പെരുമാറിക്കൂടെ? പഴയ സ്നേഹിതന്മാർ മാത്രമായിരുന്നെങ്കിൽ പറ്റുമായിരുന്നു.

ഇനി അയാൾ വന്നില്ലെങ്കിലോ? ആ വിചാരം കൂടുതൽ ഭയപ്പെടുത്തുന്നതായിരുന്നു. പെട്ടെന്ന് ഈ രണ്ടു വിചാരങ്ങളും അവൾക്കു ചുറ്റും തത്തിക്കളിച്ചു, തളം കെട്ടി നില്ക്കുന്ന വെള്ളത്തിൽ മഴത്തുള്ളികൾ വീഴും പോലെ. അവസാനം അതൊരു സംഗീതമായി മാറി. അയാൾ വരാതിരിക്കില്ല. അവൾ ആനന്ദിച്ചു. അവൾ ചിരിച്ചു. ഷവറിന്റെ ചുവട്ടിൽനിന്നു മാറാൻ തോന്നിയില്ല. തണുപ്പ് ഉള്ളിലേക്കു കൂടുതൽ കൂടുതൽ വലിച്ചെടുക്കട്ടെ. അവളുടെ ഉള്ളിൽ സംഗീതമായിരുന്നു.

ദേവാലയത്തിലെ മണിപോലെയുള്ള ബെല്ലടിച്ചപ്പോൾ വാതിൽ തുറന്നത് സംഗീതയായിരുന്നു.

“അങ്ക്ൾ!.”

ഒരു കൈയിൽ റോസ്പൂക്കൾ. നീട്ടിയ മറ്റെ കൈയിൽ ചോക്ലേറ്റ്സ്.

"ഇതു സംഗീതയ്ക്കാണ്. ഈ പൂക്കൾ മമ്മിക്കും."

സംഗീത അകത്തേക്കോടി.

"മമ്മീ, അങ്ക്ൾ വന്നു!."

സുധ പെട്ടെന്നു മരവിച്ചുപോയി. തയ്യാറെടുക്കുകയായിരുന്നെങ്കിൽക്കൂടി അപ്രതീക്ഷിതമായ പോലെ. ശ്രമപ്പെട്ട് എഴുന്നേല്ക്കാൻ തുടങ്ങുമ്പോൾ മുമ്പിൽ ബാസുദേവ്. പൂക്കൾ അവളുടെ കൈയിൽ കൊടുത്തു കൊണ്ട് ഒരു താളത്തോടെ തല ഇടത്തോട്ടും വലത്തോട്ടും ആട്ടിക്കൊണ്ട് അയാൾ പറഞ്ഞു.

"ഹായ് മമ്മീ, ഹിയറയാം!."

എട്ടുകൊല്ലമായി ശബ്ദത്തിനും രൂപത്തിനും മാറ്റം വന്നിട്ടില്ല. അവൾക്കു വർഷങ്ങൾക്കു മുമ്പ് അവസാനിക്കില്ലെന്നു തോന്നിക്കുന്ന സായാഹ്നങ്ങളിലെ കാത്തിരിപ്പുകൾ ഓർത്തു. കാത്തിരുന്നു ദേഷ്യം പിടിക്കുമ്പോൾ എവിടെനിന്നെന്നറിയാതെ മുമ്പിൽ ചാടിവീണു പറയുന്നു.

"ഹായ്! ഗാഡസ്സ്, ഹിയറയാം."

"അങ്ക്ൾ ഹിമാലയത്തിൽ തപസ്സിരുന്നിട്ടില്ല അല്ലേ?"

"ആരു പറഞ്ഞു?"

"മമ്മി പറയുകയാണ് ഹിമാലയത്തിൽ നൂറുകൊല്ലം തപസ്സിരുന്നാൽ ഒരാൾ വളരെ വയസ്സനാവില്ലെ? പിന്നെ ഇങ്ങനെ നടക്കാൻ പറ്റുകയില്ലല്ലൊ."

"ഞാൻ ഹിമാലയത്തിൽ പോയിട്ടില്ല മോളെ."

കിടപ്പറയുടെ മൂലയിൽ ഉയർന്ന സ്റ്റാന്റിൽവെച്ച ഫ്ളവർവേസിലെ പഴയ പൂക്കൾ മാറ്റി സുധ റോസ് പൂക്കൾ വെയ്ക്കുന്നതു നോക്കി അയാൾ പറഞ്ഞു.

ഞാൻ കൽക്കത്തയിൽ ഒരു ഗുഹയിൽ തപസ്സിരിക്കയായിരുന്നു. നൂറുകൊല്ലമല്ല, എണ്ണൂറുകൊല്ലം.

സുധ അയാളെ നോക്കി. അവളുടെ കൺകോണിലെ നനവ് അയാൾ കണ്ടു. അവളുടെ തുടുത്ത മുഖം അയാൾ കണ്ടു.

സംഗീത വീണ്ടും ആശയകുഴപ്പത്തിലായി. എണ്ണൂറു നൂറിനേക്കാൾ വലുതാണെന്ന് അവൾക്കറിയാം. ഒരാൾക്ക് നൂറുകൊല്ലംകൂടി തപസ്സിരിക്കാൻ കഴിയില്ലെന്നു മനസ്സിലാക്കിയതായിരുന്നു. ഇപ്പോൾ ഇതാ അങ്ക്ൾ പറയുന്നു എണ്ണൂറുകൊല്ലം തപസ്സിരുന്നെന്ന്!.

"സ്വയം ഉണ്ടാക്കിയ ദണ്ഡനമല്ലേ?" സുധ പറഞ്ഞു. "ആരും ആവശ്യപ്പെടാത്ത ശിക്ഷ. അന്നു സ്വയം ശിക്ഷിക്കപ്പെടുന്നതിൽ സുഖം തോന്നി. അത് മറ്റുള്ളവരെ എങ്ങനെ ബാധിക്കുമെന്നാലോചിച്ചില്ല, അല്ലേ?"

അയാൾ ഒന്നും പറഞ്ഞില്ല. അയാൾ അസ്വസ്ഥനായി കുട്ടിയുടെ നേരെ നോക്കി. നിഷ്കളങ്കമായ മുഖം. അവൾക്ക് ഒന്നും മനസ്സിലാവുന്നുണ്ടായിരുന്നില്ല.

"മോള് പോയി കളിച്ചോ," സുധ പറഞ്ഞു.

സംഗീതയ്ക്ക് അതൊരു അനുഗ്രഹമായി തോന്നി. ഒന്നാമതായി വലിയവർ സംസാരിക്കുന്നതു കേട്ടുനില്ക്കാൻ അവൾ ഇഷ്ടപ്പെട്ടില്ല. പിന്നെ പുതുതായി വന്ന അങ്ക്ളിനെ അമ്മ എന്തു ഭാവത്തിലാണു സ്വീകരിക്കുന്നതെന്ന് അവൾക്ക് ഒട്ടും മനസ്സിലായില്ല. അമ്മയുടെ മുഖത്തു സ്നേഹമാണോ അതോ വിരോധമാണോ? അതു മനസ്സിലാക്കാൻ മാത്രം അവൾ മുതിർന്നിട്ടുണ്ടായിരുന്നില്ല. അവരുടെ ഒപ്പം

നില്ക്കുന്നതിനെക്കാൾ ലാഭകരമായി സമയം കളയാം, മുകളിലെ ഫ്ളാറ്റിലെ ഡിംബിളിന്റെ ഒപ്പം കളിച്ചാൽ. ചോക്ലേറ്റ്സുമായി അവൾ പുറത്തിറങ്ങി.

"സംഗീതയെ എങ്ങനെ മനസ്സിലായി?" സുധ അന്വേഷിച്ചു. "നീ അവളെ കണ്ടിട്ടു കൂടിയില്ലല്ലോ!.

"മനോജ്ഞമായ ഒരു ജോടി കണ്ണുകളുടെയും ഓർമ്മയിൽ സ്നേഹം പകർന്നു തന്ന ചുണ്ടുകളുടെയും റെപ്ലിക്ക."

"ഓ, ബാസുദേവ്, നീ ഇപ്പോഴും പണ്ടത്തെപ്പോലെ റൊമാന്റിക്കാണ്."

പക്ഷേ, അയാൾ അസ്വസ്ഥനായിരുന്നു. സ്വയം ദണ്ഡനമേല്പിക്കുമ്പോൾ മറ്റുള്ളവരെ മുറിവേല്പ്പിക്കുകയായിരുന്നെന്ന് സുധ പറഞ്ഞത് അയാളുടെ മനസ്സിൽ നിന്നു വിട്ടുപോയില്ല.

"ഞാൻ ഇവിടെനിന്നു വിട്ടുപോകാൻ കാരണം സുധയ്ക്കു മനസ്സിലായെന്നാണ് ഞാൻ കരുതിയത്."

ഷോക്കേസിന്നു മുകളിലെ, തത്തയാടിക്കളിക്കുന്ന കൊച്ചു ടൈംപീസ് താലോലിച്ചുകൊണ്ട് അയാൾ ചഞ്ചലനായി നിന്നു. പെട്ടെന്ന് അവർ തമ്മിലുള്ള ദൂരം എന്നെത്തേക്കാൾ കൂടിയതായി അയാൾക്കു തോന്നി.

"എനിക്കെത്ര ആലോചിച്ചിട്ടും മനസ്സിലാക്കാൻ കഴിയാത്തതാണത്." സുധ സംസാരിച്ചു. "നീ ഇനി എത്ര വിവരിച്ചാലും എനിക്കു മനസ്സിലാവില്ല. ഓരാൾക്ക് തന്റെ ആസ്പിറേഷൻ മാത്രമല്ല, പ്രേമവും ഒപ്പം കൊണ്ടു നടത്താമെന്നാണ് ഞാൻ കരുതുന്നത്. എന്നെ സ്നേഹിച്ചു കൊണ്ടുതന്നെ നിനക്കു തിയേറ്ററിലും വിജയിക്കാമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ടായിരുന്നു."

"അതു സാധ്യമായിരുന്നില്ല."

പെട്ടെന്ന് എല്ലാം ആദ്യം തുടങ്ങേണ്ടിവന്നതിൽ അയാൾക്കു വിഷമം തോന്നി.

"എനിക്ക് രണ്ടും ഭ്രമമായിരുന്നു. നീ, അതുപോലെ തിയേറ്റർ. അതിൽ എന്റെ ആദ്യത്തെ തിരഞ്ഞെടുക്കൽ നിന്നെത്തന്നെയായിരുന്നു. തിയേറ്ററിനെ എനിക്കു പിച്ചിച്ചീന്തി വലിച്ചെറിയാമായിരുന്നു. പക്ഷേ, നിന്നെ സ്വീകരിക്കുന്നതിൽ കൂടുതൽ വിഷമങ്ങളുണ്ടായിരുന്നു. എനിക്കു നിന്നെ എന്നും സന്തോഷിപ്പിച്ചുകൊണ്ടേ ഇരിക്കാൻ കഴിയുമായിരുന്നില്ല. എന്നെ കല്യാണം കഴിച്ചിരുന്നെങ്കിൽ അതൊരു വലിയ വങ്കത്തമായി നിനക്കു പിന്നീടു തോന്നുമായിരുന്നു. ജീവിതമെന്നാൽ കുറെ കവിതയും സംഗീതവും മാത്രമല്ല, സുധാ, അതിൽക്കൂടുതൽ പലതുമാണ്. അതൊന്നും തരാൻ എനിക്കു കഴിഞ്ഞെന്നുവരില്ല."

"നീ എനിക്ക് അളവറ്റ സ്നേഹം തന്നു. ഞാൻ സംതൃപ്തയായിരുന്നില്ലെ?"

"നീ ഒരു കാമുകിയാവുവോളം. മറിച്ചു നീ ഒരു ഭാര്യയും അമ്മയുമായിക്കഴിഞ്ഞാൽ ആ തുച്ഛമായ സംതൃപ്തിയിൽ നിന്നെ തളച്ചിടാൻ കഴിയില്ല. എന്റെ വ്യവസ്ഥയില്ലാത്ത ജീവിതം തന്നെ നിനക്ക് ഒരു ഭാരമായി തോന്നുമായിരുന്നു."

അവൾ ഒന്നും പറഞ്ഞില്ല. ഓരാശ്വാസത്തോടെ തനിക്കിനിയൊന്നും പറയാനില്ലെന്ന് ബാസുദേവ് ഓർത്തു.

അയാൾക്കു ചുറ്റും സമൃദ്ധിയുടെയും സംതൃപ്തിയുടെയും ലോകമായിരുന്നു. ചുവരിൽ തൂക്കിയ ഓയിൽ പെയ്ന്റിംഗ്, ഷോകേസിൽ നിറയെ അപൂർവ്വവസ്തുക്കൾ.

ജാപ്പനീസ് പാവകൾ, ദില്ലിയിൽ നിന്നു വന്ന ചിത്രപ്പണികളുള്ള പിച്ചളത്താലങ്ങൾ, കേരളത്തിലെ ഓട്ടുവിളക്കുകൾ, നാഗലാന്റിലെ സ്ത്രീകളുടെ വീതിയുള്ള മുത്തുമാലകൾ.

"ഞാൻ ചായയുണ്ടാക്കാം," സുധ പറഞ്ഞു.

"നിൽക്കു," അവളെ തടുത്തു കൈകൾക്കുള്ളിലാക്കി അയാൾ ചോദിച്ചു. "നീ എന്നുമുതല്ലാണ് എന്നെ വെറുക്കാൻ തുടങ്ങിയത്?"

"എനിക്കു വെറുക്കാൻ കഴിഞ്ഞെങ്കിൽ? എങ്കിൽ ഞാൻ ഇത്ര വേദനിക്കേണ്ടി വരില്ലായിരുന്നു."

തള്ളിവരുന്ന കണ്ണീർ മറയ്ക്കുവാനായി അവൾ അയാളുടെ മാറിൽ മുഖം അമർത്തി.

"ഞാനെടുത്ത തീരുമാനം എന്നെ എത്ര വേദനിപ്പിച്ചുവെന്ന് അറിയാമോ? സ്നേഹം തന്നെയാണു വലുതെന്ന് എനിക്കറിയാം. പക്ഷേ, ആ സ്നേഹം ഒരു പെൺകുട്ടിയെ നശിപ്പിക്കുന്നത് എനിക്കിഷ്ടമായിരുന്നില്ല."

അവർ കിടക്കയിൽ അന്യോന്യം കരവലയത്തിൽ കിടക്കുകയായിരുന്നു. ഒരു ദീർഘചുംബനത്തിൽ നിന്നു മോചിതയായപ്പോൾ അവൾ ചോദിച്ചു. "നീ ഇപ്പോൾ സന്തോഷവാനാണോ? നിന്റെ നാടകങ്ങൾ വിജയകരമായിരുന്നോ?"

"ഞാൻ സന്തോഷവാനാണോ എന്നെനിക്കറിയില്ല. എന്റെ നാടകങ്ങൾ വിജയകരമാണ്. ആദ്യത്തെ നാടകം അത്ര വിജയിച്ചില്ല. അതിന്റെ തീം വളരെ അബ്സ്ട്രാക്ടായി. ആരും ആസ്വദിച്ചുകണ്ടില്ല. സംഗീതവും മോശമായിരുന്നു. കഴിഞ്ഞ രണ്ടു നാടകങ്ങളുടെയും സംഗീതവും ഞാൻ തന്നെ ഏറ്റെടുത്തു. എന്റെ തീം മനസ്സിലാക്കാൻ കഴിയാത്ത ഒരുപറ്റം സംഗീതജ്ഞന്മാരെക്കൊണ്ടു തോറ്റിരിക്കയായിരുന്നു. ആദ്യത്തെ നാടകം ഫ്ളോപ്പായതു് അതിന്റെ തീം കാരണമാണോ, അതിന്റെ സംഗീതത്തിന്റെ പോരായ്മയാണോ എന്നറിയില്ല. ബംഗാളികൾക്ക് നല്ല സംഗീതവും ചീത്ത സംഗീതവും തിരിച്ചറിയാൻ കഴിയും. ദേ ഹാവ് ആനിയർ ഫോർ മ്യൂസിക്. ഞാൻ ഇവിടെയുള്ളപ്പോൾ ചെയ്ത അപൂർണ്ണ കോംപൊസിഷൻ ഇല്ലേ? കടലിനെപ്പറ്റിയുണ്ടാക്കിയതു്? അതാണു ഞാൻ ചേർത്തതു്. നിനക്കോർമ്മയില്ലേ അതു്?"

അവൾക്ക് ഓർമ്മയുണ്ടായിരുന്നു. അവൾ എല്ലാം ഓർത്തിരുന്നു. ഇരമ്പുന്ന കടലിന്നരികിലൂടെ മണലിൽ സ്വയം മറന്നു കൈകോർത്തു നടന്നതു്. സായാഹ്നം കുങ്കുമം വിതറിയ വഴിത്താരകൾ കടലിലേക്കു നയിക്കുന്നതു്. മണലിൽ ഇരുന്ന് വയലിനിൽ കടലിന്റെ ഇരമ്പത്തിന്റെ പശ്ചാത്തലത്തിലൊഴുകുന്ന ശബ്ദങ്ങൾ അവളെ മാസ്മരലോകത്തിലേക്കു നയിച്ചതു്. പിന്നെ സൂര്യൻ യാത്രയായപ്പോൾ, സംഗീതത്തേക്കാൾ ശക്തിയായ പ്രേരണ തങ്ങളിൽ വന്നു നിറഞ്ഞപ്പോൾ മണലിൽ കിടന്നു ചുംബിച്ചതു്. എല്ലാം അവൾ ഓർത്തിരുന്നു.

"ജയൻ നല്ല ഭർത്താവല്ലേ? നീ സന്തോഷവതിയല്ലേ!."

പെട്ടെന്നായിരുന്നു ആ ചോദ്യം.

"അതെ, ജയൻ നല്ല ഭർത്താവാണ്."

അവൾ ആലോചിച്ചു: ഞാൻ തികച്ചും സന്തോഷവതിയാവേണ്ടതാണ്. പക്ഷേ, ഒരു ഭാര്യ, അമ്മ എന്നതിൽ കവിഞ്ഞു് അവൾ ഇപ്പോഴും ഒരു കാമുകികൂടിയാണെ

ന്ന് അവൾ അത്ഭുതത്തോടെ മനസ്സിലാക്കി. കുറെക്കാലമായി സംതൃപ്തി കിട്ടാതിരുന്ന ഒരു റോൾ.

ലൂഡോവിൽ കള്ളത്തരം കാണിക്കുന്നത് സംഗീതയ്ക്കിഷ്ടമല്ല. അതുകൊണ്ടു രണ്ടാമത്തെ പ്രാവശ്യവും ഡിംബ്ൾ കള്ളം കാണിച്ചപ്പോൾ സംഗീത പറഞ്ഞു, ഞാനില്ല കളിക്കാൻ. ഇതിൽ ഭേദം വീട്ടിൽ പോയി വല്ലതും വായിക്കുകയാണ്.

അവൾ കോണിയിറങ്ങി താഴെ വന്നു ചാരിയ വാതിൽ തുറന്ന് അകത്തു കയറി. അപ്പോഴാണ് പുതുതായി വന്ന അങ്ക്ളിനെ ഓർമ്മവന്നത്. അങ്ക്ളുമായി സംസാരിക്കാമെന്നു കരുതി കിടപ്പു മുറിയിലേക്കു നടന്നു. അവിടെ എത്തിയപ്പോഴാണ്, അടഞ്ഞുകിടക്കുന്ന വാതിൽ കണ്ടത്. അതിൽ അസാധാരണമായൊന്നും അവൾക്കു തോന്നിയില്ല. പക്ഷേ അങ്ക്ളുമായി സംസാരിക്കാമെന്ന തന്റെ പരിപാടി തകിടം മറിഞ്ഞിരിക്കുന്നു. ഇനി? ഡാഡി ഇന്നലെ കൊണ്ടു വന്ന കോമിക് പുസ്തകം ഓർമ്മവന്നു. അവൾ കോമിക് പുസ്തകവും കൊണ്ട് ഹാളിലെ കാർപ്പെറ്റിൽ പോയിരുന്നു. അവൾക്ക് ഒന്നും മനസ്സിലായില്ല. ഡാഡി ഇന്ന് ഓഫീസിൽ നിന്നു വന്നാൽ പറഞ്ഞു തരാമെന്നു പറഞ്ഞതാണ്. അവൾ ചിത്രങ്ങൾ വെറുതെ മറിച്ചുനോക്കി. ചിത്രങ്ങൾ കണ്ടിട്ട് നല്ല കഥയായിരിക്കുമെന്നു തോന്നുന്നു.

അവൾക്കു വേറൊരു ഐഡിയാ തോന്നി. മുകളിൽപ്പോയി ഡിംബിളിന്റെ ഒപ്പം ഡ്രാട്ട്സ് കളിച്ചാലോ ഡ്രാട്ട്സിൽ കള്ളത്തരം കാണിക്കാൻ പറ്റില്ല. അവൾ പുസ്തകവും അടച്ചുവെച്ച് വീണ്ടും മുകളിലേക്കു പോയി.

കിടപ്പറയിൽ അന്യോന്യം കരവലയത്തിൽ കിടക്കുമ്പോൾ തങ്ങൾ സ്വയം വഞ്ചിക്കുകയായിരുന്നെന്നു രണ്ടുപേർക്കും തോന്നി. കലയാണ് ആത്മസാക്ഷാൽക്കാരമെന്ന് അയാൾ വ്യാമോഹിച്ചു. അതിൽ സ്വയം തൃപ്തനാണെന്ന് അയാൾ കരുതി.

ഭർത്താവിനു കൊടുക്കാൻ കഴിയുന്ന സ്നേഹമെല്ലാം കൊടുത്തു താൻ സന്തോഷവതിയാണെന്നവൾ കരുതി. പക്ഷേ, വർഷങ്ങൾക്കു ശേഷം അവർ കണ്ടുമുട്ടിയപ്പോഴുണ്ടായ പ്രകാശത്തിൽ ഇരുണ്ട ഗുഹയിൽ ആരാധിച്ചിരുന്ന ബിംബങ്ങളുടെയെല്ലാം നിറം മങ്ങി അനാകർഷകമായി അവർ കണ്ടു. വഞ്ചിതരായെന്ന് അവർക്കു ബോദ്ധ്യമായി.

ആ മനസ്സിലാക്കൽ ഒരു പുതിയ ആവേശത്തള്ളിച്ചയ്ക്കു വഴിവെച്ചു. മനസ്സിലായപോലെ അവർ ചിരിച്ചു. അവൾ അയാളുടെ കൈകളിലായിരുന്നു. പിന്നെ സാവധാനത്തിൽ അവരുടെ ഇടയിലുണ്ടായിരുന്ന ലോലമായ മൂടുപടം താനെ അഴിഞ്ഞു പോയി.

ഡിംബ്ളുമായുള്ള ഡ്രാട്ട്സുകളിയും അത്ര വിജയകരമായിരുന്നില്ല. രണ്ടുതവണ തോറ്റപ്പോൾ ഡിംബ്ൾ പറഞ്ഞു, നമുക്കു ലൂഡോ കളിക്കാം. അല്ലെങ്കിൽ പാമ്പും കോണിയും. ലൂഡോവിൽ ഡിംബ്ൾ വീണ്ടും കള്ളത്തരം കാണിക്കുമെന്ന് സംഗീതയ്ക്കറിയാം. പിന്നെ പാമ്പും കോണിയും. കോണികയറി മുകളിൽ പോയ തന്റെ കരുക്കൾ പാമ്പുകൾ കൊത്തി വിഴുങ്ങി വീണ്ടും താഴെ കള്ളികളിലെത്തുന്നത് സംഗീതയ്ക്കിഷ്ടപ്പെട്ടില്ല. അവൾ പറഞ്ഞു, ഞാൻ പോകുന്നു.

താഴെ കിടപ്പുമുറിയുടെ വാതിൽ അപ്പോഴും അടഞ്ഞു കിടന്നു. അവൾക്ക് നിരാശയായി. കോമിക്പുസ്തകം എടുത്തു നിവർത്തി കാർപ്പെറ്റിൽ വന്നു കമിഴ്ന്നു കിടന്നു.

ഡാഡിക്ക് ഇത് ഇന്നലെത്തന്നെ പറഞ്ഞുതന്നാൽ മതിയായിരുന്നു. അവൾ കുറച്ചുനേരം പുസ്തകം മറിച്ചു നോക്കി. പിന്നെ, സാവധാനത്തിൽ അവളുടെ കണ്ണുകൾ അടഞ്ഞു.

ഉറക്കത്തിൽ ചെന്നായ, ചുവന്ന വെള്ളം ഇറ്റുവീഴുന്ന നാവും തൂക്കി മുയലിന്റെ പിന്നാലെ ഓടുന്നത് അവൾ കണ്ടു. മുയൽ സമർത്ഥനായിരുന്നു. ഒരു സ്പ്രിങ് വാതിലിന്റെ ഉള്ളിലേക്ക് മുയൽ ചാടി. പിന്നാലെ വന്ന ചെന്നായ വാതിലിനിടയിൽ കുടുങ്ങി. ഹെല്പ്!.

തന്റെ കൈയിൽ തളർന്നുറങ്ങുന്ന സുധയെ ബാസുദേവ് ചുംബിച്ചു. കുറെ നേരമായി ആ ഉറങ്ങും സുന്ദരിയെ അയാൾ നോക്കുന്നു. ഇനി അവളെ ഉണർത്തണം. തനിക്കു പോകണം. ഒരു നീണ്ട നിദ്രയിൽ നിന്നുണർന്നപോലെ ഉറക്കച്ചടവോടെ അവൾ കണ്ണുതുറന്നപ്പോൾ അവളെ വീണ്ടും തന്നിലേക്കടുപ്പിച്ച് അയാൾ ചെവിയിൽ മന്ത്രിച്ചു: “സുന്ദരീ, എനിക്കു പോകണം.”

അതിനു മറുപടിയായി അവൾ പറഞ്ഞു:

“ഞാൻ എത്ര സന്തോഷവതിയാണ്!, ഐ ആം സോ ഹാപ്പി!.”

അവർ വസ്ത്രം ധരിച്ച് പുറത്തു കടന്നു. സംഗീത കാർപ്പെറ്റിൽ കോമിക് പുസ്തകത്തിൽ മുഖവും വെച്ചു കിടന്നുറങ്ങുന്നത് അവർ നോക്കിനിന്നു.

“പാവം മോൾ!” സുധ പറഞ്ഞു. “ഞാൻ ചായയുണ്ടാക്കട്ടെ”.

ബാസുദേവ് സംഗീതയെ നിലത്തുനിന്നെടുത്ത് അവളുടെ മാർദ്ദവമുള്ള കവിളിൽ ഉമ്മവെച്ചു. സംഗീത കണ്ണു തുറന്ന് അത്ഭുതത്തോടെ നോക്കി. അവൾ വാസ്തവത്തിൽ അങ്കിളിനെ സ്വപ്നം കാണുകയായിരുന്നു. അങ്കിൾ അവളെയുമെടുത്ത് കാഴ്ചബംഗ്ലാവിലൂടെ നടക്കുന്നു. അയാളുടെ താടിപിടിച്ച് അവളുടെ നേരെ തിരിച്ച് അവൾ ചോദിച്ചു:

“അങ്കിളിന്ന് മറ്റുള്ളോരടെ സ്വപ്നങ്ങളിൽ വരാൻ പറ്റുമോ?”

അയാൾ ആലോചിച്ചു.

“ഇല്ല, വരാൻ പറ്റില്ല. പക്ഷേ, മറ്റുള്ളവരുടെ സ്വപ്നങ്ങൾ തകർക്കാൻ കഴിയും.”

എന്തോ തമാശ കേട്ടപോലെ അവൾ പൊട്ടിച്ചിരിച്ചു. അവൾ ചോദിച്ചു:

“അങ്കിൾ എനിക്കീ കോമിക്കിലെ കഥ പറഞ്ഞു തരുമോ?”

“ശ്രമിക്കാം.”

ചിത്രപുസ്തകത്തിൽ നിന്ന് വർണ്ണപ്പകിട്ടുള്ള മൃഗങ്ങൾ പുറത്തിറങ്ങി. തുന്നിക്കുട്ടിയ കോട്ടിട്ട, പോക്കറ്റു വാച്ചു ധരിച്ച ചെന്നായ, ബനിയനിട്ട മുയലിന്റെ പിന്നാലെ ഓടിത്തുടങ്ങി.

പെട്ടെന്ന് എന്തോ ഓർത്ത് സംഗീത ചോദിച്ചു.

“അങ്കിൾ, ലുഡോവിൽ കള്ളത്തരം കാണിക്കുന്നത് ചീത്തയല്ലെ? ഡിംബ്ൾ എപ്പോഴും കള്ളത്തരം കാണിക്കാറുണ്ട്.”

“കളിയിലെന്നല്ല, ഒന്നിലും കള്ളത്തരം കാണിക്കരുതു മോളെ. പ്രത്യേകിച്ചും ജീവിതത്തിൽ. ഞങ്ങൾ മുതിർന്നവർ അതാണു ചെയ്യുന്നത്. ഞങ്ങൾ ജീവിതത്തിൽ കള്ളത്തരം കാണിക്കുന്നു.”

അത് ഡിംബ്ളിന്നനുകൂലമായ ഒരു പ്രതിഭാഗം പറയലാണോ എന്ന് അവൾ ഒരുനിമിഷം സംശയിച്ചു. പിന്നെ തന്റെ ചോദ്യത്തിന് ഉത്തരം കിട്ടിയപോലെ മിണ്ടാതിരിക്കുകയും ചെയ്തു.

അങ്കിൾ അമ്മ കൊണ്ടുവന്ന ചായ കുടിക്കുകയായിരുന്നു. അമ്മയുടെ മുഖം പ്രസന്നമാണെന്ന് അവൾ കണ്ടു. അതുകൊണ്ട് അങ്കിൾ പോയപ്പോൾ അയാൾ സംസാരിച്ചതൊന്നും മനസ്സിലായിരുന്നില്ലെങ്കിൽക്കൂടി, സംഗീത അയാളെ ഇഷ്ട പ്പെട്ടു.

സൂര്യൻ പുറത്ത് തെരുവിൽ കുങ്കുമം വിതറുകയും, സന്ധ്യ വഴിവിളക്കുകളെ ഓരോന്നോരോന്നായി കൊളുത്തുകയും ചെയ്തപ്പോൾ, സംഗീത ഡാഡിയുടെ കാറി ന്റെ ശബ്ദം കേട്ടു. സോഫയിൽ ഒരു വലിയ ടെഡ്ഡി ബിയറുമായി സംസാരിച്ചിരുന്ന അവൾ ചാടിയെഴുന്നേറ്റു.

"മമ്മീ, ഡാഡി വന്നു."

ഡാഡി വരേണ്ട താമസമില്ല. അവൾ അയാളുടെ മേൽ ചാടിക്കയറി. അയാൾ അവൾക്ക് ഉമ്മകൊടുത്തു.

"ഡാഡീ," അവൾ പറഞ്ഞു, "ഇന്ന് ഇവിടെ ഒരു അങ്കിൾ വന്നു. ഇത്ര തലമുടീം, താടിയുമുള്ള ഒരു അങ്കിൾ. കൽക്കത്തയിൽ ഒരു ഗുഹയിൽ തപസ്സുചെയ്തിട്ടുണ്ടത്രെ. ഡാഡീ, കൽക്കത്തയിൽ ഗുഹകളുണ്ടോ?"

"അറിയില്ല," അയാൾ പറഞ്ഞു: "പിന്നെ നിന്റെ അങ്കിൾ നല്ല അങ്കിളാണോ?"

"അതെ ഡാഡി. ഇന്നലെ ഡാഡി കൊണ്ടുവന്ന കോമിക്കിലെ കഥ മുഴുവൻ പറഞ്ഞുതന്നു. പിന്നെ എനിക്ക് ചോക്ലേറ്റ്സ് തന്നു."

സുധ കൊണ്ടുവന്ന ചായമൊത്തിക്കുടിച്ചുകൊണ്ട് അയാൾ ചോദിച്ചു:

"എന്തുപറയുന്നു മമ്മീ, അങ്കിൾ നല്ല ആളാണോ?"

അയാളുടെ കൺകോണിൽ കുസൃതിയുണ്ടായിരുന്നു. സുധ ചിരിച്ചു.

"മോളെ, അങ്കിൾ കൊണ്ടുവന്ന ചോക്ലേറ്റ്സ് ഡാഡിക്കെടുത്തു വെച്ചില്ല അല്ലേ? ആട്ടെ, അങ്കിൾ കൊണ്ടുവന്ന റോസാപ്പൂക്കൾ എനിക്കു കാണിച്ചുതരില്ലെ?"

"തീർച്ചയായും. അവൾ ചാടിയെഴുന്നേറ്റ് കിടപ്പറയിലേക്കോടി." കിടപ്പറയിലെ ത്തിയപ്പോൾ അവൾ പെട്ടെന്നു നിന്നു.

"അങ്കിൾ റോസ്സൂക്കൾ കൊണ്ടുവന്നത് ഡാഡിക്കെങ്ങനെ മനസ്സിലായി?"

അടഞ്ഞുകിടന്ന ഒരു വാതിൽ അവളുടെ ഓർമ്മയിലെത്തി. അവളുടെ കൊച്ചു മനസ്സിൽ പതഞ്ഞുവരുന്ന സാന്ദ്രത അവൾ അറിഞ്ഞു. അതുയർന്നുവരാൻ തുടങ്ങി യിട്ട് കുറെനേരമായെന്ന് പക്ഷേ, അവൾ അറിഞ്ഞില്ല. ഫ്ളവർവേസിൽ വിരിഞ്ഞു നില്ക്കുന്ന പൂക്കൾ അവളെ ശത്രുതയോടെ നോക്കി. വൈകുന്നേരം സ്കൂൾ വിട്ട് കൂട്ടു കാരികളെല്ലാം പോയി ഒറ്റയ്ക്കു ബസ്സു കാത്തു നില്ക്കുമ്പോൾ ഉണ്ടാകാറുള്ള ഏകാന്തത അവൾക്കു വീണ്ടും അനുഭവപ്പെട്ടു. വേലിയേറ്റത്തിൽ ഉയർന്നുവരുന്ന ഒരു വലിയ തി രപോലെ തേങ്ങലുകൾ അവളുടെ ഹൃദയത്തിൽ ഉരുണ്ടുകയറി. ഒരു നിമിഷത്തിൽ നിയന്ത്രിക്കാൻ വയ്യാതായപ്പോൾ അവൾ കട്ടിലിൽ തലയിണയിൽ മുഖമമർത്തി തേങ്ങിത്തേങ്ങി കരഞ്ഞു.

അച്ഛന്റെ സാന്ത്വനങ്ങളോ, അമ്മയുടെ എന്തേ ഉണ്ടായത് എന്ന അന്വേഷണ ങ്ങളോ തീരെ സഹായകമാവുമായിരുന്നില്ല. അവൾക്കുണ്ടായ നഷ്ടം അപാരമാ യിരുന്നു.

— 2 —

## മലകളുടെ സംഗീതം

നിറം മങ്ങിത്തുടങ്ങിയ വെയിലിന്റെ ആർദ്രതയും, കാട്ടിൽ വേട്ടയ്ക്കു തിരിച്ചപ്പോൾ വാനിൽ ഒറ്റ തിരിഞ്ഞലഞ്ഞ മേഘത്തിൽ നിന്നുതിർന്ന ജലകണങ്ങളും, ഗതിമാറി വീശിത്തുടങ്ങിയ കാറ്റും കാരണം, ആസന്നമായ മഴക്കാലത്തെപ്പറ്റി ബോധവാനായ അയാൾ വിറകു ശേഖരിക്കാനായി മലമുകളിലേക്കു പോയി. ഒരന്തർപ്രേരണയാൽ അയാൾ അമ്പെയ്തു കൊന്ന മാനിന്റെ മാംസവും, അരുവിയിൽനിന്ന് പിടിച്ച മത്സ്യങ്ങളും, നേർത്തെ വെയിൽ സാന്ദ്രമായിരുന്നപ്പോൾത്തന്നെ ഉണക്കി സൂക്ഷിച്ചിരുന്നു. അതു പോലെ കാട്ടിൽനിന്നു കിട്ടിയ കിഴങ്ങുകളും പഴങ്ങളും അയാൾ ഗുഹയിലെ വിവിധ അറകളിൽ ശേഖരിച്ചിരുന്നു. കഴിഞ്ഞ മഴക്കാലത്തിനുശേഷം ഗുഹാമുഖത്തിനു താഴെ താഴ്വാരത്തിൽ മുളച്ചുണ്ടായ ധാന്യച്ചെടികളിൽ, പിന്നെ വരണ്ടകാലം വന്നപ്പോൾ ഉണങ്ങിനിന്ന ധാന്യങ്ങളും അയാൾ ശേഖരിച്ചിരുന്നു.

മലമുകളിൽ എത്തിയപ്പോഴാണ് അയാൾ മലയുടെ സംഗീതം കേട്ടത്. അതു മലകളുടെ അസംഖ്യം ഗുഹാമുഖങ്ങളിൽ തട്ടി അലച്ച് അയാളുടെ ചെവിയിൽ എത്തി. അയാൾ കോരിത്തരിച്ചു. ആദ്യമായി ഈ സംഗീതം കേട്ടതു മുമ്പൊരിക്കൽ തേൻ ശേഖരിക്കാനായി മലമുകളിൽ കയറിയപ്പോഴായിരുന്നു. ഉണങ്ങിയ ചുരയ്ക്കത്തൊണ്ടുകളിൽ പകൽ മുഴുവൻ തേൻ ശേഖരിച്ചുകൊണ്ട് അയാൾ നടന്നു. രാത്രി ഇരുട്ടിൽനിന്നും മൃഗങ്ങളിൽ നിന്നും രക്ഷപ്പെടാൻ, താഴെ ചപ്പിലകളും വിറകുംകൂട്ടി വലിയ തീയുണ്ടാക്കി, അയാൾ മരത്തിന്റെ കവരങ്ങളിൽ ഉറങ്ങി. പുലർച്ചെ, സൂര്യനുദിക്കുന്നതിനു മുമ്പുതന്നെ കൂട്ടിൽ ഉറങ്ങിയിരുന്ന പക്ഷികളെ പിടിച്ചുകൊന്ന്, താഴെ അപ്പോഴും നിശ്ശേഷം കെട്ടിട്ടില്ലാത്ത കനലിൽ ചുട്ടെടുത്തു തിന്ന് അയാൾ യാത്ര തുടർന്നു. അങ്ങനെ തേൻ ശേഖരത്തിന്നിടയിൽ മൂന്നാംദിവസമാണ് അയാൾ മലകളുടെ സംഗീതം കേട്ടത്. അയാൾ സ്വയം മറന്നു സംഗീതം ശ്രവിച്ചു. തേൻ നിറഞ്ഞു തുളുമ്പുന്ന ചുരയ്ക്കത്തൊണ്ടുകളുടെ ഭാരം അയാൾ അറിഞ്ഞില്ല. അയാൾ മലയുടെ ഏറ്റവും മുകളിലെ പാറക്കൂട്ടങ്ങളിൽ എത്തിയിരുന്നു. അവിടെ നിന്നു നോക്കിയാൽ താഴ്വാരത്തിൽ ഒഴുകുന്ന അരുവിയും, അതിൽ വെള്ളം കുടിച്ചു തലയുയർത്തുന്ന മാൻകൂട്ടങ്ങളും ചെറുതായി കാണാം. ഇതിനിടയ്ക്കു മലകളുടെ സംഗീതം അയാൾക്കു ചുറ്റും അലകളുണ്ടാക്കി ഒഴുകി, പാറക്കൂട്ടങ്ങളിൽ വന്നടിച്ചു ചിതറി.

അപ്പോഴാണ് അയാൾ കണ്ടത്, കുറച്ചു താഴെ പാറക്കൂട്ടങ്ങൾക്കു മുകളിൽ നൃത്തം വെച്ചു നീങ്ങുന്ന പെൺകുട്ടി. അവൾ അരക്കെട്ട് ഇലകൾകൊണ്ടു മറച്ചിരുന്നു. മുഴുത്ത മാറിടവും തടിച്ച തുടകളും ഇളക്കി അവൾ നൃത്തം വെച്ചു. പെട്ടെന്ന്

ഏകാന്തതയെപ്പറ്റി അയാൾ ബോധവാനായി. വിരസമായ തന്റെ ഗുഹയെപ്പറ്റി അയാൾ ഓർത്തു.

മലകളുടെ സംഗീതത്തിനനുസരിച്ച് അവളുടെ കാലുകൾ ചലിച്ചു. ഇത്ര ഭംഗിയുള്ള ഒരു മൃഗത്തെ അയാൾ മുമ്പു കണ്ടിരുന്നില്ല. കൈകൊട്ടി, വായകൊണ്ടു ശബ്ദം ഉണ്ടാക്കി അവളുടെ ശ്രദ്ധയാകർഷിക്കാൻ അയാൾ ശ്രമിച്ചു. അവൾ തലയുയർത്തി നോക്കി, നൃത്തം തുടരുകയും ചെയ്തു. അയാൾ ചുമലിൽ പുറത്തു തൂക്കിയിട്ടിരുന്ന തേൻ നിറച്ച ചുരയ്ക്കാത്തൊണ്ടെടുത്തു കാണിച്ച് അവളെ പ്രലോഭിപ്പിച്ചു. അവൾ വഴങ്ങാതെ, തലയാട്ടി നൃത്തം ചവിട്ടി നീങ്ങി. അടുത്തുതന്നെ അവൾ ഇരുട്ടുപിടിച്ച കാടുകൾക്കുള്ളിൽ മറയുമെന്നു ബോദ്ധ്യമായപ്പോൾ അയാൾ അവളുടെ നേരെ ഓടി. പക്ഷേ, മരങ്ങൾക്കിടയിലൂടെ ഓടി, പാറക്കൂട്ടങ്ങൾ കണ്ടുപിടിച്ചെത്തുമ്പോഴേക്ക് അവൾ ഇരുണ്ട കാടുകളിൽ മറഞ്ഞിരുന്നു. അയാൾ നിരാശനായി, അസ്വസ്ഥനായി. ഇതിനുമുമ്പ് ഒരു മനുഷ്യജീവിയെ കണ്ടിട്ടില്ലാത്ത അയാൾ, ഈ മൃഗം തന്റെ വംശത്തിൽപ്പെട്ട ഒന്നാണെന്ന് എങ്ങനെയോ മനസ്സിലാക്കി.

അയാൾ പിന്നീട് തേൻ ശേഖരിക്കാൻ നില്ക്കാതെ ഗുഹയിലേക്കു മടങ്ങി. അയാളുടെ തുടകൾക്കിടയിൽ വേദന അനുഭവപ്പെട്ടു. തേൻചുരയ്ക്കകൾ തുളുമ്പി പുറം മുഴുവൻ നനഞ്ഞിരുന്നു. അതിനു ശേഷം കുറേക്കാലം മലമുകളിലേക്കു പോകാൻ അയാൾ ഭയപ്പെട്ടു.

ഇപ്പോഴും മലകളുടെ സംഗീതം കേട്ടപ്പോൾ അയാൾ പ്രതീക്ഷയോടെ ചുറ്റും നോക്കി. കുറച്ചകലെ മരങ്ങൾക്കിടയിൽ ഉയർന്നുനിന്ന പാറകൾക്കു മീതെ ചുവടൊപ്പിച്ച് കാലുകൾ ചലിപ്പിക്കുന്ന പെൺകുട്ടിയെ അയാൾ അവസാനം കണ്ടു. മലകൾ സംഗീതമുണ്ടാക്കുമ്പോഴെല്ലാം പ്രത്യക്ഷപ്പെടുന്ന പെൺകുട്ടിയെ അയാൾ കൗതുകപൂർവ്വം നോക്കി. അവളെ ഇണയായി കിട്ടാനുള്ള ആഗ്രഹമുണ്ടായി. പ്രലോഭനങ്ങളാൽ അവളെ കീഴടക്കാൻ കഴിയില്ലെന്നു മനസ്സിലാക്കിയ അയാൾ, അവളെ കൊന്ന് സ്വന്തമാക്കാൻ തീർച്ചയാക്കി. ഒരു ഉരുണ്ട പാറക്കല്ലു തിരഞ്ഞെടുത്ത് എറിയാൻ അയാൾ തയ്യാറായി.

എറിയാൻവേണ്ടി ഓങ്ങിയപ്പോഴാണതുണ്ടായത്. പെട്ടെന്നു മലകളുടെ സംഗീതം നിലച്ചു. പിന്നീടുണ്ടായ ശൂന്യതയിൽ, പെൺകുട്ടി നൃത്തം മതിയാക്കി അയാളെ നിർന്നിമേഷയായി നോക്കിനില്ക്കുന്നത് അയാൾ കണ്ടു. അയാളുടെ കൈ ചലിച്ചില്ല. കൈയിൽനിന്ന് ഉരുളൻ കല്ലു താഴെ പാറകൾക്കു മുകളിൽ വീണു പൊട്ടിച്ചിതറി. മുകളിൽ മരത്തിന്റെ കൊമ്പിൽ നീണ്ട വാലുള്ള ഒരു മഞ്ഞക്കിളി ആക്ഷേപസ്വരമുണ്ടാക്കി. കാറ്റിൽ മുളങ്കൂട്ടങ്ങൾ കരഞ്ഞു. അയാൾ അവളുടെ നേർക്ക് ഓടി. പെൺകുട്ടി അനങ്ങാതെ അയാളെ നോക്കി നിന്നു. കാറ്റിൽ അവളുടെ അരക്കെട്ടിൽ തൂങ്ങിക്കിടന്ന ഇലകൾ ആടി. അവളുടെ സമൃദ്ധിയായ തുടകൾ അയാൾ കണ്ടു. നൃത്തം ചെയ്യുമ്പോൾ ഇളകിത്തുടിച്ച മുലകൾ അവളുടെ നിശ്വാസത്തിൽ ഉയർന്നമരുന്നത് അയാൾ കണ്ടു. അടുത്തെത്തിയപ്പോഴാണ് അവളുടെ ആർദ്രമായ കണ്ണുകൾ അയാൾ കണ്ടത്. അയാൾ പെട്ടെന്നു നിന്നു. ആ കണ്ണുകളിൽ വ്യസനമുണ്ടായിരുന്നു, പരിഭവമുണ്ടായിരുന്നു. പിന്നെ അയാൾ ആവേശത്തോടെ കെട്ടിപ്പിടിച്ചപ്പോൾ അവൾ വഴങ്ങി. താടിരോമങ്ങൾ കൊണ്ട് അവളുടെ മുഖത്ത് അയാൾ ഉരച്ചു. അവളുടെ തിങ്ങിയ മുലകൾ അയാളുടെ നെഞ്ചിൽ അമർന്നു. അവൾ കണ്ണടച്ചു. തു

ടകൾക്കിടയിലെ വേദന അയാൾ അറിഞ്ഞു. അവൾ അയാളോട്ട ചേർന്നു കിടന്നു. സുരതത്തിന്റെ ആനന്ദം അയാൾ കണ്ടെത്തി. അവർ അനങ്ങാതെ കിടന്നു.

പിന്നെ മലകളുടെ സംഗീതം എപ്പോഴാണ തുടങ്ങിയതെന്ന് അയാൾ അറിഞ്ഞില്ല. ഉണർന്നപ്പോൾ സംഗീതമുണ്ടായിരുന്നു. കാറ്റുമുണ്ടായിരുന്നു. മരങ്ങൾക്കു മുകളിൽ മഞ്ഞവെളിച്ചമുണ്ടായിരുന്നു. തളർന്നുറങ്ങുന്ന ഇണയെ അയാൾ എടുത്തു. അമ്പെയ്ത്തു കൊന്ന മാനിനെ ഏറ്റുന്ന പോലെ അയാൾ അവളെ തോളിലിട്ടു ഗുഹയിലേക്കു നടന്നു.

കൂർത്ത പാറക്കല്ലുകളിലൂടെയുള്ള ഇറക്കം അയാളെ ക്ഷീണിപ്പിച്ചില്ല. ഇരുവശത്തും വളർന്നു നിന്ന മുൾച്ചെടികളുടെ ശത്രുത അയാൾ അറിഞ്ഞില്ല. മലകളുടെ സംഗീതം മാത്രം അയാൾ ശ്രദ്ധിച്ചു. താഴ്വാരത്തിലെത്തുമ്പോഴേക്കും സംഗീതം നേർത്തു വരുന്നത് അയാൾ വേദനയോടെ അറിഞ്ഞു.

ഗുഹയിലെത്തിയപ്പോൾ അവൾ ഉണർന്ന് അത്ഭുതത്തോടെ ചുറ്റും നോക്കി. ഗുഹയുടെ ഭിത്തികളിൽ അയാൾ പലപ്പോഴായി വരച്ചുവെച്ച ചിത്രങ്ങൾ! പ്രകാശം മങ്ങിയ ഒരു കോണിൽ അയാൾ ചൂണ്ടി. അവിടെ കൂർത്ത കരിങ്കല്ലു കൊണ്ടു ദേഹത്തിൽ പോറലുണ്ടാക്കി, ചിന്നിയ ചോരകൊണ്ട് അയാൾ അവളുടെ ചിത്രം വരച്ചിരുന്നു. ആദ്യം അവളെ കണ്ട ദിവസം വരച്ച ചിത്രം.

അവളെ ഗുഹയിലാക്കി അയാൾ അമ്പും വില്ലുമെടുത്തു പുറത്തിറങ്ങി. അരുവിയിൽ തടിച്ച മത്സ്യങ്ങളുണ്ടായിരുന്നു. വലിയ മത്സ്യങ്ങളെ എയ്തുപിടിച്ച് അയാൾ ഗുഹയിൽ തിരിച്ചെത്തി കരിങ്കല്ലുകൾ ഉരച്ചു പഞ്ഞിയിൽ പിടിപ്പിച്ച് അയാൾ തീയുണ്ടാക്കി. അവൾ മത്സ്യം തീയിലിട്ട് വേവിച്ച് അയാൾക്കു കൊടുത്തു. അയാൾ മത്സ്യം കടിച്ചുവലിച്ചു തിന്നുന്നത് അവൾ സംതൃപ്തിയോടെ നോക്കിനിന്നു.

അപ്പോൾ പുറത്ത് ഇടിവെട്ടുന്ന ശബ്ദം അവർ കേട്ടു. അവൾ ഞെട്ടി അയാളോട്ട ചേർന്നുനിന്നു. അയാൾ പുറത്തിറങ്ങി നോക്കി. ആകാശത്തിൽ ഉരുണ്ടുകൂടിയ കാർമേഘങ്ങൾ അയാൾ കണ്ടു. അവയിൽനിന്ന് ഇറ്റുവീണ ഒരു ജലകണം ചുമലിൽ തട്ടിത്തെറിച്ചപ്പോൾ അയാൾ ഗുഹയിലേക്കു മടങ്ങി. ഒരു വലിയ കരിങ്കല്ലെടുത്തു ഗുഹാമുഖമടച്ചുകൊണ്ട് അയാൾ അവളുടെ അടുത്തു വന്നു. ഒരു ദീർഘമായ ആലിംഗനത്തിൽ മുഴുകുമ്പോൾ, മഴക്കാലത്തേക്കാവശ്യമായ വിറകുശേഖരിച്ചിട്ടില്ലെന്ന് അയാൾ ഓർത്തു. അയാൾ അസ്വസ്ഥനായി.

— 3 —

## പ്രാകൃതനായ തോട്ടക്കാരൻ

പ്രഭു തോട്ടക്കാരനോടു പറഞ്ഞു:

“ഞാൻ നിങ്ങളെ എന്റെ തോട്ടക്കാരനാക്കിയിട്ട് ഏതാണ്ടു രണ്ടുകൊല്ലമായി. തോട്ടം ഏല്പിച്ചുതന്നപ്പോൾ അതു വെറുമൊരേക്കർ തരിശുനിലമായിരുന്നെന്നു ഞാൻ സമ്മതിക്കുന്നു. അതുകൊണ്ടു തന്നെയാണു ഞാനതു നിങ്ങളെ ഏല്പിച്ചു തന്നതും. അവിടെ എന്റെ പുതിയ മാളികയുടെ ഔദ്ധത്യത്തിനുയോജ്യമായ ഒരുദ്യാനം ഉണ്ടാക്കണമെന്നായിരുന്നു ഞാൻ പറഞ്ഞത്. അതിന് എത്ര പണം വേണമെങ്കിലും ചെലവിടാൻ ഞാൻ തയ്യാറുമായിരുന്നു. നിങ്ങളോടു കിട്ടാവുന്നേടത്തോളം എല്ലാത്തരം പൂച്ചെടികളുടെയും വിത്തുകൾ നെഴ്സറിയിൽ നിന്നു വാങ്ങിക്കോളാൻ ഞാൻ പറഞ്ഞിരുന്നില്ലേ? അതുപോലെ ആവശ്യമുള്ള വളങ്ങളും വാങ്ങാൻ ഏല്പിച്ചിരുന്നില്ലേ?

എന്റെ മനസ്സിലുണ്ടായിരുന്ന തോട്ടത്തിൽ റോസാപ്പൂക്കളും സൂര്യകാന്തികളും പാരിജാതവുമാണുള്ളത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നത് തോട്ടത്തെ കള്ളികളായി ഭാഗിച്ചു മൈലാഞ്ചിച്ചെടികൾ കൊണ്ട് ഒരേ ഉയരത്തിൽ മതിലിട്ട് ഓരോ കള്ളിയിലും ഓരോ തരം പൂച്ചെടികൾ തടങ്ങളായി വളർത്താനായിരുന്നു.

ഇന്നലെ വൈകുന്നേരമാണ് ഞാൻ ആദ്യമായി തോട്ടത്തിൽ ഇറങ്ങി നോക്കിയത്. ആദ്യമെല്ലാം എന്റെ മാളികയുടെ മട്ടുപ്പാവിലിരുന്നു നോക്കിയതല്ലാതെ തോട്ടത്തിനുള്ളിലേക്കു കടന്നിരുന്നില്ല. മട്ടുപ്പാവിലിരുന്നു നോക്കുമ്പോഴാകട്ടെ, തോട്ടത്തിൽ നിറയെ പച്ചപ്പുമുണ്ടായിരുന്നു. അവയെല്ലാം പൂച്ചെടികളായിരിക്കുമെന്നു ഞാൻ ന്യായമായും ഊഹിച്ചു. അവ മൊട്ടിടുവാനും പൂക്കുവാനും ഞാൻ കാത്തിരുന്നു. പക്ഷേ, പച്ചപ്പ്, ഋതുക്കളുടെ മാറ്റത്തിനനുസരിച്ച് നിറം മാറി പഴക്കുകയും കരിയിലകളാകുകയും, മഴയ്ക്കുശേഷം വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്തു. വീണ്ടും ഞാൻ ആശയോടെ കാത്തിരുന്നതല്ലാതെ ഒരൊറ്റ പൂവും വിരിഞ്ഞില്ല.

ദിവസവും രാവിലെ ഉദയത്തിനു മുമ്പുതന്നെ നിങ്ങൾ കൈക്കോട്ടുമായി തോട്ടത്തിലെത്തി പണി തുടങ്ങുന്നതു ഞാൻ കാണാറുണ്ട്. വളം വാങ്ങാൻ ഞാൻ തന്ന പണം കൊണ്ടു നിങ്ങൾ സത്യസന്ധമായി വളം വാങ്ങി തോട്ടത്തിൽ ഇടുന്നതു ഞാൻ കണ്ടിട്ടുണ്ട്. അതുപോലെ, വിത്തുകൾക്കായി തരുന്ന പണംകൊണ്ടു നിങ്ങൾ വിത്തുകൾ വാങ്ങി പാകുന്നതും ഞാൻ കാണുന്നുണ്ട്. നിങ്ങൾ സത്യസന്ധനാണെന്നു കാണുന്നതിൽ എനിക്കു സന്തോഷംതന്നെ. പക്ഷേ, എനിക്ക് സന്തോഷമുണ്ടാക്കാത്ത കാര്യം തോട്ടത്തിന്റെ കിടപ്പാണ്.

ഇന്നലെ വൈകുന്നേരം എന്റെ ക്ഷമയുടെ അവസാനവും കണ്ടപ്പോൾ ഞാൻ ബാൽക്കണിയിൽ നിന്നിറങ്ങി. മുറ്റത്തെ മണൽ എന്റെ കാലടികൾ വേദനിപ്പിച്ചു വെങ്കിലും അതു സാരമാക്കാതെ ഞാൻ നടന്നു. കാരണം, ഞാൻ അത്യധികം അക്ഷമനും ഉൽക്കണ്ഠിതനുമായിരുന്നു.

തോട്ടത്തിലെത്തിയപ്പോൾ കണ്ടതെന്താണെന്നോ? പറയുന്നതിനേക്കാൾ ഭേദം നിങ്ങളെ കൊണ്ടുപോയി കാണിക്കലാണ്. പക്ഷേ, ഇനിയും അതിനുവേണ്ടി മണൽ ചവിട്ടി കാലടികൾ വേദനിപ്പിക്കാൻ വയ്യ. പോരാത്തതിന് നിങ്ങൾക്കറി യാത്തതൊന്നുമല്ലല്ലോ തോട്ടത്തിലുള്ളത്!.

ഞാൻ കണ്ടതെന്താണെന്നോ? വെറും കളകൾ മാത്രം! രാക്ഷസന്മാരെപ്പോ ലെ നിവർന്നു നില്ക്കുന്ന കള്ളിച്ചെടികൾ! തൊട്ടാൽ നാറ്റം പുറപ്പെടുവിക്കുന്ന അപ്പ ച്ചെടികൾ!.

എവിടെ എന്റെ റോസാച്ചെടികൾ? എന്റെ സ്വപ്നങ്ങളിലെ സൂര്യകാന്തികൾ? എവിടെ എന്റെ സന്ധ്യകളിൽ ശ്വസിക്കാനുദ്ദേശിച്ച പാരിജാതം? എവിടെ ഞാൻ ആവശ്യപ്പെട്ട തോട്ടം?

ഞാൻ നിരാശനായിരിക്കുന്നു. ഞാനിനി ഏതാനും വർഷങ്ങളേ ജീവിച്ചിരിക്കൂ. അതിനിടയിൽ എന്റെ സ്വപ്നം യാഥാർത്ഥ്യമാക്കണമെന്നുള്ളതുകൊണ്ട് ഞാൻ വേ റൊരു തോട്ടക്കാരനെ നിയമിക്കാൻ തീർച്ചപ്പെടുത്തിയിരിക്കയാണ്. നിങ്ങൾക്കു പോകാം."

മട്ടുപ്പാവിനുമീതെ അരിച്ചെത്തിയ വരണ്ട കാറ്റ് ഏതാനും കരിയിലകളേന്തി പ്ര തിമപോലെ നിശ്ശബ്ദനായി നില്ക്കുന്ന തോട്ടക്കാരന്റെ അടുത്തെത്തി. തോട്ടക്കാരൻ അനങ്ങിയില്ല. അയാൾക്ക് അനങ്ങാനുള്ള ശക്തി നഷ്ടപ്പെട്ടിരുന്നു. പ്രഭു തോട്ടക്കാ രനോടു തുടർന്നു പറഞ്ഞു.

"എനിക്കു നിങ്ങളുടെ കഷ്ടപ്പാടുകൾ അറിയാം. ഈ ജോലി നഷ്ടപ്പെട്ടാൽ നി ങ്ങളുടെ കെട്ടിയവളും മൂന്നു കുട്ടികളും പട്ടിണിയാവുമെന്ന് എനിക്കറിയാം. കാരണം, കഴിഞ്ഞ ഏതാനും മാസങ്ങളായി നിങ്ങൾ ജോലി ചെയ്തു കൊണ്ടിരുന്ന നാലു വീ ടുകളിൽ നിങ്ങളുടെ സേവനം ആവശ്യമില്ലെന്നു പറഞ്ഞ് നിങ്ങളെ പിരിച്ചു വിട്ടതു ഞാനറിയുന്നു. അവിടെയെല്ലാം നിങ്ങൾ പരാജയമായിരുന്നു. അവരെല്ലാം എന്നേ ക്കാൾ മുമ്പു നിങ്ങളുടെ പരാജയം ഗ്രഹിച്ചിരുന്നു. നിങ്ങളുടെ കെട്ടിയവളേയും കുട്ടി കളേയുംപറ്റി എനിക്കനുകമ്പയുണ്ട്. പക്ഷേ, എന്റെ താൽപര്യങ്ങളെ നിലനിർത്തി ക്കൊണ്ടു നിങ്ങളെ ഇനിയും ഇവിടെ നിർത്താൻ കഴിയില്ല."

തോട്ടക്കാരൻ നിശ്ചലനായി, നിശ്ശബ്ദനായി നിന്നു. അയാൾ സ്വയം മനസ്സി ലാക്കിയിട്ടില്ലാത്ത, പ്രാകൃതനായ ഒരു തോട്ടക്കാരനായിരുന്നു. മോശക്കാരനായ പരാജയപ്പെട്ട ഒരു തോട്ടക്കാരൻ.

പ്രഭുവും മട്ടുപ്പാവിൽ നിന്നു. ഇത്രയും പറയുവാനുള്ള അദ്ധ്വാനം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ ക്ഷീണിപ്പിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ കാ ലുകൾക്കു നീങ്ങുവാനുള്ള ശക്തി നഷ്ടപ്പെട്ടിരുന്നു.

അവരുടെ തലയ്ക്കുമുകളിലൂടെ സൂര്യന്റെ ഘോഷയാത്ര കടന്നു പോയി. വെയി ലിൽ പ്രഭു വാടി. തോട്ടക്കാരൻ വാടി. ഭൂമിയിലുള്ള സകല ജീവജാലങ്ങളും വാടി.

പിന്നെ കാറ്റിൽ വാടിയ അപ്പച്ചെടികളുടെ ഗന്ധം അരിച്ചു വന്നപ്പോൾ തോട്ടക്കാരൻ ഉണർന്നു. അയാൾ ഇളകി. അയാൾ തിരിഞ്ഞു നടന്നു. വാടിയ അപ്പച്ചെടികളുടെ ഗന്ധം വന്നിരുന്നതു് അയാളുടെ തോട്ടത്തിൽ നിന്നായിരുന്നു. ഒരു നായയെപ്പോലെ മണം പിടിച്ച് അയാൾ നടന്നു തോട്ടത്തിലെത്തി.

അയാൾ പാപഭാരത്തോടെ തോട്ടത്തിലേക്കു കടന്നു. രാവിലെ മുതൽ നനവില്ലാതെ ഉണങ്ങിക്കിടക്കുന്ന തോട്ടം. എന്തൊരക്രമമാണു താൻ കാണിച്ചതു്? അയാൾ വാത്സല്യത്തോടെ ചെടികളെ നോക്കി. ക്ഷീണിച്ചു വാടിയ അപ്പച്ചെടികളുടെ കുഴഞ്ഞു തൂങ്ങിയ തലകൾ കൈയിലെടുത്തു. മക്കളെ, ഇത്ര വേഗം വാടിയാലോ? അതിനടുത്തുതന്നെ ഒരാഴ്ചമുമ്പു സൂര്യകാന്തിപ്പൂ വിത്തു പാകിയ തടത്തിൽ തഴച്ചു വളരുന്ന ആരോഗ്യമുള്ള പുല്ലുകൾ അയാൾ കൗതുകപൂർവ്വം നോക്കി. പിന്നെ കള്ളിച്ചെടികൾ. അവ തോട്ടത്തിനകത്തും വേലിക്കരുകിലും അചഞ്ചലരായി നിലകൊണ്ടു. വെള്ളമില്ലായ്മ അവർക്ക് ഒരു വിഷമവും ഉണ്ടാക്കുന്നില്ല.

തോട്ടക്കാരൻ തൊട്ടിയെടുത്തു് കിണറ്റു കരയിലേക്കു നടന്നു. വെള്ളം മുക്കി തോട്ടത്തിൽ നന തുടങ്ങി. ചൂടുള്ള മണ്ണിൽ വെള്ളം വീണപ്പോൾ മാദകമായ മണം പൊങ്ങി. സാവധാനത്തിൽ അപ്പച്ചെടികൾ തലയുയർത്തി, ചിരിച്ച്, കാറ്റിലാടി വാസന പുറത്തുവിട്ടു.

അയാൾ ചിരിച്ചു. അയാൾ ചുറ്റും മറന്നു. സ്വയം മറന്നു. തോട്ടത്തിലെ കാടന്മാരായ മക്കളെ അയാൾ പുണർന്നു. അവരെ ഉമ്മ വെച്ചു.

പിന്നെ സൂര്യൻ അസ്തമിക്കാൻ തയ്യാറായപ്പോൾ ആ തോട്ടക്കാരൻ വീണ്ടും പരിസരബോധമുള്ളവനായി ചുറ്റും നോക്കി. മാളികയുടെ മട്ടുപ്പാവിൽ പ്രഭു അനക്കമില്ലാതെ നില്ക്കുന്നു. സൂര്യപ്രകാശം പിന്നിൽനിന്നു വരുന്നതിനാൽ അദ്ദേഹത്തിന്റെ മുഖം വ്യക്തമല്ല. തോട്ടക്കാരൻ ഞെട്ടി. അയാൾ ഓർമ്മിച്ചു. അയാളുടെ ആഹ്ലാദം പറന്നു. ദുഃഖവും പേറി അയാൾ തോട്ടത്തിന്നു പുറത്തു കടന്ന്, മാളികയുടെനേർക്കു നടന്നു. മാളികയുടെ ഔന്നത്യം നിഴൽവിരിച്ച മുറ്റത്തു് അയാൾ നിന്നു; തലയുയർത്തി നോക്കി. പ്രഭുവിന്റെ മുഖം അപ്പോഴും സ്പഷ്ടമല്ല. തലകുനിച്ചുകൊണ്ടു തോട്ടക്കാരൻ പറഞ്ഞു.

“പ്രഭോ! അവിടുന്ന് എന്റെ കുടുംബത്തെപ്പറ്റി പറഞ്ഞതു ശരിയാണ്. എന്റെ കെട്ടിയവളും മക്കളും ഇപ്പോൾത്തന്നെ പകുതിപ്പട്ടിണിയാണ്. അവിടുന്നു തരുന്ന ശമ്പളവും കിട്ടിയില്ലെങ്കിൽ അവർ മുഴുപ്പട്ടിണിയുമാകും. സാരമില്ല. അവർ അങ്ങനെ വളരുന്നതിൽ എനിക്കു വിഷമമില്ല. പക്ഷേ, ഈ തോട്ടം വിട്ടുപോകുന്നതിൽ എനിക്കു സങ്കടമുണ്ട്. അങ്ങ് എനിക്കു ശമ്പളം തന്നില്ലെങ്കിലും വേണ്ടില്ല, ഞാൻ ഈ തോട്ടത്തിൽ പണി ചെയ്തോട്ടെ?”

അയാൾ സ്വയം മനസ്സിലാക്കിയിട്ടില്ലാത്ത പ്രാകൃതനായ ഒരു തോട്ടക്കാരനായിരുന്നു.

— 4 —

## ആശ്വാസം തേടി

ഭക്ഷണശാലയിൽ ചുമരുകളിൽ മറച്ചുവെച്ച സ്പീക്കറിലൂടെ ഒഴുകിവന്ന നേർത്ത സംഗീതം നിലച്ചു. രണ്ടുപേരും നിശ്ശബ്ദരായിരിക്കുകയായിരുന്നെന്ന് അയാൾ പെട്ടെന്നു മനസ്സിലാക്കി. അവളും അതു മനസ്സിലാക്കിയെന്നു തോന്നുന്നു. അവൾ ചിരിച്ചു. അവർ മേശപ്പുറത്തും ഇപ്പുറത്തും അഭിമുഖമായാണ് ഇരുന്നത്. അയാൾക്കതാണിഷ്ടം. കാരണം, ഒരേ വരിയിൽ ഇരുന്നാൽ രണ്ടുപേർക്കും അന്യോന്യം മുഖം കാണാൻ കഴിയില്ല. അവൾ ചുമരിന്റെ പശ്ചാത്തലത്തിലാണ്. വെള്ളച്ചുമർ കടലാസിൽ ചുവപ്പും വയലറ്റും പൂക്കൾ. ഏതു പൂവിനാണ് വയലറ്റുനിറമുള്ളത്?

അവളുടെ മാക്സിയിലും പൂക്കളാണ്. രണ്ടു വലിയ പൂക്കൾ അവളുടെ മാറിടത്തിൽ. അയാൾക്കതിഷ്ടമായി. ഒരു പെൺകുട്ടിയുടെ മുലകൾ രണ്ടു വലിയ പൂക്കൾ പോലെയാണ്, മൃദുവായി ചുംബിക്കാൻ തോന്നുന്നു.

"നീ എന്താണു നോക്കുന്നത്?" ഗീത ചോദിച്ചു.

"രണ്ടു വലിയ ദാലിയാ പൂക്കൾ!" അയാൾ പറഞ്ഞു, "മൃദുവായി, ചുംബിക്കാൻ തോന്നുന്നു..."

അവളുടെ മുഖം നാണംകൊണ്ടു ചുവന്നു.

"നീ എന്തെല്ലാം അസംബന്ധമാണു പറയുന്നത്!."

"കാരണം, ഞാൻ നിന്നെ സ്നേഹിക്കുന്നു."

സംഗീതം വീണ്ടും തുടങ്ങിയിരുന്നു. മധുരമായ നനുത്ത സംഗീതം. അയാൾ ഗീതയെ നോക്കി. അവളുടെ മുഖം മങ്ങിയിരുന്നു. അയാൾ ചോദിച്ചു:

"നീ എന്താണ് ആലോചിക്കുന്നത്!."

അവൾ ചിരിക്കാൻ ശ്രമിച്ചു; പോളിഷ് ഇട്ട നീണ്ട നഖങ്ങളുള്ള വിരലുകൾകൊണ്ടു മേശമേൽ അദൃശ്യ ചിത്രങ്ങൾ വരച്ച് ടവ്വാലപിടിച്ച ഇടതുകൈകൊണ്ടു കവിൾ താങ്ങി അയാളെ നോക്കി.

"ഇതു അവസാനത്തെ തവണയാണ്. ഇനി ഞാൻ നിന്റെ ഒപ്പം പുറത്തു വരില്ല."

"കാരണം?"

അവൾ കേട്ടെന്നു നടിക്കാതെ മെനു തുറന്നുവെച്ച് പഠിക്കുകയാണ്.

"നീ എന്താണു ഓർഡർചെയ്യുന്നത്?"

"ആദ്യം നിന്റെ സിലക്ഷൻ പറയൂ."

"ഞാൻ ഒന്നും കാണുന്നില്ല, ഇതിൽ."

“ഒരു വെജിറ്റേറിയന് കഴിക്കാൻ പറ്റിയ ഒരു ഭക്ഷണശാല ഞാൻ കാണാനിരിക്കുന്നതേയുള്ളൂ. നിനക്കു പറ്റിയതു വല്ല ഉഡുപ്പി റസ്റ്ററണ്ടുമാണ്. ബറ്ററ്റ വട തിന്നാം.”

അവൾ കൊഞ്ഞനം കാട്ടി.

“ഓ, എനിക്കു കിട്ടി. ഞാൻ ചീസ് സാന്റ്‌വിച്ച് കഴിക്കാം.”

“പാവം, പാവം നീത!” അയാൾ പറഞ്ഞു, “പുവർ ഗാൾ! നിനക്ക് ഒരു സൂപ്പിന്റെ മേലെങ്കിലും തുടങ്ങാമായിരുന്നില്ലെ?”

“കലോറി!” അവൾ പറഞ്ഞു, ഞാൻ വെറും സാന്റ്‌വിച്ചും കേക്കും മാത്രമേ കഴിക്കുന്നുള്ളൂ. എന്റെ വയറൻ ബോയ്ഫ്രണ്ട് എന്താണു കഴിക്കുന്നത്?”

“ചിക്കൻ സിസ്‌ലർ. അതു തണുപ്പിക്കാൻ ഒരു ബിയറും.”

ഓർഡർ കൊടുത്തശേഷം അയാൾ ചോദിച്ചു:

“നീ മറുപടി പറഞ്ഞില്ല?”

“എന്തിന്റെ മറുപടി?”

“നീ എന്റെ ഒപ്പം ഇനി പുറത്തു വരില്ലെന്നതിന്റെ കാരണമെന്താണെന്ന്.”

“കാരണം?”

“അതെ, പറയൂ.”

“കാരണം, ഞാൻ നീയുമായി പ്രണയത്തിലകപ്പെട്ടുമെന്ന ഭയം തന്നെ.”

അയാൾ ആശ്വസിച്ചു. അയാൾ ചിരിച്ചു.

“പ്രേമിക്കുന്നതിലെന്താണു തെറ്റ്? നല്ലതല്ലേ?”

“എനിക്ക് ഒരു വിവാഹിതനുമായി പ്രേമത്തിലകപ്പെടണമെന്നില്ല”,

അവൾ വളരെ മയത്തോടെ, പക്ഷേ, അതേ സമയം തന്റെ വാക്കുകൾ അയാളെ മുറിവേല്പിക്കുമെന്ന അറിവോടെ പറഞ്ഞു.

അയാൾ നിശ്ശബ്ദനായി. അയാൾക്കു ശരിക്കും മുറിവേറ്റിരുന്നു. താൻ വിവാഹിതനാണെന്നും, തന്റെ സുന്ദരിയും ചെറുപ്പക്കാരിയുമായ ഭാര്യ ഒരായിരം നാഴിക അകലെ തന്നെയോർത്ത് നെടുവീർപ്പിടുന്നുണ്ടാവുമെന്നും തൽക്കാലം ഓർക്കുവാൻ അയാൾ ഇഷ്ടപ്പെട്ടിരുന്നില്ല.

അയാളുടെ കണ്ണുകളിലെ മുറിവേറ്റ ഭാവം അവൾ മനസ്സിലാക്കി. അവൾ പറഞ്ഞു:

“അയാം സോറി രോഹിത്! ഞാൻ അതുദ്ദേശിച്ചതല്ല.”

“സാരമില്ല. ഇതിലും നന്നായി ഒന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല.”

“അതല്ല രോഹിത്, ഒന്നു മനസ്സിലാക്കാൻ ശ്രമിക്കൂ. എനിക്കു നീയുമായി ഒരു അഫയർ തുടങ്ങണമെന്നില്ല പ്രത്യേകിച്ചും വേറൊരാളുമായി എൻഗേജ്മെന്റ് കഴിഞ്ഞശേഷം. നിനക്ക് എന്റെ ജീവിതം സങ്കീർണ്ണമാക്കണോ? അതുപോലെ നിന്റെ ജീവിതവും? സുജാത എത്ര ചന്തക്കാരിയാണ്. അവൾ നിന്നെ ഭ്രാന്തമായി സ്നേഹിക്കുന്നുണ്ടെന്നും എനിക്കറിയാം. അവൾക്ക് എന്നെയും ഇഷ്ടമാണ്. നിനക്ക് അവളെ വഞ്ചിക്കണോ? ഞാൻ എന്നെ വിവാഹം കഴിക്കാൻ സമ്മതിച്ച പയ്യനെ വഞ്ചിക്കണോ!.”

അയാൾ നെടുവീർപ്പിട്ടു. അയാൾക്ക് ഒന്നും പറയാനില്ലാതായി. രാവിലെ മുതൽ കാട്ടിൽ വഴിയന്വേഷിച്ചു നടന്നു വൈകുന്നേരം തുടങ്ങിയിടത്തുതന്നെ എത്തിയ പോലെ. രണ്ടുപേരെ ഒരേ സമയത്തു സ്നേഹിക്കുന്നത് കുറ്റമല്ലെന്നും, ശരിക്കും

അങ്ങിനെ ചെയ്യാൻ പറ്റുമെന്നും കുറെക്കാലമായി അവളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയായിരുന്നു അയാൾ. നീത അവളുടെ പ്രതിശ്രുതനെ സ്നേഹിക്കുന്നുണ്ടാകുമോ? അയാൾ ചോദിച്ചു:

"നീ ദിനേശ് ആര്യയെ സ്നേഹിക്കുന്നുണ്ടോ?"

"ഇല്ല", അവൾ പറഞ്ഞു, പക്ഷേ, ഞാൻ ദിനേശിനെ സ്നേഹിച്ചേക്കും. കാരണം, അയാൾ ചന്തക്കാരനാണ്. പിന്നെ അയാൾ എന്നെ വിവാഹം ചെയ്യാമെന്ന് ഏറ്റതല്ലേ?"

മുമ്പ് പരിചയമില്ലാത്ത ഒരു പെൺകുട്ടിയെ വിവാഹം ചെയ്യാമെന്നേല്ക്കുന്നതിൽ കുറച്ചു ത്യാഗമുണ്ട്. സ്വകാര്യമായ അട്ടപ്പം ഉണ്ട്. അയാൾക്കതു മനസ്സിലായി.

വെയ്റ്റർ ബിയർ കൊണ്ടുവന്ന് മഗ്ഗിൽ ഒഴിച്ചു. മഗ്ഗിന്റെ അടിയിൽനിന്നു ചെറിയ കുമിളകൾ നിമിഷനേരത്തെ സംശയത്തിനു ശേഷം പൊന്തിവരുന്നത് അയാൾ സംതൃപ്തിയോടെ നോക്കി.

"നീ എന്നെ സ്നേഹിക്കുന്നില്ലേ?" അയാൾ ചോദിച്ചു. അവൾ തന്നെ സ്നേഹിക്കുന്നുണ്ടെന്നും, അതു പക്ഷേ, സമ്മതിച്ചുതരാൻ അവൾ തയ്യാറാവില്ലെന്നും അറിഞ്ഞുകൊണ്ടുതന്നെ. ഒരു പെൺകുട്ടി തന്നെ സ്നേഹിക്കുന്നുണ്ടോ എന്നു മനസ്സിലാക്കാൻ എത്ര എളുപ്പമാണോ, അത്രതന്നെ വിഷമമാണ് ആ കാര്യം അവളെകൊണ്ടു സമ്മതിപ്പിക്കുന്നത്.

അവൾ മൈക്കു പിടിച്ചു പാടാൻ തയ്യാറായി നില്ക്കുന്ന പാട്ടുകാരൻ പയ്യനെ നോക്കുകയായിരുന്നു. പയ്യൻ സുന്ദരനാണ്. അയാൾക്ക് ടോം ജോൺസിന്റെ മുഖച്ഛായയുണ്ടായിരുന്നു.

"അയാൾ നല്ല ഉയരമുണ്ട്."

"അയാളുടെ ശബ്ദവും നന്ന്", അയാൾ പറഞ്ഞു.

മൈക്ക് ചുണ്ടോടടുപ്പിച്ച് പാട്ടുകാരൻ പറഞ്ഞു.

"ചെക്ക് വൺ."

"ചെക്ക് വൺ!" രോഹിത് പറഞ്ഞു, "എന്നും ചെക്ക് വൺ!."

"എത്ര മണിക്കാണ് പാട്ടു തുടങ്ങുക?"

"രണ്ടു മണിക്ക്."

"സമയമായി."

സ്പീക്കറിലൂടെ അലയടിച്ചുവന്നിരുന്ന റെക്കോർഡ് സംഗീതം എപ്പോഴാണു നിലച്ചതെന്ന് അയാൾ ശ്രദ്ധിച്ചിരുന്നില്ല.

വെയ്റ്റർ വന്നു ഭക്ഷണസാധനങ്ങൾ കൊണ്ടുവരുന്നതിന്റെ മുന്നോടിയായി മേശ ഒരുക്കിവെച്ചു. അയാൾ മഗ്ഗിൽനിന്നു തണുത്ത ബിയർ മൊത്തിക്കുടിച്ചു.

"എനിക്കു ഗ്ലാസ്സിൽ ബിയർ കുടിക്കുന്നതിഷ്ടമല്ല", അയാൾ പറഞ്ഞു, "ഒരിക്കൽ ഒരു വെയ്റ്റർ ഗ്ലാസ്സിൽ കൊണ്ടു വന്നു തന്നു. ഞാൻ കുടിച്ചില്ല."

"നീ ജോൺ വെയ്നിന്റെ മൂവികൾ ധാരാളം കാണുന്നുണ്ട്."

"ജോൺ വെയ്ൻ കട്ടയാണ്."

"കട്ട എന്നു പറഞ്ഞാൽ?" അവൾ ചോദിച്ചു.

"ഗ്രെയ്റ്റ് ഗൈ!."

അവൾ ചിരിച്ചു.

അപ്പോഴേക്കും റെസ്റ്റോറണ്ടിന്റെ സർവീസ് വാതിൽ തുറന്ന വെയ്റ്റർ ആവിയും പുകയും പറക്കുന്ന, ശ് ശ് ശബ്ദമുണ്ടാക്കുന്ന താലവുമായി ഓടിവന്നു.

"ഹായ്, എന്റെ ഫേവറിറ്റ് സിസ്‌ലർ!."

മരത്തിന്റെ കൊച്ചു പീഠത്തിൽവെച്ച ചുട്ട കല്ലിൽ ആണ് കോഴി കിടന്നിരുന്നത്. വേറൊരു വെയ്റ്റർ നീതയ്ക്കുള്ള ചീസ് സാന്റ്‌വിച്ച് മേശപ്പുറത്തു വെക്കുന്നതുകണ്ട് രോഹിത് പറഞ്ഞു.

"പുവർ, പുവർ നീതാ."

അയാൾ ഭക്ഷണമാരംഭിച്ചു. ഫോർക്കുകൊണ്ട് ഓരോ കഷണവും കോരിയെടുത്ത് ആസ്വദിച്ചു കഴിച്ചു.

"അതു ചൂടല്ലേ?" അപ്പോഴും ആവി പറന്നിരുന്ന പാത്രത്തിൽ നോക്കി നീത ചോദിച്ചു.

"ഉണ്ട്. എനിക്കതാണിഷ്ടം. തണുത്ത ഒന്നും എനിക്കിഷ്ടമല്ല."

"എന്നാൽ എന്നേയും ഇഷ്ടമാവില്ലല്ലോ! ഞാനൊരു തണ്ണീർമത്തൻ പോലെ തണുത്തിട്ടല്ലേ?"

"നീ നല്ല ചൂടുള്ളതാണ്. വേണമെങ്കിൽ നമുക്കു പരീക്ഷിച്ചു നോക്കാം."

"നീ തെറിയൊന്നും പറയണ്ടാ", അവൾ മുഖം വീർപ്പിച്ചു.

"നീ തന്നെയാണ് തുടങ്ങിവെച്ചത്!."

"ശരി, സമ്മതിച്ചു."

അവർ നിശ്ശബ്ദരായി ഭക്ഷണം കഴിച്ചു. അവൾ ജലകണങ്ങൾ മുത്തുമണികൾപോലെ തങ്ങിനിന്ന ഗ്ലാസ്സിൽ നിന്ന് സ്‌ട്രോ ഉപയോഗിച്ചു കൊക്കകോല കുടിക്കുന്നത് അയാൾ നോക്കി.

"നിന്റെ ചുണ്ടുകൾ എത്ര മനോഹരങ്ങളാണ്!."

നീതയുടെ മുഖത്തെ ഗൗരവം മാഞ്ഞു. അവൾ ചിരിച്ചു.

"നീ മുഖസ്തുതി പറയുകയാണ്. നീ ഒരു ഭയങ്കര മുഖസ്തുതിക്കാരനാണ്."

"അല്ല, നീതാ, നിന്റെ ചുണ്ടുകൾ മാത്രമല്ലാ, ഓരോ അവയവവും മനോഹരങ്ങളാണ്. നീ ഒരു കൊച്ചു സുന്ദരിയാണ്. എനിക്കു നിന്നെ കുറച്ചു നേരത്തേക്കെങ്കിലും സ്വന്തമാക്കാൻ കഴിഞ്ഞെങ്കിൽ!."

പാട്ടുകാരൻ പാടുകയായിരുന്നു. "യൂവ് ഗോട് ടു ചേഞ്ച് യുവർ ഈവ്ൾ വേയ്സ്." ഡ്രമ്മർ അയാളുടെ കഴിവു മുഴുവൻ കാട്ടുന്നുണ്ട്. സംഗീതം ആകപ്പാടെ മോശമായിരുന്നില്ല. അയാൾക്ക് നീതയെ സ്വന്തമാക്കണമെന്ന ആശ മനസ്സിൽ സമ്മർദ്ദമുണ്ടാക്കുന്നത് അനുഭവപ്പെട്ടു. അവളെ കൈകളിൽ വരിഞ്ഞു ചുംബിക്കാറുള്ളത് ഓർമ്മവന്നു. അതെല്ലാം കട്ടെടുത്ത ഉമ്മകളാണ്. അവളുടെ ഓഫീസ് കെട്ടിടത്തിന്റെ ലിഫ്റ്റിനുള്ളിൽ, അല്ലെങ്കിൽ ബസ്സു കാത്തുനില്ക്കുമ്പോൾ, വിജനമായ ബസ്‌സ്റ്റോപ്പിൽ. ഓരോ പ്രാവശ്യവും വികൃതികാട്ടിയ ഒരു കുട്ടിയെപ്പോലെ അയാളെ തന്നിൽനിന്നകറ്റി അവൾ പറയും: "നീ എന്റെ പൊട്ടു കേടുവരുത്തി, കള്ളച്ചെക്കൻ!" അല്ലെങ്കിൽ തന്റെ ചെവിപിടിച്ചു പറയും: "ഇനി കാണിക്കുമോ വികൃതിച്ചെക്കാ?"

"സുജാത നല്ല ഭംഗിയുള്ള കുട്ടിയല്ലേ? അവൾ നിന്നെ നല്ലവണ്ണം സ്നേഹിക്കുന്നുണ്ടല്ലോ. നീ വളരെ അത്യാർത്തിയുള്ളവനാണ്. നീ ഒരു പെൺകുട്ടിയിൽത്തന്നെ സംതൃപ്തനാവണം."

ഒരു ജ്യേഷ്ഠത്തിയുടെ ഗൗരവം പൂണ്ടുകൊണ്ട് അവൾ പറഞ്ഞു.

"സുജാതയ്ക്ക് ഭംഗിയില്ലെന്നു ഞാൻ പറഞ്ഞില്ല. അവൾ എന്നെ സ്നേഹിക്കുന്നില്ലെന്നും ഞാൻ പറഞ്ഞില്ല. പക്ഷേ, അതുകാരണം എനിക്കു വേറൊരു പെൺകുട്ടിയെ സ്നേഹിക്കാൻ പാടില്ല എന്നു പറയുന്നതിനർത്ഥം? ഞാൻ സുജാതയെ സ്നേഹിക്കുന്നില്ലെന്നു വിചാരിക്കുന്നുണ്ടോ?"

"ഇല്ല. എനിക്കറിയാം, നിനക്കു സുജാതയെന്നുവെച്ചാൽ ജീവനാണെന്ന്."

"പക്ഷേ, നിനക്ക് എങ്ങനെയാണ് രണ്ടു പേരെ ഒരേ മാതിരി സ്നേഹിക്കാൻ കഴിയുക? രോഹിത്, ഒന്നാലോചിക്കു. ഒരാൾക്കുള്ള സ്നേഹം മുഴുവൻ അയാളുടെ ഭാര്യയ്ക്കു കൊടുക്കണം. അവൾക്കു സ്നേഹം വേറൊരു സ്ഥലത്തുനിന്നും വരാനില്ല. എന്നുവെച്ചാൽ സ്നേഹത്തിന് സുജാത നിന്നെ മാത്രം ആശ്രയിക്കുന്നു എന്നർത്ഥം."

"ഒന്നു മനസ്സിലാക്കാൻ ശ്രമിക്കൂ." അയാൾ നൈരാശ്യത്തോടെ പറഞ്ഞു, "ഒരാൾക്ക് രണ്ടു പേരെ ഓരേ പോലെ ഒരേ സമയത്ത് സ്നേഹിക്കാം. ഞാൻ നിനക്ക് ഒരു നോവലിന്റെ പാര ഉദ്ധരിച്ചുതന്നത് ഓർമ്മയുണ്ടോ?"

അവൾക്ക് ഓർമ്മയുണ്ട്. ആ പാര അവൾ മനഃപാഠമാക്കിയിരുന്നു. "ആൻഡ്രിയാ, ഒരാൾക്ക് ഒന്നിലധികം പേരെ ഒരേസമയത്തു സ്നേഹിക്കാൻ കഴിയും. ഈ വസ്തുത മനസ്സിലാക്കാതെയാണ് ആൾക്കാർ ജീവിതം കോംപ്ലിക്കേറ്റഡ് ആക്കുന്നത്."

"ഞാൻ അതിൽ വിശ്വസിക്കുന്നില്ല. നിനക്കു കുറെ ഭ്രാന്തൻ ആശയങ്ങൾ ഉണ്ടെന്നുവെച്ച്, ബാക്കിയുള്ള വരെല്ലാം അതിൽ വിശ്വസിക്കണമെന്നില്ലല്ലോ. ഞാൻ നിന്റെ സ്നേഹിതയാണ്, സുജാതയുടെയും. അതിൽക്കൂടുതലായൊന്നും വേണ്ട. ഞാൻ നീയുമായി ഒരു അഫേർ തുടങ്ങിയെന്ന് സുജാതയറിഞ്ഞാൽ എന്തായിരിക്കും സ്ഥിതി?"

പെട്ടെന്ന് അയാൾ ഭാര്യയെ ഓർത്തു. തന്നെ ഒരിക്കലും സംശയിച്ചിട്ടില്ലാത്ത ഭാര്യ. വീർത്ത വയറുമായി തന്റെ ചുമലിൽ തൂങ്ങി നടക്കുമ്പോൾ അവൾ പറയും: "നോക്കു, നമുക്കൊരു പെൺകുട്ടിയാണുണ്ടാവുന്നതെങ്കിൽ നീതാ എന്നു പേരിടാം ആൺകുട്ടിയാണെങ്കിൽ അച്ഛൻ തന്നെ പേരിട്ടോളൂ. ആൺകുട്ടിയാവുമെന്നാണു തോന്നുന്നത്. നോക്കൂ, ചെക്കൻ ചവിട്ടുന്നത്."

അയാൾ അവളുടെ വയർ തൊട്ടുനോക്കി. ഇരുവശത്തും മുഴകൾ താഴുകയും ഉയരുകയും ചെയ്യുന്നു. പിന്നെ രാത്രി കിടക്കുമ്പോൾ അയാൾ അവളുടെ വയറിൽ ഉമ്മവെച്ചു പറഞ്ഞു, "മോനെ അമ്മയെ വേദനിപ്പിക്കല്ലെ?"

നീത സാന്റ്‌വിച്ച് അവസാനത്തെ കഷ്ണം കുറേശ്ശ കടിച്ചു തിന്നുകയാണ്. രോഹിത് ഭക്ഷണം കഴിഞ്ഞു ബീയർ മൊത്തുകയായിരുന്നു.

പെട്ടെന്ന് അയാൾക്ക് ഏകാന്തത തോന്നി. തൊട്ടു മുമ്പിലിരിക്കുന്ന നീത കൂടി വളരെ അകലത്താണ്. വിവാഹത്തിനു മുമ്പ് അയാൾ സ്നേഹിച്ചിരുന്ന പെൺകുട്ടികളെയെല്ലാം അയാൾ ഓർത്തു. തനിക്ക് കുറെ ദുഃഖം മാത്രം സമ്മാനിച്ചു കടന്നുപോയവർ. ഓരോ സ്നേഹബന്ധത്തിൽ നിന്നും കുതറി ഓടിയപ്പോൾ അയാൾ കൂടുതൽ ഏകാകിയായി. ലോകത്തിൽ ഒരു പെൺകുട്ടിക്കും തന്റെ ഹൃദയത്തിൽ മുഴുവൻ കടന്നുവരാൻ കഴിയില്ലെന്ന് അയാൾക്കു തോന്നി.

"നീ എന്താണ് ആലോചിക്കുന്നത്?" നീത ചോദിച്ചു.

"ഞാൻ വളരെ ഏകാകിയാണ്."

“നോക്ക്, സുജാത പ്രസവിച്ചുവന്നാൽ നിന്റെ ഏകാന്തതയെല്ലാം മാറും. അവൾ ഒരു കൊച്ചു പയ്യനുമായാണു വരുക. പിന്നെ നീ നിന്റെ പെറ്റ് ഏകാന്തതയ്ക്കുവേണ്ടി വേറെ വല്ല സ്ഥലത്തും അന്വേഷിച്ചു പോകേണ്ടിവരും.”

“നിനക്കറിയാമോ സുജാത ഒപ്പമുള്ളപ്പോൾക്കൂടി ഞാൻ ഏകനായിരുന്നു. അവൾ എന്നെ സ്നേഹിക്കുന്നുണ്ട്. പക്ഷേ, എന്റെ സ്നേഹത്തിന്റെ ഒരംശം മാത്രമേ അവൾ തിരിച്ചു തരുന്നുള്ളൂ. അവളെ ഞാൻ കുറ്റപ്പെടുത്തുകയില്ല. അവൾ അച്ഛന്റെ ഏകപുത്രിയാണ്. മാത്രമല്ല, ആ വീട്ടിലെ ആകെയുള്ള ഒരു പെൺകുട്ടിയുമാണ്. ലാളനയിൽമാത്രം വളർന്നവൾ. സ്നേഹം എല്ലാവരുടെ കൈയിൽ നിന്നും വാങ്ങാന ല്ലാതെ തിരിച്ചു കൊടുക്കാൻ അവൾ പഠിച്ചിട്ടില്ല.”

അവൾ മാത്രമല്ല, ഞാൻ പരിചയപ്പെട്ട, സ്നേഹത്തിലായിട്ടുള്ള എല്ലാ പെൺ കുട്ടികളും അതുപോലെയാണ്. നീയടക്കം. ഞാൻ കൊടുക്കുന്നതൊന്നും എനിക്കു തിരിച്ചുകിട്ടുന്നില്ല. സ്നേഹത്തിന്റെ വ്യാപാരങ്ങളിലെല്ലാം ഞാൻ ഒരു നഷ്ടക്കച്ചവട ക്കാരനാണ്.”

“നീ എന്നെ ദുഃഖിതയാക്കുന്നു രോഹിത്. നീയുമായുള്ള ഒരു കൊല്ലത്തെ പരിചയത്തിൽനിന്ന് നീ വാസ്തവമേ പറയൂ എന്നെനിക്കറിയാം. പക്ഷേ, എനി ക്കു നിന്നെ സത്യമായും സഹായിക്കാൻ കഴിയില്ല. എനിക്കു നിന്നോട് അനുക മ്പയുണ്ട്.”

“എനിക്ക് ആരുടെയും അനുകമ്പ വേണ്ടാ. സ്നേഹമാണാവശ്യം. അതു തരാൻ കഴിയില്ലെങ്കിൽ പിന്നെ എന്റെ ജീവിതത്തിൽനിന്നു കടന്നുപോകൂ.”

വെയ്റ്റർ അടുത്തുവന്നു താഴ്ന്നു ചോദിച്ചു. “ഡെസ്സർട്ട് സർ!.”

രോഹിത് ശാന്തത ഭാവിച്ചു. ഡെസ്സർട്ട്. നീതയോടു ചോദിക്കേണ്ട ആവശ്യ മില്ല. അവൾക്ക് എന്താണിഷ്ടമെന്ന് അയാൾക്കറിയാം. അയാൾ പറഞ്ഞു. “ഒരു ത്രീ–ഇൻ–വൺ ഐസ്ക്രീം ഇവൾക്ക്. എനിക്ക് ഫ്രെഷ് പൈനാപ്പ്ൾ.”

“ഫ്രെഷ് പൈനാപ്പ്ൾ കിട്ടില്ല സർ. ടിൻ ചെയ്തതു കൊണ്ടുവരട്ടെ?”

“വേണ്ട. ഒരു ബീയർക്കൂടി തരൂ.”

വെയ്റ്റർ പോയിക്കഴിഞ്ഞപ്പോൾ അയാൾ നീതയെ നോക്കി. അവൾ അയാ ളെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. കൺപീലികൾ നനഞ്ഞിരുന്നു. നോ ക്കിക്കൊണ്ടിരിക്കെ അവളുടെ കണ്ണിൽനിന്ന് ഒരു കണ്ണീർക്കണം അടർന്നു തുടുത്ത കവിളിലൂടെ ഒലിച്ചിറങ്ങി.

അവളുടെ കണ്ണീർ ഒപ്പി, കവിളിലും കണ്ണിലും ഉമ്മവെക്കാൻ അയാൾക്ക് ആവേ ശം തോന്നി. തങ്ങൾ ആരുമില്ലാതെ ഒറ്റയ്ക്ക് ഒരു മുറിയിലാണെങ്കിലെന്ന് അയാൾ ആശിച്ചു. അയാൾ പറഞ്ഞു:

“അയാം സോറി, നീത.”

“സാരമില്ല രോഹിത്.” ടുവാലകൊണ്ടു കണ്ണുതുടച്ച് അവൾ പറഞ്ഞു. “എനി ക്കു നിന്നെ മനസ്സിലാക്കാൻ പറ്റും. അതുപോലെ നീയും എന്നെയൊന്നു മനസ്സി ലാക്കാൻ ശ്രമിക്കൂ. ദിനേശുമായി എൻഗേജ്മെന്റ് കഴിഞ്ഞ് ഞാൻ ഒരിക്കൽക്കൂടി അയാളോടൊപ്പം പുറത്തു പോയിട്ടില്ല. പോയിട്ടില്ലെന്നു പറഞ്ഞുകൂടാ. ഒരിക്കൽ ഞങ്ങൾ രണ്ടുപേരുംകൂടി അയാളുടെ ആന്റിയുടെ വീട്ടിൽ പോയി. അത്രമാത്രം. പിന്നെയെല്ലാം അയാൾ വീട്ടിൽ വന്നു സംസാരിക്കുകയേയുള്ളൂ. അയാൾ വളരെ ലജ്ജാശീലനാണ്. എത്ര കുറച്ചേ സംസാരിക്കാറുള്ളൂ. എന്റെ കസിൻ പറയാറുണ്ട്.

ദിനേശ് ഒരു വൺവുമൻമാനാണെന്ന തോന്നുന്നു. നീ അയാൾക്കു നിന്റെ സ്നേഹം മുഴുവൻ കൊടുക്കൂ. നിനക്ക് അയാളെ സന്തോഷവാനാക്കാം."

"അയാൾ എന്നെ ചുംബിച്ചിട്ടുകൂടിയില്ല. എല്ലാം വിവാഹത്തിനു ശേഷം മതിയെന്നു വെച്ചിട്ടാവാം."

നീ ദിനേശ് ആര്യയെപ്പറ്റി പറഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. ഇങ്ങനെ ഒരു എൻഗേജ്മെന്റ് നടന്നു വെന്നതല്ലാതെ അയാളെപ്പറ്റി ഒന്നും നീ പറഞ്ഞിരുന്നില്ല."

"നീ ചോദിച്ചതുമില്ല. എൻഗേജ്മെന്റിന് ഞാൻ ക്ഷണക്കത്തയച്ചിട്ടും നീ വന്നില്ലല്ലോ. അതുകൊണ്ട് നിനക്കിഷ്ടമാവില്ലെന്നു വിചാരിച്ചു."

"ഞാൻ സ്ഥലത്തുണ്ടായിരുന്നില്ല" എന്നു പറഞ്ഞു.

സാരമില്ല. അതല്ലാ ഞാൻ പറഞ്ഞുകൊണ്ടുവരുന്നത്. ദിനേശ് ജീവിതത്തിൽ എന്നെ മാത്രമെ സ്നേഹിച്ചിട്ടുള്ളൂ. അപ്പോൾ എന്റേതായിട്ടുള്ളതെല്ലാം അയാൾക്ക് കെടുക്കേണ്ട ബാദ്ധ്യതയില്ലെ എനിക്ക്?"

"ഞാൻ ദിനേശിനെയല്ലാതെ വേറെയാരെയെങ്കിലും സ്നേഹിച്ചിട്ടുണ്ട്, അവരുമായി സന്തോഷത്തിന്റെ നിമിഷങ്ങൾ കൈമാറിയിട്ടുണ്ട് എന്നു വിവാഹദിവസമോ പിന്നീടോ അറിഞ്ഞാൽ അയാളുടെ ജീവിതം തകർന്നു പോകും. അത്ര ലോലമാണയാളുടെ ഹൃദയം. നിനക്കയാളുടെ ജീവിതം നശിപ്പിക്കണമോ? എന്റെ ജീവിതവും?"

ഐസ്ക്രീമും ബിയറും എത്തി, അയാൾ വെയ്റ്ററെ പറഞ്ഞയച്ചു. ബിയർ സ്വയം മഗ്ഗിലേക്കൊഴിച്ചു. അയാൾക്ക് ബിയറായിരുന്നില്ല ആവശ്യം. ബോധം മറയും വരെ കുടിക്കുകയായിരുന്നു ആവശ്യം. ഹോട്ടലിൽത്തന്നെ എട്ടാം നിലയിൽ ബാറുള്ളത് അയാൾക്ക് ഓർമ്മവന്നു.

"ഇവരുടെ ബാർ എട്ടാം നിലയിലാണ്." അയാൾ പറഞ്ഞു, "നമുക്കവിടെ പോകാമായിരുന്നു."

നീത ഒന്നും പറയാതെ ഇരുന്നു. സംഗീതം നിന്നുവെന്നും സംഗീതജ്ഞന്മാർ ഒരു മേശക്കു ചുറ്റുമിരുന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങിയെന്നും അയാൾ കണ്ടു. പെട്ടെന്ന് അയാൾക്ക് അവരോടു കഠിനമായ അനുകമ്പ തോന്നി. അവർ മേശമേൽ കുനിഞ്ഞിരുന്നു നിശ്ശബ്ദരായി ഭക്ഷണം കഴിക്കുകയായിരുന്നു. ഓരോരുത്തരും അവരവരുടെ കൊച്ചുലോകങ്ങളിൽ മുഴുകിയിരിക്കുന്നു. ഏതാനും നിമിഷങ്ങൾക്കുമുമ്പ് അവരുടേതായി ഒരു ലോകമേ ഉണ്ടായിരുന്നുള്ളൂ: സംഗീതം. ആ ലോകം പ്രകാശമയമാക്കുവാൻ അവൻ അവരുടെ വൈദഗ്ദ്ധ്യം മുഴുവൻ പ്രകടിപ്പിച്ചു. ഇപ്പോൾ അവർ ഉപേക്ഷിച്ചിട്ടു പോയ അവരുടെ വാദ്യോപകരണങ്ങൾ അതാതിന്റെ സ്ഥാനത്ത് ഏകരായി, നിശ്ശബ്ദരായി നിന്നു. അതു വേദനാജനകമായിരുന്നു.

നീത ഐസ്ക്രീം കഴിച്ചിരുന്നില്ല. അയാൾ കണ്ണു കൊണ്ടു ചോദിച്ചു. അവൾ ഒന്നും പറയാതെ ചുമൽ കുലുക്കി. പിന്നെ സ്പൂൺകൊണ്ട് ഐസ്ക്രീം തിന്നാൻ തുടങ്ങി. നീത അയാളെ സംബന്ധിച്ചിടത്തോളം ഒരു പ്രഹേളിക ആയിരുന്നു. അവൾ അയാളെ ആശക്കും നിരാശക്കുമിടയിൽ ചാഞ്ചാടിച്ചു. സ്നേഹത്തിനും വെറുപ്പിനുമിടയിലുള്ള ഓരോ നിമിഷവും അവളെ പ്രാപിക്കാനുള്ള അഭിനിവേശം അയാളിൽ കൂടി വന്നു.

അയാൾ ചോദിച്ചു: "നമുക്ക് ഒരു മൂവിക്ക് പോകാം. സമയം മൂന്നരയായിട്ടേയു ള്ളൂ. ഈറോസിൽ ടെയ്ൻ റോബേഴ്സ് ആണ്."

"സാധാരണപോലെ, ജോൺ വെയ്ൻ മൂവി അല്ലെ?"

അയാൾ തലയാട്ടി.

അയാൾ ആശിച്ചു. ഒരു പക്ഷേ, അവൾ സമ്മതിച്ചേക്കും. ഒരു ഇരുണ്ട സിനി മാഹാളിൽ രണ്ടുപേർക്കും കൂടുതൽ ധാരണയുണ്ടാകും. ഒരുപക്ഷേ, അയാൾക്കവ ളെ പറഞ്ഞു മനസ്സിലാക്കാൻ കഴിഞ്ഞേക്കും. അയാൾ വീണ്ടും ചോദിച്ചു. "നമുക്കു പോകാം, അല്ലെ? ഇനി പതിനഞ്ചു മിനിറ്റിനുള്ളിൽ മൂവി തുടങ്ങും."

"ഇല്ല", അവൾ പറഞ്ഞു, "ഞാനില്ല നിന്റെ കൂടെ. ഇനി മുതൽ നിന്റെ കൂടെ ഒരു സ്ഥലത്തും ഞാൻ വരുന്നില്ല. നീ എനിക്ക് ലഞ്ചും ഡിന്നറും തരും, മൂവിക്കു കൊ ണ്ടു പോകും. എന്നിട്ട് അതിനെല്ലാം പകരം നീ എന്നിൽ നിന്ന് പലതും പ്രതീക്ഷിക്കു ന്നു. ചിലപ്പോൾ എനിക്കുതരാൻ കഴിയാത്തതുകൂടി. ഞാൻ വളരെ വ്യസനിക്കുന്നു രോഹിത്!."

വീണ്ടും നിരാശയിലേക്ക് അയാൾ നെടുവീർപ്പിട്ടു. നീത ഇന്നു സമ്മതിക്കുമെ ന്ന് അയാൾക്ക് ഒരു മാതിരി ഉറപ്പുണ്ടായിരുന്നു. ഇപ്പോഴോ? അയാൾ നിശ്ശബ്ദനാ യി. ഇനി ഒന്നും ചെയ്യാനില്ല. പുറത്തു കടക്കാം. വീട്ടിലേക്കു പോകാം. വഴിക്കു നീത യെ അവളുടെ വീട്ടിൽ ഡ്രോപ്പു ചെയ്യാം. വീട്ടിലെ ഏകാന്തതയിൽ വീണ്ടും വേദനിച്ചു കിടക്കാം. അയാൾ നീതയെ നോക്കി. അവളുടെ മുഖത്തെ ഭാവം എന്താണെന്നു മനസ്സിലാക്കാൻ വിഷമം. അവളുടെ കവിളുകൾ തുടുത്തു കനത്തിരുന്നു.

"സാരമില്ല നീതാ. എനിക്കിതു പണ്ടേ മനസ്സിലാവേണ്ടതാണ്. ഈ ഏകാ ന്തത എന്റെ കൂടപ്പിറപ്പാണ്. ഒരു പെൺകുട്ടിക്കും അതിനെ എന്നിൽ നിന്നകറ്റാൻ കഴിയില്ല."

ഞാൻ ഒരു പയ്യനായിരിക്കുമ്പോഴും അതെന്റെ കൂടെയുണ്ടായിരുന്നു. സ്കൂളില്ലാ ത്ത ദിവസങ്ങളിൽ ഭക്ഷണം കഴിഞ്ഞു് എല്ലാവരും കൂടിയിരുന്ന് സംസാരിക്കാൻ തുടങ്ങുമ്പോൾ ഞാൻ വീടുവിട്ട് പുറത്തിറങ്ങാറുണ്ട്. പുറത്തു മരങ്ങൾക്കിടയിൽ വാ ടിയ അപ്പച്ചെടികൾ എനിക്ക് ആശ്വാസമരുളുമെന്ന ധാരണ ക്രമേണ ഇല്ലാതാകും. വൈകുന്നേരം സൂര്യരശ്മികൾ മഞ്ഞയായി മാറുമ്പോൾ, തണുത്ത കാറ്റു വീശാൻ തു ടങ്ങുമ്പോൾ, മഞ്ഞക്കിളികൾ അസ്വസ്ഥരാവുമ്പോൾ, ഞാൻ അപ്പോഴും കിട്ടിയിട്ടി ല്ലാത്ത ആശ്വാസവും തേടി നടക്കുകയായിരിക്കും. തേടിക്കൊണ്ടിരിക്കുന്നതു വള രെ ദൂരെ അപ്രാപ്യമാണെന്നു മനസ്സിലാവുമ്പോൾ, ഞാൻ വല്ല മരത്തിന്റെയും ചു വട്ടിൽ ചാരിയിരുന്ന് പൊട്ടിക്കരയാറുണ്ട്. എത്രകാലം ഒരാൾ ഏകാന്തതയുമായി സമരം ചെയ്യണം? അന്നു കിട്ടാത്ത ആശ്വാസം ഇന്ന് ആരിൽനിന്നു ലഭിക്കുമെന്നാ ണു ഞാൻ പ്രതീക്ഷിക്കുന്നത്?

"വെയ്റ്റർ, ചെക്."

അവർ പുറത്തു കടന്നു. പുറത്ത് ചൂടായിരുന്നു. പക്ഷേ, അയാൾക്കതു് ഒരു മാറ്റ വും തോന്നിച്ചില്ല. റോഡിന്റെ മറുവശത്തു പാർക്കുചെയ്ത ടാക്സിക്കാരനെ മാടിവിളിച്ച് അയാൾ നീതയോടു പറഞ്ഞു:

"നീത, നിന്നെ ഞാൻ നിന്റെ വീട്ടിൽ ഡ്രോപ്പു ചെയ്യാം."

അവൾ ഒന്നും പറഞ്ഞില്ല. പക്ഷേ, ടാക്സിയിൽ കയറി. അയാൾക്ക് എന്തെങ്കി ലും പറയാൻ അവസരം കിട്ടുന്നതിനുമുൻപ് അവൾ ഡ്രൈവറോടു പറഞ്ഞു.

“ഈറോസ് സിനിമ.”

രോഹിത് അത്ഭുതത്തോടെ അവളെ നോക്കി. അവൾ ചിരിച്ചു.

“എനിക്ക് ജോൺ വെയ്ന്റെ മൂവികൾ ഇഷ്ടാണ്”, അവൾ പറഞ്ഞു, ഈറോസിൽ ടെയ്ൻ റോബേഴ്സ് ആണ്. നമുക്കു ടിക്കറ്റ് കിട്ടുമോ എന്നു നോക്കാം.”

ഈറോസിൽ ഹൗസ്ഫുൾ ആയിരുന്നു. അവർ ടാക്സിയിൽ നിന്നിറങ്ങാതെ ഡ്രൈവറോടു പറഞ്ഞു. സ്ട്രാന്റ്.”

സ്ട്രാന്റിൽ തിരക്കു കുറവായിരുന്നു. ടിക്കറ്റ് വാങ്ങി അകത്തു കടന്നപ്പോഴേക്കും മൂവി തുടങ്ങിക്കഴിഞ്ഞിരുന്നു. ബാൽക്കണിയിൽ വളരെക്കുറച്ച് ആൾക്കാരെ ഉണ്ടായിരുന്നുള്ളു.

“ഇതൊരു ലൗസി മൂവീയാണെന്നു തോന്നുന്നു”, അവൾ പറഞ്ഞു.

മങ്ങിയ വെളിച്ചത്തിൽ സീറ്റ് കണ്ടുപിടിക്കാൻ ശ്രമിക്കുമ്പോൾ അയാൾ പറഞ്ഞു:

“എന്തായാലും വേണ്ടില്ല, എനിക്ക് മൂവി കാണാനുള്ള മൂഡില്ല.”

പിന്നെ സീറ്റിലേക്കു താഴ്ന്നിറങ്ങുമ്പോൾ അയാൾ ചോദിച്ചു.

“നീ എന്തിനാണ് എന്റെ ഒപ്പം വന്നത്? ഞാൻ പകരം പലതും പ്രതീക്ഷിച്ചുകൊണ്ടല്ലേ നിന്നെ സ്നേഹിക്കുന്നത്? നിന്നെ ലഞ്ചിനും, ഡിന്നറിനും, മൂവിക്കും കൊണ്ടു പോകുന്നത്?

നീതാ, എനിക്കു നിന്നെ കാണുന്നത് ഏതു നിമിഷത്തിലും നിർത്താൻ പറ്റും. വേദനയുള്ള ഒരു മുറിവ് ബാക്കിയാവുമെന്നു മാത്രം. അതും കാലക്രമത്തിൽ മാറും. ഏതുമുറിവാണ് ഉണങ്ങാതെയുള്ളത്?”

“നിന്റെ സ്നേഹം ഒരു വൈരക്കല്ലുമാതിരിയാണ്. സ്വന്തമാക്കാൻ ഞാൻ വളരെയധികം ആഗ്രഹിക്കുന്ന ഒന്നാണ്. അതു കിട്ടില്ലെന്ന് ഉറപ്പായാൽ ഞാൻ വില കുറഞ്ഞ് കൃത്രിമക്കല്ലുകൾ അന്വേഷിച്ചു പോകാം. ഒരു പാവപ്പെട്ട പെൺകുട്ടിയുടെ മാതിരിയാണ് ഞാൻ. വില പിടിച്ച ആഭരണങ്ങൾ ധരിക്കാൻ നല്ല മോഹമുണ്ടെങ്കിലും വാങ്ങാൻ കഴിയാത്തതുകൊണ്ട് അവൾ വിലകുറഞ്ഞ അനുകരണങ്ങൾ വാങ്ങി ധരിക്കുന്നു. പക്ഷേ, അവൾ വിലപിടിച്ച ആഭരണങ്ങൾ അർഹിക്കുന്നില്ലെന്ന് അർത്ഥമില്ല.”

“ചുരുങ്ങിയ വിലയ്ക്ക് ഒരു മണിക്കൂറെങ്കിലും ആശ്വാസം പകർന്നു തരുന്ന പെൺകുട്ടികളുമുണ്ട്. ബസ്സ്റ്റോപ്പുകളിൽ, റെയിൽവെ പ്ലാറ്റ്ഫോമുകളിൽ, ഞാൻ അവരെ കാണാറുണ്ട്. ഞാൻ അവരുടെ അടുത്തു പോകാം. പക്ഷേ, നിന്റെ സ്നേഹം ഞാൻ അർഹിക്കുന്നില്ലെന്നു നീ കരുതരുത്.”

നീത നിശ്ശബ്ദയായിരിക്കുകയാണെന്ന് അയാൾ പെട്ടെന്നു മനസ്സിലാക്കി. അയാൾ നോക്കി. അവളുടെ മുഖം വ്യക്തമല്ല. പിന്നെ തിരശ്ശീലയിൽനിന്നുള്ള വെളിച്ചം പ്രതിഫലിച്ചപ്പോൾ അവൾ നിശ്ശബ്ദയായി കരയുകയാണെന്ന് അയാൾ കണ്ടു. കണ്ണീർ ഒരു ചാലായി അവളുടെ കവിളിൽക്കൂടി ഒലിച്ചിറങ്ങി.

അയാൾ നീതയുടെ മുഖം കൈകൾക്കിടയിൽ പിടിച്ച് കണ്ണീർ തുടച്ചു, ചുംബിച്ചു. തങ്കം, അയാൾ പറഞ്ഞു, “അയാം സോ സോറി. ഞാൻ നിന്നെ വേദനിപ്പിച്ചു, അല്ലേ? ഞാൻ എത്ര ക്രൂരനാണ്!.”

നീതയെ മാറോട്ടു ചേർത്തപ്പോൾ അവളുടെ തേങ്ങലുകൾ അയാൾക്ക് അനു ഭവപ്പെട്ടു. അവൾ എന്തോ പറയുവാൻ ശ്രമിക്കുകയായിരുന്നു. തേങ്ങലുകൾ കാര ണം അവൾക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. ആദ്യമായി അയാൾക്ക് ഒരു ചീത്ത മൂവിക്കു വന്നതിൽ സന്തോഷം തോന്നി. തിരക്കില്ലല്ലൊ. നീതയുടെ തേങ്ങലുകൾ. അവളുടെ ഹൃദയസ്പന്ദനം. ഹാളിലെ മങ്ങിയ വെളിച്ചം. സംഗീതം. രോഹിത് ഭാര്യ യെപ്പറ്റി ആലോചിച്ചു. രക്തക്കുറവു കാരണം അവളുടെ മുഖം വിളറിയിരുന്നു. ഒരു ദിവസം രാത്രി, അയാളുടെ കൈകളിൽ കിടക്കുമ്പോൾ സുജാത പറഞ്ഞു:

"എനിക്കു പേടിയാവുന്നു. ഞാൻ ഈ പ്രസവത്തിൽ മരിച്ചുപോയാലോ?"

അയാൾ അവളെ ചുംബിച്ചുകൊണ്ട് ആശ്വസിപ്പിച്ചു: "പൊട്ടിപ്പെണ്ണേ, നീ മരിക്കുക യൊന്നുമില്ല. പ്രസവം നോവലുകളിൽ വായിക്കുന്ന മാതിരി അത്ര വിഷമമൊ ന്നുമില്ല."

പക്ഷേ, പിന്നീട് അവൾ പോയപ്പോൾ അതിനെപ്പറ്റി ആലോചിച്ച് അയാൾ ഞെട്ടിയുണരാറുണ്ട്. സുജാത മരിച്ചു കിടക്കുന്നതും അയാൾ കാണാൻ പോകുന്നതും മനസ്സിൽ കണ്ട് അയാൾ പൊട്ടിക്കരയാറുണ്ട്.

പെട്ടെന്നു ഹാളിൽ വെളിച്ചം വന്നു. ഇന്റർമിഷൻ. അവർ വിട്ടകന്നു. നീതയു ടെ കണ്ണുകൾ കലങ്ങിയിരുന്നു.

"നിന്റെ മുഖം മഞ്ഞിൽ കുളിച്ചുനില്ക്കുന്ന ഒരു പനിനീർപ്പൂ പോലെയുണ്ട്."

അവൾ ചിരിച്ചു. ചിരിയിൽ വേദനയുണ്ടായിരുന്നു.

ഹാൾ വീണ്ടും ഇരുണ്ടപ്പോൾ അയാൾ അവളുടെ കൈ പിടിച്ചു ചോദിച്ചു: "നീത, നിനക്കെന്നോടു ദേഷ്യമുണ്ടോ?"

"ഇല്ല", അവൾ പറഞ്ഞു, "ഞാൻ ആലോചിക്കുകയായിരുന്നു രോഹിത്, സ്നേ ഹവും ആശ്വാസവും തേടി നടക്കുന്ന ഒരു വ്യക്തി നീമാത്രമൊന്നുമല്ല. എല്ലാവരും അവരവരുടെ വഴികളിൽ ആശ്വാസം തേടി അലയുന്നവരാണ്. ആർക്കാണ് അതു കിട്ടുന്നത്?

ദിനേശ് എന്നെ സ്നേഹിക്കുന്നുണ്ട്. പക്ഷേ, എനിക്ക് അയാളിൽ ഇതുവരെ ആശ്വാസംകിട്ടിയിട്ടില്ല. ഞങ്ങൾ ഇതുവരെ ഒന്നിച്ചു പുറത്തു പോയിട്ടില്ലെന്നു പറ ഞ്ഞില്ലെ? ഓരോ പ്രാവശ്യവും വീട്ടിൽ കണ്ടുമുട്ടുമ്പോൾ ദിനേശ് പുറത്തു പോകാൻ ക്ഷണിക്കുമെന്നു ഞാൻ ആശിക്കും. പക്ഷേ, അതുണ്ടാവില്ല. കുറച്ചുനേരം ഇരുന്ന് അയാൾ പോകും. പലപ്പോഴും വീട്ടുകാർ ഞങ്ങളെ സ്വീകരണ മുറിയിൽ ഒറ്റയ്ക്കാക്കി പോകും. അപ്പോഴെല്ലാം ദിനേശ് എന്നോടു പ്രേമവാക്കുകൾ പറയും, ചുംബിക്കുമെ ന്നെല്ലാം ഞാൻ വിചാരിക്കും. പക്ഷേ, ഇതുവരെ അതുണ്ടായില്ല. ഞാൻ ഭംഗിയുള്ള ഒരു പെണ്ണാണെന്നു കൂടി അയാൾ ഇതുവരെ പറഞ്ഞിട്ടില്ല. ഏതൊരു വിരൂപയായ സ്ത്രീകൂടി പ്രതീക്ഷിക്കുന്നതാണത്. എന്റെ വസ്ത്രങ്ങളെപ്പറ്റി, ഞാൻ ധരിച്ചിരിക്കുന്ന ആഭരണങ്ങളെപ്പറ്റി ഒന്നും ദിനേശിനു പറയാനില്ല. നീ എന്നോടു ഓരോ മിനിറ്റ് കൂ ടുംതോറും എന്തെല്ലാം പ്രശംസ ചൊരിയാറുണ്ട്? അതിനു നേരെ വിപരീതമാണ് ദിനേശ്. ഭാവിയിലേക്കു നോക്കുമ്പോൾ പേടി തോന്നുന്നു."

"ദിനേശിനു നിന്നോടു ഭയങ്കര സ്നേഹമുണ്ടെന്നാണല്ലൊ നീ പറഞ്ഞത്?"

"സ്നേഹമുണ്ട് രോഹിത്. പക്ഷേ, അയാൾ ഒരു അമ്മക്കുട്ടിയാണ്. അമ്മ പറ ഞ്ഞതിൽ അപ്പുറം അയാൾ ചെയ്യില്ല. ആ സ്ത്രീക്ക് എന്നോടുള്ള മനോഭാവം ഇതു വരെ എനിക്കു മനസ്സിലായിട്ടില്ല. അവരുടെ വീട്ടിൽ പോയ അവസരത്തിലൊന്നും

അവർ എന്നോടു സ്നേഹം ഭാവിച്ചിട്ടില്ല. ഒരുപക്ഷേ, അവർക്കു പേടിയുണ്ടാവും, സുഖമില്ലാതെ കിടക്കുന്ന ഒരു അച്ഛൻ മാത്രം രക്ഷാകർത്താവായിട്ടുള്ള ഞാൻ, പറഞ്ഞുവെച്ച നാലായിരം കൊടുത്തില്ലെങ്കിലോ എന്ന്. ആ സംഖ്യ ഞാൻ കഴിഞ്ഞ മൂന്നു കൊല്ലമായി ഉണ്ടാക്കിയതാണ്. അതു് കൊടുക്കുകയും ചെയ്യും. അവരുടെ വിചാരം, കൂടുതൽ സ്നേഹം കാണിച്ചാൽ അതു കൊടുക്കാതെ ഒഴിവായാലോ എന്നായിരിക്കും."

"ഇതാണ് എന്റെ കഥ. ഇതിനെപ്പറ്റി വല്ലതും നീ അറിയുമോ? പിന്നെയും നീയുമായി വല്ലപ്പോഴും സംസാരിക്കുമ്പോഴാണ് കുറച്ചെങ്കിലും ആശ്വാസം കിട്ടുന്നത്. അവസാനം നീയും എന്നെ കൈവെടിയുമെന്നാണോ പറയുന്നത്?"

അയാൾ അവളെ തന്നിലേക്കടുപ്പിച്ച മന്ത്രിച്ചു: "ഇല്ല ചന്തക്കാരീ, ഞാൻ നിന്നെ കൈവെടിയില്ല."

"നമുക്കു പുറത്തു പോകാം." ടാക്സിയിൽ വീട്ടിലേക്കു പോകുമ്പോൾ അവർ ഒന്നും സംസാരിച്ചില്ല. ഇടയ്ക്കിടയ്ക്കു കണ്ണുകൾ കൂട്ടിമുട്ടുമ്പോൾ അവർ ചിരിച്ചു. പിന്നെ അവരവരുടെ ലോകത്തിലേക്കു തിരിച്ചു പോയി.

രോഹിത് സുജാതയെ ഓർത്തു. മധുവിധുകാലത്ത് ഉച്ചയ്ക്ക് ഒരു സംഭോഗത്തിന്റെ ആലസ്യത്തിൽ അയാളുടെ കൈകളിൽ കിടക്കുമ്പോൾ അയാൾ അവളുടെ കണ്ണുകൾ ശ്രദ്ധിക്കാറുണ്ട്. തുറന്നിട്ട ജാലകത്തിലൂടെ മേഘാവൃതമായ ആകാശത്തിൽ കണ്ണുംനട്ട് അവൾ മണിക്കൂറുകൾ കിടക്കും, നിശ്ശബ്ദയായി, അയാളുടെ സാമീപ്യത്തിൽ സംതൃപ്തയായി, പക്ഷേ, അയാളിൽ നിന്നു വളരെ വളരെ അകന്ന്. അവൾ എന്താണാലോചിക്കുന്നതെന്ന് അറിയാൻ അയാൾ ആഗ്രഹിച്ചിരുന്നു. ഈ മണിക്കൂറുകളിൽ അവൾ അയാളിൽനിന്നകന്ന് ഏകാന്തമായൊരു ലോകത്തിലാണെന്ന് അയാൾക്കു തോന്നിയിരുന്നു. അവളുടെ കണ്ണുകളിൽ പ്രതിഫലിച്ചു കണ്ട ആകാശം നോക്കി അയാൾ അസൂയാലുവാകാറുണ്ട്: "നീ എവിടെയായിരുന്നു തങ്കം?" സുജാത ചിരിക്കുകമാത്രം ചെയ്യും.

ലിഫ്റ്റിൽ അവർ ഒറ്റയ്ക്കായിരുന്നു. നീതയെ തന്നിലേക്കടുപ്പിച്ച് അയാൾ ചുംബിച്ചു. ലിഫ്റ്റിനു തൊട്ടുമുമ്പിലായിരുന്നു അയാളുടെ വാതിൽ.

മുറിക്കുള്ളിൽ എത്തിയപ്പോൾ നീത പറഞ്ഞു. "എനിക്കു കുറ്റബോധം തോന്നുന്നു, സുജാതയില്ലാത്തപ്പോൾ ഇവിടെ വരുമ്പോൾ?"

അയാൾ ചോദിച്ചു: "നിനക്കു കോഫിയോ ചായയോ വേണ്ടത്?"

"കോഫി. പക്ഷേ, ഞാനുണ്ടാക്കാം." അവൾ അടുക്കളയിലേക്കു പോയി. അവൾ കോഫിയുണ്ടാക്കുന്നത് അയാൾ നോക്കി നിന്നു. അവളുടെ ചലനങ്ങൾ മനോഹരമായിരുന്നു. അയാൾ വീണ്ടും സുജാതയെ ഓർത്തു.

"നോക്കു, എനിക്കു ധൃതിയായി ചെക്കനെ കാണാൻ. അവൻ വന്നാൽ എനിക്കു കൂട്ടിന് ഒരാളുണ്ടാകുമല്ലൊ."

സുജാതയും ഒരുപക്ഷേ, ഏകാന്തതയുടെ കുത്തൽ അനുഭവിക്കുകയായിരുന്നെന്ന് അയാൾക്കു തോന്നി. ഒരു പക്ഷേ, ഒരു പക്ഷേ...

കോഫി കുടിക്കുമ്പോൾ അയാൾ ചോദിച്ചു: "നീതാ, ഒരു ഉമ്മ. തരു."

"ഇല്ല", അവൾ പറഞ്ഞു, "അതു് അത്ര എളുപ്പം കിട്ടുന്നതൊന്നുമല്ല."

"പ്ലീസ്", അയാൾ കെഞ്ചി. അയാൾ അവളുടെ അടുത്തു പോയിരുന്നു. നീത അയാളുടെ മുഖം കൈകളിൽ പിടിച്ചൊതുക്കി കവിളിൽ ചുംബിച്ചു.

“ഇതല്ല.”

“പിന്നെ?”

“കുറച്ചുകൂടി ഇന്റിമേറ്റായത്.” അയാൾ ചുണ്ടുകൾ തൊട്ടുകാണിച്ചു.

ഒരു നിമിഷത്തെ സംശയത്തിനുശേഷം നീത സമ്മതിച്ചു. പിന്നെ നീണ്ട ഒരു ചുംബനം.

അയാൾ ചോദിച്ചു: “നിന്റെ പൂക്കൾ ഞാൻ ചുംബിക്കട്ടെ!.”

“വേണ്ട”, അവൾ പറഞ്ഞു, “ഞാൻ എക്സയ്റ്റഡ് ആവും, രോഹിത്! നമുക്ക് ഈ ഉമ്മയിൽത്തന്നെ നിർത്തുക.”

പക്ഷേ, അയാൾ അവളെ വാരിയെടുത്ത് ചുംബിച്ചു കഴിഞ്ഞു.

അവൾ എതിർത്തു: “രോഹിത്, നമുക്കിതു ചെയ്യാതിരിക്കുക. നമ്മൾ പിന്നീട് ദുഃഖിക്കും. പ്ലീസ്!.”

അയാൾ താലോലിക്കൽ തുടർന്നു. സാവധാനത്തിൽ എതിർത്തുകൊണ്ടിരുന്ന കൈകൾ അയാളെ വാരിപ്പുണരുന്നതും വരിഞ്ഞുമുറുക്കുന്നതും അയാൾക്കനുഭവപ്പെട്ടു.

നീത പുറംതിരിഞ്ഞു കിടക്കുകയായിരുന്നു. അവൾ ഉറങ്ങുകയാവുമെന്നാണ് രോഹിത് കരുതിയത്. പക്ഷേ, അവൾ കരയുകയായിരുന്നു. അതു മനസ്സിലായപ്പോൾ അയാൾ അവളെ ചുംബിച്ചു:

പെട്ടെന്ന് അവൾ തിരിഞ്ഞുനോക്കി: “പ്ലീസ്, രോഹിത്, എന്നെ വിട്ടുപോകൂ. ദയവുചെയ്തു.”

“എന്തുണ്ടായി?”

“ഒന്നുമില്ല. ഞാൻ ദിനേശിനെ ഓർക്കുകയായിരുന്നു.”

രോഹിത് എഴുന്നേറ്റ് കിടപ്പറയുടെ വാതിൽ തുറന്നു ഗാലറിയിലേക്കു കടന്നു. സൂര്യരശ്മികൾ മഞ്ഞയായിരുന്നു. അടുത്ത പറമ്പിൽ നില്ക്കുന്ന പൂളമരം അയാൾ ശ്രദ്ധിച്ചു. അതിൽ നിറയെ മൊട്ടുകളായിരുന്നു. ഇലകളെല്ലാം ഒരു മാതിരി കൊഴിഞ്ഞു. കൊഴിയാൻ ബാക്കിയുള്ളത് പഴുത്ത് മഞ്ഞനിറമായിരുന്നു. ഇനി അവയും കൂടി കൊഴിയും. പിന്നെ ഒരുദിവസം മൊട്ടുകൾ വിരിഞ്ഞ് ചുവന്ന ഇതളുകൾ പുറത്തുവരും, പിറന്ന ഉടനെയുള്ള കുട്ടിയെപ്പോലെ.

അയാൾ സുജാതയെ വീണ്ടും ഓർത്തു. പോകുന്നതിന്റെ തലേദിവസം വീർത്ത വയറും വിളറിയ മുഖവുമായി അവൾ തന്റെ മാറിൽ ചാരിയിരുന്നു ചോദിച്ചു: “എന്നെ സ്നേഹമുണ്ടോ?”

എന്താണു മറുപടി പറഞ്ഞതെന്ന് രോഹിത് അപ്പോൾ ഓർത്തില്ല.

## — 5 —

# തിമാർപൂർ

അലക്ഷ്യമായ സായാഹ്നയാത്രകളിലൊന്നിൽ ഇരുണ്ടുനാറുന്ന തെരുവിൽ അയാൾ അവളെ കണ്ടു. അവളുടെ വസ്ത്രങ്ങളുടെ നിറമെന്താണെന്ന് അയാൾക്കു മനസ്സിലായില്ല. അവൾ അടുത്തുവന്നപ്പോൾ അയാൾക്ക് ഓടയുടെ ഗന്ധം അനുഭവപ്പെട്ടു. അവൾ നാറുന്നുണ്ടായിരുന്നു. അവൾ ഇടത്തുകൈയിൽ ഭദ്രമായി പേറിയ ഭാണ്ഡം നാറുന്നുണ്ടായിരുന്നു.

അയാൾ കുറെ ദിവസമായി ഒരു പെണ്ണിന്റെ ഒപ്പം കിടന്നിട്ടുണ്ടായിരുന്നില്ല. അയാൾ ചോദിച്ചു. "നിനക്കെത്ര വേണം?"

അയാളുടെ വസ്ത്രങ്ങൾ ഭംഗിയുള്ളതും വൃത്തിയുള്ളതുമായിരുന്നു. അയാൾ സിഗരറ്റ് വലിച്ചിരുന്നു. അവൾ സംശയിച്ചു. അയാൾ വീണ്ടും ചോദിച്ചു. എത്ര വേണം?

"തിമാർപൂർ", അവൾ പറഞ്ഞു.

"എത്ര?"

"ബാബുജി, എനിക്ക് തിമാർപൂരിൽ പോണം."

"തിമാർപൂർ?"

"ജി."

തിമാർപൂർ എവിടെയാണെന്ന് അയാൾക്കറിയില്ല. അയാൾ ചോദിച്ചു: "തിമാർപൂർ?"

"അതെ ബാബുജി."

"നിനക്ക് പക്ഷേ, തീവണ്ടിയിൽ പോകേണ്ടിവരും. എപ്പോഴാണു തീവണ്ടിയെന്നറിയാമോ?"

"തിമാർപൂർ ദില്ലിയിൽത്തന്നെയാണ് ബാബുജി."

നിരത്തുവക്കിലെ മടകളിലൊന്നിൽ മണ്ണെണ്ണവിളക്കു കത്തിച്ചു ബീഡിയും സിഗരറ്റും വില്ക്കുന്ന കിഴവിയുടെ ശ്രദ്ധ തന്നിലേക്കായെന്നു മനസ്സിലായപ്പോൾ അയാൾ സ്വരം താഴ്ത്തി ചോദിച്ചു.

"നിനക്കെന്റെ ഒപ്പം വരാമോ?"

"എങ്ങോട്ട്, ബാബുജി?"

"എന്റെ വീട്ടിലേക്ക്. നീ എവിടെയാണ് ഇന്നു രാത്രി കിടക്കുക?"

അവൾ വീതിയുള്ള ഓടയ്ക്കു മുകളിൽ പടർന്നുപിടിച്ച ഇരുട്ടിലേക്കും, അതിനപ്പുറത്തു കിടക്കുന്ന വെളിംപ്രദേശത്തു കാവൽ നില്ക്കുന്ന വഴിവിളക്കുകളിലേക്കും നോക്കി. അവൾ പറഞ്ഞു.

"വരാം ബാബുജി."

അയാൾ നടന്നു, പിന്നാലെ അവളും. ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്ക്, വീണ്ടും ഇരുട്ടിലേക്ക്. ഓരോ വഴി വിളക്കിന്റെ ചുവട്ടിലെത്തുമ്പോഴും അയാൾ തിരിഞ്ഞു നോക്കി. വസ്തുവിൽനിന്ന് അകന്നുചരിക്കുന്ന നിഴൽപോലെ അവൾ പിന്നിൽ ഒരു നിശ്ചിത അകലത്തിൽ എപ്പോഴും ഉണ്ടായിരുന്നു.

വീട്ടിന്റെ വാതില്ക്കലെത്തിയപ്പോൾ അയാൾ അവളോടു നില്ക്കാൻ ആംഗ്യം കാണിച്ചു. അയാൾ വാതിൽ തുറന്നു വിളക്കു കൊളുത്തി. പുറത്ത് ആരുമില്ലെന്ന് ഉറപ്പായപ്പോൾ അവളോട് അകത്തു കയറാൻ ആംഗ്യം കാണിച്ചു. അവൾ അകത്തു കയറി. അവൾ അന്ധാളിച്ചു. ഇത്ര നല്ല ഒരു മുറി അവൾ പ്രതീക്ഷിച്ചില്ല. അവൾ പെട്ടെന്നു പുറത്തുകടന്നു.

“ബാബുജി, ഞാൻ ഇവിടെ പുറത്തു കോണിച്ചുവട്ടിൽ കിടന്നോളാം.”

“പറ്റില്ല, അകത്തു വാ.” അയാൾ അവളുടെ കൈപിടിച്ച് അകത്തേക്കു വലിച്ചു വാതിലടച്ചു. വൈദ്യുത വിളക്കിന്റെ തെളിഞ്ഞവെളിച്ചത്തിൽ അയാൾ അവളെ പരിശോധിച്ചു. ചളിപിടിച്ച ദേഹത്തിന്റെ ശരിക്കുള്ള നിറം നല്ലതാണെന്ന് അയാൾ കണ്ടു. കീറവസ്ത്രങ്ങളുടെ ഇടയിലൂടെ പ്രത്യക്ഷപ്പെട്ട അവയവങ്ങളുടെ മുഴപ്പം അയാൾ ദർശിച്ചു. അയാൾ പറഞ്ഞു:

“നിന്റെ ഭാണ്ഡം അവിടെവെച്ച് കുളിച്ചുവാ.”

അയാൾ ചൂണ്ടിക്കാട്ടിയ സ്ഥലത്തേക്ക് അവൾ പോയി. കുളിമുറി, വെളുത്ത മാർബിളിന്റെ നിലം, മാർബിൾ ചുമരുകൾ. കിടന്നു കുളിക്കുന്ന ടബ്ബ്. അവൾ വീണ്ടും സംശയിച്ചു. പക്ഷേ, അയാൾ പിന്നിൽത്തന്നെ ഉണ്ടായിരുന്നു.

“കുളിക്ക്.”

പിന്നെ ഒരു നിമിഷം ആലോചിച്ച് അയാൾ പറഞ്ഞു: “കുളികഴിഞ്ഞാൽ നീ ഈ നാറവസ്ത്രങ്ങളാണ് ഉടുക്കാൻ പോകുന്നത്? നില്ക്ക്, ഞാൻ നിനക്കു പാകമായതു വല്ലതും കിട്ടുമോ എന്നു നോക്കട്ടെ.”

അയാൾ പോയി ഒരു കുർത്തയും പൈജാമയും എടുത്തു കൊണ്ടുവന്നു. കുളികഴിഞ്ഞ് നീ നിന്റെ നാറ ഉടുപ്പുകൾ ഇടേണ്ട.

അവൾ തലയാട്ടി. കുളിമുറിയുടെ വാതിൽ അടഞ്ഞു. വെള്ളം വീഴുന്ന ശബ്ദം ശ്രദ്ധിച്ച് അയാൾ സോഫയിലിരുന്നു. പിന്നെ കുളിമുറിയുടെ വാതിൽ തുറന്നു പുറത്തു വന്നത് അയാൾ തീരെ പ്രതീക്ഷിക്കാത്ത ഒരു രൂപമായിരുന്നു. അവളുടെ നിറവും നേരിയ കുർത്തയുടെ അടിയിൽ കണ്ട ദേഹത്തിന്റെ മുഴുമുഴുപ്പും അയാളെ അസ്വസ്ഥനാക്കി. അയാൾ പറഞ്ഞു.

“അല്ല, നീ ചന്തക്കാരിയാണല്ലോ!.”

അവൾ നാണിച്ചു, കൈകൾകൊണ്ടു മാറിടം പൊത്തി. പെട്ടെന്നുയർന്നുവന്ന പ്രാകൃതമായ ഒരു വാസനയിൽ അയാൾ എഴുന്നേറ്റു. പിന്നെ ഓർമ്മിച്ചു.

“നീ ഭക്ഷണം കഴിച്ചിട്ട് എത്ര ദിവസമായി?”

അവൾ സംശയിച്ചു, ഒന്നും പറഞ്ഞില്ല. അവളുടെ കണ്ണുകൾക്കു ചുറ്റും കറുത്ത നിഴൽ വീണിരുന്നു.

അയാൾ ചോദിച്ചു.

“ഇന്നു നീ വല്ലതും കഴിച്ചോ?”

ഇല്ലെന്ന് അവൾ തലയാട്ടി.

“ഇന്നലെ?”

“ഇന്നലെ വൈകുന്നേരം റൊട്ടി തിന്നു ബാബുജി.”

ഇരുപത്തിനാലു മണിക്കൂർ! അതിനകം തിന്നുതീർത്ത ഭക്ഷണത്തെപ്പറ്റിയും കുടിച്ചുതീർത്ത മദ്യത്തെപ്പറ്റിയും അയാൾ ആലോചിച്ചു. അയാൾ പറഞ്ഞു.

“നമുക്കു വല്ലതും തിന്നാനുണ്ടാക്കാൻ ശ്രമിക്കാം. അവളുടെ കണ്ണുകൾ വിടർന്നു.”

“ശരി, ബാബുജി.”

അവൾ അടുക്കളയിലേക്കു നടന്നു.

തന്റെ പൈജാമ അവൾക്കു വളരെ കുടുസ്സാണെന്ന് അയാൾ മനസ്സിലാക്കി. അവൾ അടുക്കളയിൽ കടന്നു. അത്ഭുതപ്പെട്ടുപോയി. ഇത്ര വൃത്തിയുള്ള വിശാലമായ അടുക്കള അവൾ കണ്ടിട്ടില്ല. അവൾ അന്ധാളിച്ചു നില്ക്കെ അയാൾ വന്നു. അവൾക്ക് ഈ അടുക്കളയിൽ ഭക്ഷണം പാകംചെയ്യാൻ വിഷമമുണ്ടാകുമെന്ന് അയാൾ മണത്തറിഞ്ഞു. അയാൾ ഫ്രിഡ്ജിൽ സൂക്ഷിച്ചുവച്ച മാംസം എടുത്തുകൊടുത്തു. ഗ്യാസടുപ്പ് കൊളുത്തിക്കൊടുത്തു.

അവൾ പാകംചെയ്തുകൊണ്ടിരിക്കെ അയാൾ സിറ്റിംഗ് റൂമിലിരുന്നു പൈപ്പു നിറച്ചു വലിച്ചു. ഫ്രിഡ്ജ് തുറന്നു തണുത്ത ബീയർകുപ്പിയെടുത്ത് മഗ്ഗിൽ ഒഴിച്ച് മൊത്തിക്കുടിച്ചു. അയാൾ യാതൊരു ധൃതിയും കാണിച്ചില്ല. ഇര കൈയിലായിരിക്കുന്നു. ഇനി അതിനെ പിടിച്ചു കുറച്ചു കളിക്കാം. ഒരു രാത്രി മുഴുവൻ സമയമുണ്ട്.

പിന്നെ, ഭക്ഷണം തയ്യാറായപ്പോൾ അവൾ പറഞ്ഞു. “ബാബുജി, ഭക്ഷണം തയ്യാറായി.”

അയാൾ മുറിയുടെ ഒരു മൂലയിലുള്ള മേശ ചൂണ്ടിക്കാണിച്ചു.

അവിടെ കൊണ്ടുപോയി വയ്ക്കു.

ബീയർ അപ്പോഴേക്കും കഴിഞ്ഞിരുന്നു. അയാൾ ഭക്ഷണം മേശപ്പുറത്തു കൊണ്ടുപോയി വയ്ക്കാൻ അവളെ സഹായിച്ചു. അയാൾ കസേരയിലിരിക്കാൻ ആജ്ഞാപിച്ചു. അവൾ ശങ്കിച്ചു.

“ഞാൻ പിന്നെ കഴിച്ചോളാം ബാബുജി.”

അയാൾ അവളെ കൈപിടിച്ചു കസേരയിലിരുത്തി.

അവൾ ആർത്തിയോടെ ഭക്ഷണം വാരിത്തിന്നുന്നതു നോക്കുന്നതിനിടയിൽ അയാൾ ഭക്ഷണം കഴിക്കാൻ മറന്നു. വിശപ്പു കുറച്ചു മാറിയപ്പോൾ അവൾ തലയുയർത്തി. അയാൾ ശ്രദ്ധിക്കുകയായിരുന്നെന്നു മനസ്സിലായപ്പോൾ അവളുടെ മുഖം തുടുത്തു. അയാൾ ചോദിച്ചു.

“നിനക്കു തിമാർപൂരിൽ ആരുടെ അടുത്താണു പോകേണ്ടത്?”

അവൾ തലതാഴ്ത്തി പതുക്കെ പറഞ്ഞു.

“ഭർത്താവിന്റെ അടുത്തേക്ക്.”

അയാൾ നിശ്ശബ്ദനായി. ഭക്ഷണം കഴിഞ്ഞപ്പോൾ അവളുടെ കണ്ണുകളിൽ ഉറക്കം കനത്തുവരുന്നത് അയാൾ കണ്ടു. അയാൾ പറഞ്ഞു.

“നമുക്കുറങ്ങാം.”

അവളുടെ അമ്പരപ്പു മാറിയിരുന്നു. ഒരു കൊച്ചുകുട്ടിയെപ്പോലെ അവൾ അയാളോടു ചേർന്നു കിടന്നു. അവളുടെ വഴക്കം അയാളിൽ കാമം നിറച്ചു. അവളുടെ പ്രതികരണം അയാളെ ഉത്സാഹിതനാക്കി.

"നീ എപ്പോഴാണ് ദില്ലിയിലെത്തിയത്?" അയാൾ ചോദിച്ചു.

"ഇന്നലെ വൈകുന്നേരം, ബാബുജി."

"ഇന്നലെ വൈകുന്നേരം?"

"അതെ. ബാബുജി. വണ്ടി വന്നപ്പോൾ രാത്രിയായിരുന്നു. പുറത്തുകടന്നു ചോദിച്ചു, തിമാർപൂർ എവിടെയാണെന്ന്. കുറെ ദൂരമുണ്ട്, ബസ്സിനു പോകണമെന്നു പറഞ്ഞു. എന്റെ കൈയിൽ പണമുണ്ടായിരുന്നില്ല. പണമില്ലാത്തതുകൊണ്ടാണു ഞാൻ ഭർത്താവിന്റെ അടുത്തേക്കു പുറപ്പെട്ടതുതന്നെ. ഞങ്ങളുടെ കൃഷിയെല്ലാം ഉണങ്ങിപ്പോയി. വെള്ളം കിട്ടാതെ പശുക്കളെല്ലാം ചത്തു."

"ഇന്നലെ നീ എവിടെയാണു കിടന്നത്?"

അവൾ ഒന്നും പറഞ്ഞില്ല. തന്റെ താലോലിക്കലിനനുസരിച്ച് അവൾ വഴങ്ങിയിരുന്നത് അയാൾ ശ്രദ്ധിച്ചു. അയാൾ വീണ്ടും ചോദിച്ചു.

"ഇന്നലെ നീ എവിടെയാണു കിടന്നത്?"

ഉത്തരമില്ല.

"നീ ആരുടെയെങ്കിലും കൂടെയാണോ ഇന്നലെ കിടന്നത്?"

ഉത്തരമില്ല. അവളുടെ കൈകൾമാത്രം അവിരാമമായി ചലിച്ചു. ഉത്തരം കിട്ടില്ലെന്ന് അയാൾക്കു തോന്നി.

പക്ഷേ, വല്ല പീടികത്തിണ്ണയിലോ, കോണിച്ചുവട്ടിലോ ആവാം. വല്ലവരും അവളുടെ ഒപ്പം കിടന്നിട്ടുണ്ടാകാം. അയാൾ അസൂയാലുവായി. താൻ അവളെ സ്നേഹിച്ചുതുടങ്ങിയെന്ന് അയാൾക്കു മനസ്സിലായി. ഒപ്പം അവൾ വേറൊരാളുടെതാണെന്ന ബോധവും, ഒരു രാത്രിയിലെ അഭയത്തിനുവേണ്ടി അവൾ അയാൾക്കു വഴങ്ങിയതാണെന്ന യാഥാർത്ഥ്യവും. താൻ എത്ര ചെറുതാണ്?

പിന്നെ തളർച്ചയ്ക്കുമുമ്പ് അയാളുടെ കഴുത്തിൽ കൈകൾമുറുക്കി അയാളെ അടുത്തു തപ്പെടുത്തുമാറ് അവൾ ചെവിയിൽ മന്ത്രിച്ചു:

"ബാബുജി എത്ര നല്ല ആളാണ്!."

അവർ ആലിംഗനബദ്ധരായി ഉറങ്ങി. പ്രഭാതത്തിനുമുമ്പ് അവർ വീണ്ടും അന്യോന്യം അറിഞ്ഞു. ക്ഷീണിച്ച് അയാളുടെ കൈകളിൽ വീണുറങ്ങാൻ പോയപ്പോൾ അയാൾ അവളെ വിളിച്ചുണർത്തി. അയാൾ പറഞ്ഞു:

"ഇനി നീ പോകണം."

"ജാലകത്തിനു പുറത്തു വെളിച്ചം വന്നിരുന്നു."

അവൾ ആലസ്യത്തോടെ എഴുന്നേറ്റു. ജാലകത്തിലൂടെ തെളിഞ്ഞുവരുന്ന ലോകം തന്റേതല്ലെന്ന് അവൾ കണ്ടു. അവൾ ഭയന്നു. പുറത്തു കടക്കാനായി അവൾ വാതിൽ തുറന്നു. അപ്പോഴാണ് തന്റെ ഭാണ്ഡക്കെട്ട് അവൾ കണ്ടത്. ഉടുത്തിരിക്കുന്ന ഭംഗിയുള്ള, വൃത്തിയുള്ള വസ്ത്രങ്ങൾ അവൾക്ക് ഓർമ്മവന്നു. അവൾ തിരിച്ചു കുളി മുറിയിൽപോയി. തലേന്നു രാത്രി മാറ്റിയിട്ട അഴുക്കു പിടിച്ച വസ്ത്രങ്ങൾ വീണ്ടും ധരിച്ചു. അയാൾ അപ്പോഴും കിടക്കുകയായിരുന്നു. കുളിമുറിയിൽനിന്നു പുറത്തുകടന്നത് അയാൾ ഇന്നലെ തെരുവിൽനിന്ന് പിടിച്ചുകൊണ്ടുവന്ന നാറുന്ന പെണ്ണായിരുന്നു. അയാൾ എന്തോ പറയാൻ ഓങ്ങി. അവൾ വാതിൽവരെ ചെന്ന് അവളുടെ ഭാണ്ഡമെടുത്തു വാതിൽ തുറന്നു.

"ബാബുജി, ഞാൻ പോകുന്നു."

അയാൾ ഒന്നും പറഞ്ഞില്ല. അവൾ പുറത്തു കടന്നു വാതിൽ ചാരി.

പെട്ടെന്ന്, അവൾക്കൊന്നും കൊടുത്തിട്ടില്ലെന്ന് അയാൾ ഓർമ്മിച്ചു. അയാൾ പിടഞ്ഞെഴുന്നേറ്റു. അവൾക്ക് തിമാർപൂരിലെത്തേണ്ടതാണ്. പണം ആവശ്യമുണ്ടാകും. അയാൾ വാതിൽ തുറന്നുനോക്കി. അവൾ താഴെ നിലയിൽ എത്തിയിരുന്നു.

അയാൾ ആശ്വസിച്ചു, അയാൾക്ക് ഒരു വേശ്യയുടെ ഒപ്പം കിടക്കണമെന്നല്ല ഉണ്ടായിരുന്നത്. അവൾ ഒരു വേശ്യയുമായിരുന്നില്ല. അതൊരു വെറും പൊള്ളയായ ആശ്വസിക്കലായിരുന്നു. അയാൾ ജാലകത്തിലൂടെ നോക്കി. കീറവസ്ത്രങ്ങളുമുടുത്ത് ഭാണ്ഡവും താങ്ങി നടന്നകലുന്ന ആ പെണ്ണിനെ അയാൾ നോക്കി.

ഒരു രാത്രി തന്റേതായിരുന്ന പെണ്ണ്. അവൾക്ക് തിമാർപൂരിൽ അവളുടെ ഭർത്താവിന്റെയടുത്ത് എത്തണം.

— 6 —

# ഐശ്വര്യത്തിലേക്കു വീണ്ടും

ഞാൻ ഐശ്വര്യത്തിലേക്കു തിരിച്ചുപോകയാണ്, അപരിചിതൻ പറഞ്ഞു, വളരെക്കാലത്തിനു ശേഷം. അയാളുടെ വസ്ത്രങ്ങൾ കീറി മുഷിഞ്ഞിരുന്നു. താടിയും തലമുടിയും നീണ്ടിരുന്നു. ഒരു ദീർഘയാത്രയുടെ ക്ഷീണം അയാളുടെ മുഖത്തുണ്ടായിരുന്നു.

ഐശ്വര്യത്തിലേക്ക്, അയാളുടെ കണ്ണുകൾ തിളങ്ങി. മലനിരകൾക്കും കടലിന്നും ഇടയിൽ ഞെരുങ്ങി നില്ക്കുന്ന നഗരത്തിൽ ഒരുദ്യാനത്തിന്റെ കൽബെഞ്ചിൽ അവർ കൂട്ടിമുട്ടി. തുടക്കത്തിൽ അവർ അപരിചിതരായിരുന്നു, അവസാനത്തിലും. അതിനിടയ്ക്കുള്ള കുറച്ചുസമയം അവർ അന്യോന്യം മനസ്സിലാക്കി. നാഗരികൻ പറഞ്ഞു: "എനിക്കു മനസ്സിലാവുന്നില്ല. നിങ്ങൾ ഇപ്പോൾത്തന്നെ ഐശ്വര്യത്തിന്റെ നടുവിലാണല്ലൊ!."

അപരിചിതൻ ചുറ്റും നോക്കി. ഉദ്യാനത്തിന്നു നടുവിൽ ജലധാര, ചുറ്റും പട്ടുപോലെ പുൽത്തകിടികൾ. ഉദ്യാനത്തിനു പുറത്തു കോൺക്രീറ്റിന്റെ വിശാലമായ വീഥികൾ, അവയിൽ ഇരമ്പിപ്പായുന്ന വാഹനങ്ങൾ. വീഥികൾക്കുമപ്പുറത്തു കൂറ്റൻ കെട്ടിടങ്ങൾ. ആ കെട്ടിടങ്ങളുടെ ഔന്നത്യം ഒരു നിമിഷം വീക്ഷിച്ചശേഷം അയാൾ പറഞ്ഞു:

"ഇവിടെ ഐശ്വര്യമോ? ഇതൊരു വലിയ ശവപ്പറമ്പല്ലെ?"

നാഗരികന്റെ മുഖത്തുണ്ടായ ഭാവഭേദം കണ്ടപ്പോൾ അയാളുടെ വികാരങ്ങൾ മുറിപ്പെട്ടുവെന്ന് അപരിചിതൻ മനസ്സിലാക്കി. കുറ്റബോധത്തോടെ അയാൾ ചോദിച്ചു. "നിങ്ങൾക്ക് ഈ ശവകുടീരം ഇഷ്ടമാണോ?"

നാഗരികൻ ഒരു നിമിഷം ആലോചിച്ച്, സ്വരം താഴ്ത്തി പറഞ്ഞു: "ഇതാണെന്റെ നാട്. ഇവിടെയാണു ഞാൻ ജനിച്ചത്."

മനസ്സിലായെന്ന ഭാവത്തിൽ അപരിചിതൻ തലയാട്ടി. നിങ്ങളുടെ നാട്! ശരിയാണ്. ഒരാൾക്കു സ്വന്തം നാട് ഇഷ്ടപ്പെടാതിരിക്കാൻ കഴിഞ്ഞെന്നു വരില്ല. ഞാൻ എന്റെ നാട് ഉപേക്ഷിച്ച വർഷങ്ങൾക്കു മുമ്പ് ഐശ്വര്യംതേടി ഞാൻ പുറത്തുപോയി. ഒരു നീണ്ട അന്വേഷണമായിരുന്നു. ഇപ്പോൾ മനസ്സിലായി, അതെന്റെ നാട്ടിൽത്തന്നെയായിരുന്നെന്ന്. പക്ഷേ, ഈ നീണ്ടയാത്രയ്ക്കിടയിൽ ആ നാട് എനിക്കു കൈമോശം വന്നു.

ഞാൻ വർഷങ്ങളായി പുറംരാജ്യങ്ങളിലലഞ്ഞു. ആദ്യമായി കിഴക്ക് ഒരു മഹാനഗരത്തിലാണു പോയത്. അന്നു ഞാൻ മീശമുളച്ചിട്ടില്ലാത്ത ഒരു ചെറുക്കനായിരുന്നു. ആ മഹാനഗരത്തിന്റെ പരുപരുപ്പും, പ്രതികൂലകാലാവസ്ഥയും അനുഭവിച്ച് ഞാൻ ഒരു പരുക്കനായി വളർന്നു. എനിക്കു മീശമുളച്ചു, താടിമുളച്ചു. ഞാൻ

ഒരു വലിയ തൊഴിൽശാലയിൽ പണിചെയ്തു. അവിടെ ഒരു പട്ടുകുറ്റൻ യന്ത്രത്തിന്റെ മുമ്പിൽ പകൽ മുഴവൻ ജോലിചെയ്തു. ഉച്ചയ്ക്കു സൈറൻ അലറുമ്പോൾ മറ്റു ജോലിക്കാരോടൊപ്പം പുറത്തേക്കു ഭക്ഷണത്തിനു പോയി. ദിവസത്തിൽ ആ അരമണിക്കൂർ മാത്രമേ ഞാൻ സൂര്യനെ കണ്ടിരുന്നുള്ളു. പിന്നെ വൈകുന്നേരം വീണ്ടും സൈറന്റെ ശബ്ദം കേട്ടു പുറത്തിറങ്ങുമ്പോഴെക്ക് സൂര്യൻ മറഞ്ഞിരിക്കും. ട്രാമിന്റെ രണ്ടാംക്ലാസിൽ പിടിച്ചുതൂങ്ങി ഞാൻ വീട്ടിലേക്കു മടങ്ങി.

നഗരത്തെപ്പറ്റി കൂടുതൽ കണ്ടറിഞ്ഞപ്പോൾ മനസ്സിലായി, നഗരം അതിന്റെ സുന്ദരമുഖം കാണിക്കുന്നതല്ലെന്ന്. ആദ്യമെല്ലാം തെരുവു യുദ്ധങ്ങൾ ഒരു ഭീതിയോടെ കണ്ടുനിന്നു. പിന്നെ അതിൽ പങ്കുചേർന്നു. ബോംബുകൾ ഉണ്ടാക്കാൻ ഞാൻ പഠിച്ചു. അവ ഭരണകൂടത്തിന്റെ രക്ഷിതാക്കന്മാർക്കെതിരെ എറിയാൻ ഞാൻ പഠിച്ചു. അവരുടെ തോക്കുകളുതിർത്ത വെടിയുണ്ടകളേറ്റ് എനിക്കു മുറിവുണ്ടായി. മാസങ്ങളോളം ആസ്പത്രിയിൽ കിടന്നു. പിന്നെ മുറിവുകളുണങ്ങിയപ്പോൾ രാജദ്രോഹക്കുറ്റത്തിനു ജയിലിലുമായി. ഒരു വർഷത്തിനു ശേഷം പുറത്തിറങ്ങിയപ്പോൾ മനസ്സിലായി, ഞാൻ ബോംബെറിഞ്ഞവർ മുദ്രാവാക്യങ്ങളുമായി തെരുവിലാണെന്നും, അന്ന് എന്റെയൊപ്പം മുദ്രാവാക്യങ്ങൾ മുഴക്കി ബോംബെറിഞ്ഞവർ ഭരണ കൂടത്തിലാണെന്നും. ഞാൻ വീണ്ടും ബോമ്പുകളുണ്ടാക്കാനുള്ള സാമഗ്രികൾ അന്വേഷിച്ചു നടന്നു.

ആ നഗരം മടുത്തപ്പോൾ ഞാൻ വണ്ടികയറി. എത്തിയതു വടക്കുള്ള നഗരത്തിലായിരുന്നു. അവിടെ മരങ്ങളുടെ നിഴൽവിരിച്ച വീതിയുള്ള നിരത്തുകളുണ്ടായിരുന്നു. ആ വീഥികളിലൂടെ ഞാൻ ഐശ്വര്യവും തേടിനടന്നു. എന്റെ താടിയും തലമുടിയും നീണ്ടു. അവിടെ തൊഴിൽശാലകൾ കുറവായിരുന്നു. തലസ്ഥാന നഗരമായതുകൊണ്ട് അവിടെ സർക്കാർ ആപ്പീസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ആപ്പീസുകൾ വിട്ടു പുറത്തിറങ്ങിയ ജോലിക്കാർ സൈക്കിളിലും ബസ്സുകളിലും വീട്ടിലേക്കു തിരിച്ചു. സർക്കാർ അവർക്കു താമസിക്കാൻ ഒരേമട്ടിലുള്ള മഞ്ഞച്ചായമിട്ട ഗൃഹങ്ങൾ പണിതിരുന്നു. അവർക്ക് ക്ഷാമബത്ത കൊടുത്തിരുന്നു. അവിടെ തൊഴിൽശാലകളും തൊഴിലാളികളും ഇല്ലാതിരുന്നതിനാൽ തെരുവുയുദ്ധങ്ങൾ ഉണ്ടായിരുന്നില്ല. പകൽ മുഴവൻ ഓഫീസുകളിൽ പങ്കയ്ക്കു കീഴിൽ ഉറക്കംതൂങ്ങുകയും. രാത്രി വയറുനിറയെ ഭക്ഷണം കഴിച്ച് ഭാര്യമാരെ പുണർന്നുറങ്ങുകയും ചെയ്തിരുന്ന ഈ ജോലിക്കാർ തെരുവുയുദ്ധങ്ങൾ നടത്താനെന്നല്ല, ഒരു ചെറിയ പ്രതിഷേധ പ്രകടത്തിനുപോലും ത്രാണിയുള്ളവരായിരുന്നില്ല.

ഞാൻ നിരാശനായി. ജീവിക്കാൻ വേണ്ടി ഞാൻ പല ജോലിയുമെടുത്തു. തണുപ്പുകാലങ്ങളിൽ പാർക്കുകളിൽ രോമക്കുപ്പായം വിറ്റുനടന്നു. രാത്രി എന്റെ തണുത്ത മുറിയിൽ ചൂടിനുവേണ്ടി ആശിച്ചു കിടക്കുകയും ചെയ്തു. വേനലിൽ ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട് ഞാൻ തെരുവീഥികളിൽ അലഞ്ഞു. എന്റെ തലമുടിയിൽ ജടകയറി. ഐശ്വര്യത്തിനുവേണ്ടി നടത്തിയ യാത്രകൾ പരാജയമടഞ്ഞു. ഞാൻ ആ നഗരവും വിട്ടു പുറത്തിറങ്ങി. ഇപ്പോൾ ഇതാ, ഇവിടെ എത്തിയിരിക്കുന്നു.

അപ്പോൾ അതാണ് എന്റെ കഥ. ഒരു നീണ്ട അന്വേഷണത്തിന്നിടയിൽ ഞാൻ തേടിക്കൊണ്ടിരുന്ന ഐശ്വര്യം എനിക്കു കൈമോശം വന്നു. ഞാൻ തി

രിച്ചു പോകയാണ്. പക്ഷേ, എനിക്കു വഴിയറിയില്ല. എന്തും ഒരിക്കൽ കൈമോശം വന്നാൽ തിരിച്ചു കിട്ടില്ല.

നാഗരികന്ന് അപരിചിതൻ പറയുന്നതു് മനസ്സിലായില്ല. അയാൾ ദുർബ്ബലനായ ഒരു വികാരജീവിയാണെന്നു മനസ്സിലായതുകൊണ്ടു് അയാളുടെ കാര്യത്തിൽ താൽപര്യമുണ്ടെന്നു നടിച്ചു.

അപരിചിതന്റെ ഭാണ്ഡക്കെട്ടു് അടുത്തുതന്നെ ബെഞ്ചിൽ വെച്ചിരുന്നു. മുഷിഞ്ഞ ഒരു ഭാണ്ഡം. അതു നോക്കിക്കൊണ്ടു് നാഗരികൻ പറഞ്ഞു: നിങ്ങൾ വളരെയധികം സ്ഥലങ്ങളിൽ പോയെന്നു മനസ്സിലാവുന്നുണ്ടു്.

അതെയതെ, വളരെയധികം സ്ഥലങ്ങൾ. ഞാൻ പറഞ്ഞില്ലേ, എല്ലായിടത്തും ഞാനൊരപരിചിതനായിരുന്നു. എനിക്കാരെയും മനസ്സിലാക്കാൻ കഴിഞ്ഞില്ല. നഗരങ്ങളിൽ ആകാശംമുട്ടുന്ന കെട്ടിടങ്ങൾ കണ്ടു് ഐശ്വര്യമാണെന്നു ഞാൻ ആദ്യമെല്ലാം തെറ്റിദ്ധരിച്ചു. പിന്നെ അവയിലൊന്നിൽ, കാറ്റും വെളിച്ചവും കടക്കാത്ത മുറിയിൽ താമസിച്ചപ്പോൾ മനസ്സിലായി ആ കെട്ടിടങ്ങളുടെ സ്വാർത്ഥലാഭത്തിനാണ് നിങ്ങളെ താമസിപ്പിക്കുന്നതെന്ന്. അവയുടെ എതിർപ്പില്ലാത്ത വളർച്ച അപകടകരമാണെന്ന്.

വമ്പിച്ച തൊഴിൽശാലകളുടെ പുകക്കുഴലുകൾ കണ്ടപ്പോൾ ഞാൻ വിചാരിച്ചു, അവ ഐശ്വര്യത്തിന്റെ ഇരിപ്പിടമാണെന്ന്. പക്ഷേ, അവയിലൊന്നിൽ സൂര്യനെ കാണാതെ പണിയെടുത്തപ്പോൾ മനസ്സിലായി, ഐശ്വര്യം ഈ നിർദ്ദയമായ യന്ത്രങ്ങളുടെ വളരെ ദൂരത്താണെന്ന്!.

രാത്രികളിൽ മത്താപ്പു കത്തിക്കുന്നതിന്റെ ശോഭയും, പടക്കം പൊട്ടിത്തെറിക്കുന്നതിന്റെ ശബ്ദവും കേട്ടപ്പോൾ ഞാൻ വിചാരിച്ചു, അവർ ഐശ്വര്യം കൊണ്ടാടുകയാണെന്ന്. മോഹിതനായി തെരുവിലിറങ്ങിയപ്പോഴാണ് മനസ്സിലായതു് അതു മത്താപ്പിന്റെ വെളിച്ചമോ പടക്കങ്ങളുടെ ശബ്ദമോ അല്ലാ, മറിച്ച് പരിമിതമായ സമ്പത്തു വിഭജിച്ചെടുക്കാനുള്ള തെരുവുയുദ്ധങ്ങളെ അമർത്താൻ വെടിമരുന്നു പ്രയോഗിക്കുകയാണെന്ന്.

ഞാൻ നിരാശനായി. ഞാനിനി എന്റെ നാട്ടിലേക്കു തിരിച്ചു പോകയാണ്.

നാഗരികൻ അസ്വസ്ഥനായി. അയാളിൽ ഇതുവരെയില്ലാത്ത ഒരു വെളിച്ചം. അയാൾ ചോദിച്ചു: "നിങ്ങളുടെ നാടെവിടെയാണ്?"

അപരിചിതൻ നിശ്ശബ്ദനായി. അയാൾ സ്വന്തം നാട്ടു് സ്വപ്നം കാണുകയായിരുന്നു. ആ സ്വപ്നത്തിന്നിടയിൽ അടുത്തിരുന്ന നാഗരികനും, അവരിരുന്ന ഉദ്യാനവും, ചുറ്റുമുള്ള രാജവീഥിയും അതിന്റെ കരയിൽ തലയുയർത്തി നില്ക്കുന്ന കൂറ്റൻ കെട്ടിടങ്ങളും അപ്രസക്തമായി. വർഷങ്ങളായുള്ള യാത്രയുടെ ക്ഷീണം വിട്ടകന്നു. പെട്ടെന്ന് നാഗരികന്റെ ശബ്ദം അയാളെ ഉണർത്തി:

"എവിടെയാണു നിങ്ങളുടെ നാട്ടു്?"

"എന്റെ നാടോ? അതു തെക്കു് പർവ്വതനിരകൾക്കും അപ്പുറത്താണ്. പച്ചനിറമുള്ള രാജ്യം. ഋതുക്കൾ പച്ചപ്പു് മാറ്റുന്നില്ല. അവിടെ ഋതുക്കളുടെ ഓരോ മാറ്റവും ആഘോഷിക്കപ്പെടുന്നു. അവിടെ ഉയർന്ന കെട്ടിടങ്ങളോ, പുകതുപ്പുന്ന തൊഴിൽശാലകളോ ഇല്ല. അതുകൊണ്ടു് ആകാശം നീലനിറമാണ്. ഞങ്ങൾ ഓലമേഞ്ഞ

പുരകളിൽ താമസിച്ച, വീട്ടിനു മുൻപിലുള്ള വയലുകൾ ഞങ്ങൾ ഉഴുതു, ധ്യാന്യം വിതച്ചു. ഞാറു നടുമ്പോൾ ഞങ്ങൾ പാട്ടുപാടി. വയലുകളുടെ അവസാനം നീലാകാശം വളഞ്ഞുവന്ന് നിലംതൊടുന്നു. നിങ്ങൾക്കതു കൈകൊണ്ടു തൊടാം. ആകാശത്തിന്റെ നേരിയ നീലപ്പൊടി കൈയിൽ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. സന്ധ്യയ്ക്ക് അസ്തമനത്തിനായി ക്ഷീണിച്ചുവരുന്ന സൂര്യനേയും, രാത്രി പ്രകാശിക്കുന്ന ചന്ദ്രനേയും നക്ഷത്രങ്ങളേയും കൈ കൊണ്ടു തൊടാം.

അവിടെ ഉത്തരായണം കഴിഞ്ഞ് സൂര്യൻ തിരിച്ചു വരുമ്പോൾ കർക്കിടസംക്രാന്തിയിൽ ശീവോതിയെ കുടിയിരുത്തി പൂക്കളർപ്പിക്കുന്ന ചന്ദനത്തിന്റെ വാസനയുള്ള പെൺകുട്ടികളുണ്ട്.

ഞങ്ങളുടെ വയലുകൾ കൊയ്ത്തുകഴിഞ്ഞ് ഒഴിഞ്ഞു കിടക്കുമ്പോൾ, വസന്തം വരുകയും വയലുകളിൽ നീലയും മഞ്ഞയും പൂക്കൾ വിരിയുകയും ചെയ്യുമ്പോൾ ഞങ്ങൾ വസന്തോത്സവം ആഘോഷിക്കാറുണ്ട്.

"അവിടേക്ക്, ആ ഐശ്വര്യത്തിലേക്ക് ഞാൻ തിരിച്ചുപോകയാണ്", അപരിചിതൻ പറഞ്ഞു. അയാളുടെ കണ്ണുകൾ തിളങ്ങി ഒപ്പംതന്നെ അനേകകാലമായി അലഞ്ഞു തിരിയുകയായിരുന്നെന്നും, യാത്രയ്ക്കിടയിൽ അതു തനിക്കിനി തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടുവെന്നും അയാൾ ദുഃഖത്തോടെ ഓർത്തു.

— 7 —

## മറ്റൊരു തോട്ടക്കാരൻ

നടുവിൽ വൃത്താകൃതിയിലുണ്ടാക്കിയ തടത്തിൽ ചുവപ്പുറോസിന്റെ കമ്പുകൾ നട്ടു. അതിനു ചുറ്റും ഒരു വട്ടത്തിൽ സീനിയയുടെ തൈകൾ. അതു പല നിറത്തിലുള്ള പൂക്കളാണെന്നാണ് സുമൻ പറഞ്ഞത്. അതിനു ചുറ്റും പേരെന്തെന്നറിയാത്ത ഒരു ചെടിയുടെ തയ്യുകളാണ്. കുറേയധികമുണ്ട്. പതിനഞ്ചു മിനിറ്റുനേരം ആ പൂവിന്റെ ആകൃതിയെപ്പറ്റി പറഞ്ഞിട്ടും മീനയ്ക്കു മനസ്സിലായില്ല. ഇനി അതു വലുതായി പൂവിട്ടു മ്പോൾ കാണാം. പക്ഷേ, ധാരാളം കണ്ടിട്ടുള്ള പൂവാവാനും വഴിയുണ്ട്. സൂര്യകാന്തി ച്ചെടികൾ നാലു മൂലകളിൽ ചെറിയ തടങ്ങളുണ്ടാക്കി നട്ടു. പിന്നെ വൃത്താകൃതിയെ ചതുരമാക്കാൻ ചുറ്റും ടേബ്ൾ റോസ്. എല്ലാം വളർന്നു വലുതായാൽ താജ്മഹൽ പോലെയുണ്ടാകും. സൂര്യകാന്തിച്ചെടികൾ അതിന്റെ നാലു മിനാറുകൾപോലെ.

ബക്കറ്റിൽ വെള്ളം കൊണ്ടുവന്ന്, സാരിയുടെ തല എളിയിൽ തിരുകി ചെറിയ പാത്രമെടുത്ത് അവൾ ഓരോ ചെടിയും നനച്ചു. നനയ്ക്കൽ കഴിഞ്ഞപ്പോൾ ബക്കറ്റ മാറ്റിവെച്ച്, അകന്നുനിന്ന് അവൾ തോട്ടം പരിശോധിച്ചു. സീനിയത്തയ്യുകൾ വാടി യിരുന്നു. ആകപ്പാടെ രംഗം അത്ര ആശാവഹമായിരുന്നില്ല. രണ്ടു ദിവസം കഴി ഞ്ഞ് ചെടികളുടെ വാട്ടം മാറികിട്ടിയാൽ കുറച്ചുകൂടി നന്നാവും. അവ പൂവിടാൻ തുട ങ്ങിയാൽ എന്തു രസമായിരിക്കും!.

സൂര്യരശ്മികൾ അവളെ വാട്ടാൻ തുടങ്ങിയിരുന്നു. അവൾ പക്ഷേ, അതറിഞ്ഞി ല്ല. അവളുടെ കൺമുമ്പിലൂടെ ഋതുക്കൾ വെള്ളപ്രാവുകളെപ്പോലെ പറന്നകന്നു. തോട്ടം വളർന്നു വലുതായി. ചരൽ പാകിയ ഇടവഴികൾ, നിറയെ ജലധാരകൾ, മത്സ്യങ്ങൾ കളിക്കുന്ന തെളിഞ്ഞ വെള്ളമുള്ള ജലാശയം. അതിൽ വിരിഞ്ഞു നി ല്ക്കുന്ന താമരപ്പൂക്കൾ. ആ തോട്ടത്തിൽ ചരൽപ്പാതയിലൂടെ എല്ലാം മറന്നു നടക്കു മ്പോൾ വീട്ടിൽ നിന്ന് ഒരു വിളി:

"അമ്മേ..."

മീനയ്ക്കു പരിസരബോധമുണ്ടായി. മുകളിൽ എരിയുന്ന സൂര്യനെ അവൾ കണ്ടു. അവൾ സാരിയുടെ അറ്റം തലയിലൂടെ ഇട്ട് ബക്കറ്റുമായി വീട്ടിലേക്കു നടന്നു.

"അമ്മേ, അച്ഛൻ വരുന്നു."

രാജിമോൾ സ്വീകരണമുറിയുടെ ജനലിൽ കയറി നിന്ന് അച്ഛനെ വിളിക്കുക യാണ്. അച്ഛൻ വീട്ടിനു പുറകിലുള്ള കുറുക്കു വഴിയിലൂടെ വന്ന് കമ്പിവേലി പൊട്ടി യിടത്തുകൂടി കയറുന്നതു മീന നോക്കിനിന്നു. അവർ ഈ പുതിയ വീട്ടിൽ ഒരാഴ്ചമുമ്പ് താമസമാക്കിയ അന്നുതൊട്ട് അവൾ എന്നും നോക്കി നില്ക്കാറുള്ളതാണ്. ഭർത്താവ്

ഓഫീസിൽ പോയാൽ അന്നത്തെ അടുക്കള ജോലികളെല്ലാം കഴിച്ചുവെക്കും. മോളെ കുളിപ്പിച്ചശേഷം അവളും കുളിക്കും. അതുകഴിഞ്ഞ് ഒരു പുസ്തകമെടുത്തു സോഫയിൽ ചാരിയിരിക്കും. അങ്ങനെയിരിക്കുമ്പോഴായിരിക്കും അച്ഛന്റെ വരവ്. ഒരാഴ്ചയായി എന്നും അദ്ദേഹം മോന്റെ പുതിയ വീടു കാണാൻ വരാറുണ്ട്.

രാജി ജനലിൽനിന്നിറങ്ങി അടുക്കള വാതിലിന്നടുത്ത് അച്ഛനെ സ്വീകരിക്കാൻ തയ്യാറായിനിന്നു. അച്ഛൻ അവളെ വാരിയെടുത്താൽ അവൾ ആദ്യം തപ്പുക കീശയിലാണ്. അവൾക്കാവശ്യമുള്ള സാധനം കിട്ടിക്കഴിഞ്ഞാൽ അവൾ അച്ഛനെ വിടും.

അയാൾ അടുക്കളയിലൂടെ നടന്ന് ഹാളിലെത്തി.

"മീനുമോൾ, ആ ഫാൻ ഒന്നു കൂട്ടു. എന്തു ചൂട്! തീവണ്ടിയിൽ ഏതു സമയത്തും തിരക്കാണെന്നു തോന്നുന്നു. ഇത്രയും മനുഷ്യർ എവിടേക്കാണു പോകുന്നത്?"

അയാളുടെ കഷണ്ടിയിൽനിന്ന് വിയർപ്പ് നരച്ച പുരികത്തിന്മേലേക്ക് ഒലിച്ചിറങ്ങി. ഫാനിന്റെ കാറ്റ് ആ സ്വേദബിന്ദുക്കളെ സാവധാനത്തിൽ ഒപ്പിയെടുക്കുന്നത് അവൾ ശ്രദ്ധിച്ചു.

ദാദറിൽനിന്ന് ബോറിവില്ലിക്കു കുറച്ചു ദൂരമല്ല ഉള്ളു! പിന്നെ സ്റ്റേഷനിൽനിന്ന് പതിനഞ്ചു മിനിറ്റു നടത്തം. ഇതെല്ലാം ഈ കിഴവൻ എങ്ങനെ സഹിക്കുന്നു? അത്ഭുതം തന്നെ!.

വിയർപ്പൊന്നടങ്ങി ക്ഷീണം മാറിയപ്പോൾ കിഴവൻ പറഞ്ഞു: ഇന്നു നമുക്ക് തോട്ടപ്പണി തുടങ്ങണം. ഞാൻ സാധനങ്ങളൊക്കെ കൊണ്ടു വന്നിട്ടുണ്ട്.

അയാൾ ഒപ്പം കൊണ്ടുവന്ന തുണി സഞ്ചി തുറന്ന് സാധനങ്ങൾ പുറത്തെടുത്തു. ഉളിപോലെയുള്ള ഒരായുധം. ഒരു ചെറിയ പിക്കാക്സ്, കല്പണിക്കാർ ഉപയോഗിക്കുന്ന കൊലേര്.

ഓരോ ആയുധവും സഞ്ചിയിൽ നിന്നെടുത്ത് മുഖത്തിനടുത്തു പിടിച്ച് തിരിച്ചും മറിച്ചും വിദഗ്ദമായി പരിശോധിച്ചു നിലത്തുവെച്ചു.

ആദ്യം കുറച്ചു കിളച്ചുമറിക്കാനുണ്ട്. എന്നിട്ട് തടം കൂട്ടിയിട്ടു വേണം ചെടികൾ കൊണ്ടുവരാൻ.

മീന മനസ്സിൽ ചിരിച്ചു.

"നമുക്ക് നടുവിൽ ഒരു തടത്തിൽ നിറയെ റോസ് ചെടികൾ നടാം." വൃദ്ധൻ തുടർന്നു. "ചുറ്റും ഇതാ ഇത്ര വീതിയിൽ സീനിയ ചെടികൾ. അതിനുചുറ്റും ക്രിസാന്തെമം. ചുറ്റും ടേബ്ൾ റോസു കൊണ്ട് ഒരു ചതുരം ഉണ്ടാക്കണം, പിന്നെ സൂര്യകാന്തികൾ."

വൃദ്ധൻ നിർത്തി; മനസ്സിൽ തോട്ടത്തിന്റെ ഭംഗി ആസ്വദിക്കുകയായിരുന്നു.

മീന ആശ്വസിച്ചു. അച്ഛൻ ഇപ്പോൾ പറഞ്ഞപ്രകാരം തന്നെയാണ് തോട്ടം ഉണ്ടാക്കിയിരിക്കുന്നത്. അതു നന്നായി. താൻ തോട്ടമുണ്ടാക്കിയതിനെപ്പറ്റി അച്ഛനോടു പറയാൻ രണ്ടുപ്രാവശ്യം ഓങ്ങി, പക്ഷേ, പറയലുണ്ടായില്ല. അച്ഛൻ സ്വയം കണ്ടോട്ടെ. ഒരു ചെറിയ അത്ഭുതമെങ്കിലും ഉണ്ടാക്കണ്ടെ? അവൾ ആലോചിച്ചു ചിരിച്ചു.

വൃദ്ധൻ അപ്പോഴും സ്വപ്നം കാണുകയായിരുന്നു

"അച്ഛാ, ഞാൻ ചായയുണ്ടാക്കട്ടെ?"

അയാൾ ഉണർന്നു.

"ശരി മോളെ നല്ല കടുപ്പത്തിലാവട്ടെ."

മീന അടുക്കളയിലേക്കു നടന്നു.

കടുപ്പമുള്ള ചായ, മോളെ എന്ന സ്നേഹപൂർവ്വമുള്ള വിളി, ഇതെല്ലാം വർഷങ്ങൾക്കു മുമ്പ് മരിച്ചുപോയ അച്ഛനെ ഓർമ്മിപ്പിക്കുന്നതായിരുന്നു. അതുപോലെ മകനുമായുള്ള കലഹം. എല്ലാം അവൾക്ക് അവളുടെ നഷ്ടപ്പെട്ട അച്ഛനെ തിരിച്ചു കൊടുത്തു.

ചിന്തകളിൽ മുഴുകിയിരുന്നതുകൊണ്ട് അടുപ്പത്തുള്ള പാത്രത്തിലെ വെള്ളം തിളച്ചതും അതേ സമയത്ത് പുറത്തു പെട്ടെന്നുണ്ടായ പൊട്ടിത്തെറിയും അവളെ ഞെട്ടിപ്പിച്ചു. ഒരു നിമിഷനേരം എന്താണു ചെയ്യേണ്ടതെന്നറിയാതെ അവൾ സ്തംഭിച്ചു നിന്നു. പിന്നെ ചായപ്പൊടിയിട്ട് ഗ്യാസ് സ്റ്റൗ കെടുത്തി പാത്രം അടച്ചു വെച്ച് അവൾ തളത്തിലൂടെ നടന്ന് കിടപ്പുമുറിയുടെ ജനലിലൂടെ പുറത്തേക്കു നോക്കി.

അച്ഛൻ അപ്പോഴും അട്ടഹസിക്കുകയായിരുന്നു. മുഖം ദേഷ്യം കൊണ്ടു ചുവന്നിരുന്നു.

"ആരാണീ പണി ചെയ്തത്? ഈ കാട്ടുചെടികളെക്കെ കൊണ്ടുവന്ന് നട്ട് കാടാക്കാനോ? സീനിയയോ? നടാൻ കണ്ട സാധനം? ഈ റോസൊക്കെ ഇങ്ങനെ നട്ടാൽ നന്നോ? ഏതു നിറം പൂവാണെന്നുകൂടി അറിയില്ല. മനുഷ്യര് കുറച്ചൊക്കെ വകതിരിവോടെ കാര്യങ്ങൾ ചെയ്താൽ എത്ര നന്നായിരുന്നു! ഇതൊക്കെ വലുതായാൽ വെറും ഒരു കാടാവില്ലെ ഇവിടെ? വല്ല പാമ്പെങ്ങാനും വന്നു കയറിയാൽ അറിയുമോ?"

പിന്നെ, മീന ജനലിൽക്കൂടി നോക്കിയത് അബദ്ധമായെന്നു തോന്നത്തക്ക വിധം ഒരു സംഭവം നടന്നു. കിഴവൻ ദേഷ്യം സഹിക്കവയ്യാതെ ചെടികൾ ഓരോന്നോരോന്നായി പറിച്ചെടുത്തു കമ്പിവേലിക്കു മുകളിലൂടെ നിരത്തിലേക്കു വലിച്ചെറിഞ്ഞു. എന്നിട്ടു തിരിഞ്ഞുനോക്കാതെ മരത്തിന്റെ ഗെയ്റ്റു വലിച്ചുതുറന്ന് ഒരു കൊടുങ്കാറ്റുപോലെ പുറത്തേക്കു പോയി.

കാലുകൾ തരിച്ച് അനങ്ങാൻ വയ്യാതെ മീന ജനൽക്കൽ നിന്നു. വാടിയ ചെടികൾ നിസ്സഹായരായി ടാറിട്ട നിരത്തിൽ മലർന്നടിച്ചു കിടക്കുന്നത് അവൾ കണ്ടു. മണ്ണിൽ വേരൂന്നാനുള്ള അവസരം കൂടി കിട്ടിയില്ല. ഒരു കാർ ഇരമ്പിയടുക്കുന്നുണ്ടായിരുന്നു. അതിന്റെ ചക്രം ഒരു നിമിഷത്തിനുള്ളിൽ അവളുടെ ചെടികൾക്കു മീതെ പോകുമെന്നായപ്പോൾ അവൾ കൺതിരിച്ചു. കാണാൻ വയ്യ. കാറു പോയ ശേഷം നോക്കിയപ്പോൾ ഒരു റോസ് കൊമ്പും, കുറെ സീനിയത്തയ്യുകളും അരഞ്ഞു നാശമായിരിക്കുന്നു. അടുത്തു തന്നെ വേറൊരു കാർ വന്നപ്പോൾ ചെടികൾ അരയുന്നത് മനസ്സുറപ്പോടെ നിസ്സംഗതയോടെ നോക്കിനിന്നു. അവസാനം നിരത്തിന്റെ അരുകിൽ വീണ വാഹനങ്ങളിൽ നിന്നു രക്ഷപ്പെട്ട ഒരു ചെറിയ ചെടി ഒരാളുടെ കനത്ത ഷൂസിന്നടിയിൽ അമരുന്നതുകൂടി കണ്ടപ്പോൾ അവൾ നിയന്ത്രിക്കാൻ കഴിയാതെ തേങ്ങി തേങ്ങി കരഞ്ഞു.

എത്രനേരം ജനലയ്ക്കൽ ഇരുന്നു കരഞ്ഞുവെന്നറിയില്ല. പെട്ടെന്നവൾ മകളെപ്പറ്റി ഓർത്തു. അവളുടെ ശബ്ദമൊന്നും കേൾക്കാനില്ല. മീന സ്വീകരണമുറിയിൽ പോയി നോക്കി. അവിടെ രണ്ടു സോഫകളുടെ ഇടയിലുള്ള ഇടുങ്ങിയ സ്ഥലത്ത് രാജിമോൾ മുഖം കുനിച്ച് ഇരിക്കുകയായിരുന്നു. അവൾ മകളെ എഴുന്നേല്പിച്ചു. അവളുടെ കണ്ണുകളിൽ ഭീതിയുണ്ടായിരുന്നു.

“സാരല്യ മോളെ. അച്ഛനു ദേഷ്യം പിടിച്ചതല്ലെ?”

ഭീതി സങ്കടമായി മാറി. കണ്ണുതിരുമ്മിക്കൊണ്ടവൾ വിക്കി വിക്കി പറഞ്ഞു. “ഇനി പൂവുണ്ടാവില്ല്യ.”

തോട്ടത്തിൽ ചെടികൾ നടുമ്പോൾ അവൾ രാജിയോടു പറഞ്ഞതായിരുന്നു. ഈ ചെടികളെല്ലാം വലുതായാൽ നിറയെ പൂക്കളുണ്ടാവും. രാജിമോൾ ആ പൂവൊക്കെ അറുത്ത് അമ്മയ്ക്കു കൊണ്ടുവന്നു തരും. അമ്മ ആ പൂവോണ്ട് മാലയുണ്ടാക്കി രാജിമോൾടെ തലമുടിയിൽ വെയ്ക്കും.

“എവിടെ തോട്ടം?”

മീന ഒരിക്കൽക്കൂടി പുറത്തേക്കു നോക്കി. നോക്കാതിരിക്കാൻ ശ്രമിച്ചിട്ടും കണ്ണുകൾ ചതഞ്ഞരഞ്ഞ ചെടികളിലേക്കു തന്നെ പോയി. അവൾ നെടുവീർപ്പിട്ടു.

പുറത്തു വെയിലായിരുന്നു. ഓളമടിക്കുന്ന വെയിൽ. ഈ പുതിയ വീട്ടിൽ താമസമാക്കിയ അന്നുമുതൽ അവൾക്കനുഭവപ്പെടാറുള്ളതാണിത്. ഈ വെയിൽ കാണുമ്പോൾ വളരെ കുട്ടിക്കാലത്ത്, നിറയെ കള്ളിച്ചെടികളും പച്ച നിറത്തിൽ ഇരട്ട ഇലയുള്ള ഒരു പടർചെടിയും മുറ്റത്തിനരുകിൽ പച്ചപ്പായൽ പിടിച്ച മതിലുമുള്ള ഒരു വീട്ടിൽ പോയത് ഓർമ്മവരുന്നു. വളരെ കുട്ടിയിൽ പോയതാണ്; പിന്നെ കുറെക്കൂടി വലുതായശേഷം ഇടയ്ക്കിടെ ആ വീടിനെപ്പറ്റി ഓർമ്മ വരുമ്പോൾ അവൾ അമ്മയോട് ചോദിക്കാറുണ്ട്: “ഏതാണ് അമ്മേ ആ വീട്?” അങ്ങനെ ഒരു വീടിനെപ്പറ്റി അമ്മയ്ക്കറിയില്ല. അവളാകട്ടെ അതിന്റെ നിസ്സാരമായ അംശങ്ങൾക്കൂടി ഓർമ്മയിൽ സൂക്ഷിച്ചിരുന്നു. പൊട്ടിയ ഒരു മൂലയോട്, മുറ്റത്തു നിന്ന് പഴയ ചെങ്കല്ലു പടുത്ത ഒതുക്കുകൾ, മുകളിലെ തട്ടിൽ പൊളിഞ്ഞ ഒരമ്പലം. “ഏതാണമ്മേ ആ വീട്?”

ഇവിടെ ഈ പുതിയ വീട്ടിൽ ഇരുന്ന് പുറത്തു വെയിൽ ഓളം വെട്ടുന്നതു കാണുമ്പോൾ വീണ്ടും, ഇടയ്ക്കിടെ, ആ പഴയ, എന്നോ ഓർമ്മയിലേക്കു നഷ്ടപ്പെട്ട വീട് അവൾ ഓർത്തു.

അങ്ങനെ നോക്കിയിരിക്കുമ്പോൾ അവൾ അച്ഛൻ വരുന്നതു കണ്ടു. കൈയിൽ കുറെ ചെടികൾ. ആദ്യം അവൾക്ക് അയാളുടെ മുഖം കാണാൻ പറ്റിയില്ല. ചെടികളുടെ ഇലകൾക്കിടയിൽ അയാളുടെ മുഖം മറഞ്ഞിരുന്നു. ദൂരെനിന്നു കാണുമ്പോൾ, കഴുത്തിൽ നിന്ന് ഇലകൾ തഴച്ചുവളരുന്ന ഒരു മനുഷ്യൻ നടന്നടുക്കുന്ന പോലെ തോന്നി. പിന്നെ അയാൾ നടന്നടുത്തപ്പോൾ വിയർത്തൊട്ടിയ ജൂബ്ബയും, തേഞ്ഞുതുടങ്ങിയ ചെരുപ്പും നടത്തത്തിലുള്ള ആവേശവും ആ ചെടികൾ ഏറ്റിയിരുന്ന ആളുടെ വ്യക്തിത്വം അറിയിച്ചു.

അച്ഛൻ ഗെയ്റ്റു കടന്നുവന്നു. പണിയായുധങ്ങൾ മുറ്റത്തു ചിതറിക്കിടന്നിരുന്നു. ചെടികൾ നിലത്തു ശ്രദ്ധയോടെ വച്ചശേഷം അയാൾ കൊലേര് എടുത്തു മണ്ണു നിരത്താൻ തുടങ്ങി. മരുമകൾ മണ്ണു കിളച്ചു മറിച്ചതുകൊണ്ട് മൂപ്പരുടെ പണി എളുപ്പമായിരുന്നു. അപ്പോഴും ചിതറിക്കിടന്നിരുന്ന വലിയ കട്ടകൾ ഉടയ്ക്കുകയേ വേണ്ടൂ. അദ്ദേഹം നിഷ്കർഷയോടെ ജോലി ചെയ്തു. പണി വളരെ സാവധാനത്തിൽ ഇഞ്ചിഞ്ചായി മാത്രം നീങ്ങി.

നോക്കിനില്ക്കുക രസകരമായിരുന്നു. കട്ടകൾ ഉടയ്ക്കുന്നതോടൊപ്പം മണ്ണിലുള്ള വേരുകളും പുല്ലുകളും എടുത്തുമാറ്റി, പിന്നെ കൈകൊണ്ടു ചെറിയ കട്ടകളും ഉടച്ചു നിരത്തി. ഒരു പിഞ്ചുപൈതലിനു കിടക്ക ഒരുക്കുന്ന അമ്മയുടെ നിഷ്കർഷയോടെ അയാൾ ചെടികൾക്കുള്ള തടം ഒരുക്കി.

മീന അടുക്കളയിലേക്കു പോയി ചായയ്ക്കുള്ള വെള്ളം അടുപ്പത്തു വച്ചു. നേർത്തെ ചായപ്പൊടിയിട്ട വെള്ളം സിങ്കിൽ ഒഴിച്ചുകളഞ്ഞു.

ചായ കപ്പിലാക്കി സ്വീകരണമുറിയിലേക്കു നടക്കുമ്പോൾ അവൾ ജനലിലൂടെ പുറത്തേക്കു നോക്കി. അച്ഛൻ അപ്പോഴും കുമ്പിട്ടിരുന്നു തടം ശരിപ്പെടുത്തുകയായിരുന്നു. അവൾ ചായ മേശപ്പുറത്തു കൊണ്ടുപോയി വച്ചു. അച്ഛനെ വിളിക്കാനായി വാതിൽവരെ പോയി. അവൾക്കു ഭയമായി. ഒരിക്കൽ വിളിക്കാൻ ഓങ്ങിയെങ്കിലും വിളിച്ചില്ല. അവൾ വീണ്ടും തിരിച്ചു കിടപ്പറയുടെ ജനല്ക്കൽ വന്നു നില്പായി.

തടത്തിന്റെ പണി ഒരുമാതിരി കഴിഞ്ഞു തുടങ്ങി. അയാൾ ഇപ്പോൾ റോസ്കമ്പുകൾ ഓരോന്നോരോന്നെടുത്തു മുഖത്തോടടുപ്പിച്ചു പിടിച്ചു ചെറിയ പേനാക്കത്തി കൊണ്ടു കമ്പുകളുടെ അറ്റം ചെത്തി വൃത്തിയാക്കുകയായിരുന്നു. വൃത്തിയാക്കിയ ഓരോ കമ്പും ശ്രദ്ധയോടെ നിലത്തു നിരത്തിവച്ചു.

പെട്ടെന്നു മീന അച്ഛന്റെ കഷണ്ടിത്തലയിൽ തട്ടിത്തിളങ്ങുന്ന സൂര്യനെ കണ്ടു. ചുട്ടുപൊള്ളുന്ന വെയിലായിരുന്നു പുറത്ത്. അച്ഛന്റെ ജൂബ്ബ വിയർപ്പുകൊണ്ടു നനഞ്ഞു ദേഹത്തോടൊട്ടിയിരുന്നു. അയാൾ ഇതൊന്നും അറിഞ്ഞില്ല. അയാളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ആ ചെടികളും, അവ തഴച്ചുവളരാൻ പോകുന്ന കറുത്ത പശിമയുള്ള മണ്ണും മാത്രമേ നിലനില്പുള്ളു. അവിടെ ക്രൂരനായ സൂര്യനോ, തന്റെ തോട്ടം അപഹരിക്കാൻ ശ്രമിച്ച മരുമകൾക്കോ എവിടെ സ്ഥാനം?

ഉണ്ടാക്കിവച്ച ചായ തണുത്തിട്ടുണ്ടാകുമെന്ന് മീന ഓർത്തു. അവൾ അടുക്കളയിൽ പോയി ഒരു കപ്പു ചായകൂടി ഉണ്ടാക്കി മേശപ്പുറത്തുകൊണ്ടുപോയി വച്ചു. തണുത്താറിയ ചായ തിരിച്ച് അടുക്കളയിൽ കൊണ്ടുപോയി കളയാൻ തോന്നാതെ മേശമേൽ വച്ചു. തിരിച്ചു വീണ്ടും ജനല്ക്കൽ നോക്കിനില്പായി.

റോസ്കമ്പുകൾ വൃത്താകൃതിയിൽ നട്ടുകഴിഞ്ഞു. ഇപ്പോൾ സീനിയ തൈകൾ നടുകയാണ്. വെയിലിൽ അവ വാടിക്കുഴഞ്ഞിരുന്നു. ഓരോ ചെടികളും നട്ടശേഷം അയാൾ അവയുടെ വാടിയ തല പിടിച്ചുയർത്തി താലോലിക്കും. കൈവിട്ടാൽ അവ വീണ്ടും തലകുനിച്ചു നില്ക്കും.

അച്ഛന്റെ കഷണ്ടിത്തലയിൽ വന്നടിക്കുന്ന വെയിലിനെപ്പറ്റി അവൾ വീണ്ടും ഓർത്തു. ഈ മനുഷ്യൻ വാടുന്നില്ലേ? സമയ മെത്രയായിട്ടുണ്ടാകും? മേശമേൽ വച്ച ടൈംപീസ് സമയം രണ്ടായെന്നു കാണിച്ചു. അവൾ മനസ്സിൽ ഗണിച്ചു. ഏകദേശം രണ്ടുമണിക്കൂറായി അദ്ദേഹം അവിടെ വെയിലത്തു ജോലിയെടുക്കാൻ തുടങ്ങിയിട്ട്.

കൊണ്ടുപോയി വച്ച ചായ തണുത്തിരിക്കും. അവൾ അടുക്കളയിൽ പോയി വീണ്ടും ചായയ്ക്കു വെള്ളം വെച്ചു. വീണ്ടും ചായക്കപ്പുമായി വാതിൽവരെ പോയി സംശയിച്ചു നിന്നു. ധൈര്യം സംഭരിക്കാനാവാതെ തിരിച്ചു മേശപ്പുറത്തു കൊണ്ടുപോയി വച്ചു. തണുത്താറിയ ചായയുമായി തിരിച്ച് അടുക്കളയിലേക്കു നടന്നു.

തോട്ടം വിപുലമായി വരുകയാണ്. സീനിയ തൈകളുടെ വൃത്തം വീതി കൂടി വന്നു. പിന്നെ അതിനുചുറ്റും വേറൊരു ചെടികളുടെ വൃത്തം, ഒരു കോട്ടമതിൽപോലെ. അത് സുമൻ വളരെയധികം വിവരിച്ചിട്ടും അവൾക്കു മനസ്സിലാവാത്ത ആ പൂവിന്റേതാണ്. അതിന്റെ നാലു മൂലകളിലും സൂര്യകാന്തിച്ചെടികൾ പീരങ്കികൾ വഹിക്കുന്ന ഗോപുരങ്ങൾ പോലെ ശക്തമായി നിലകൊണ്ടു.

തോട്ടപ്പണി ഒരു മാതിരി കഴിഞ്ഞു. അച്ഛൻ ബക്കറ്റെടുത്തു വീടിന്റെ പിന്നിലെ ടാപ്പിൽനിന്ന് വെള്ളം കൊണ്ടുവന്നു ചെടികൾക്ക് ഓരോന്നായി നനച്ചു.

പെട്ടെന്ന് അവൾ ഓർത്തു, അച്ഛൻ നട്ട ചെടികൾ അവൾ രാവിലെ കൊണ്ടുവന്ന അതേതരം ചെടികളാണ്. അവ നട്ട ക്രമമാകട്ടെ, അവൾ ചെയ്തപോലെ തന്നെയാണ്. ഒരു വ്യത്യാസവുമില്ല അവൾ മനസ്സിൽ ചിരിച്ചു.

നനച്ചു കഴിഞ്ഞ് അയാൾ ബക്കറ്റും പാത്രവും മാറ്റി വച്ചു. കുറച്ചു വിട്ടുനിന്ന് തോട്ടത്തിന്റെ ഭംഗി ആസ്വദിച്ചു, ബ്രഷും പാലിറ്റും പിടിച്ച് പണി പൂർത്തിയായ ചിത്രത്തിനു മുമ്പിൽ നില്ക്കുന്ന ചിത്രകാരന്റെമാതിരി. അങ്ങനെ നില്ക്കുമ്പോൾ പെട്ടെന്നു മുകളിൽ കത്തുന്ന സൂര്യനെപ്പറ്റി അയാൾ ബോധവാനായി. നെറ്റിയിൽനിന്ന് ഊർന്നിറങ്ങുന്ന വിയർപ്പു തുള്ളികൾ കൈവിരലുകൊണ്ടു വടിച്ചെടുത്ത് അയാൾ ക്രുദ്ധനായി മുകളിലേക്കു നോക്കി. സൂര്യൻ നെറുകയിൽതന്നെ. അയാൾ നെറ്റിക്കു മുകളിൽ കൈകൊണ്ടു മറച്ച് പെട്ടെന്ന്, പരുഷമായി ഇടപെടാൻ വന്ന സൂര്യനെ നോക്കി. പിന്നെ തിരിഞ്ഞു വീട്ടിലേക്കും. ജനലിലൂടെ വീട്ടിനകത്തേക്കു കാണാൻ വേണ്ടി കണ്ണുകൾ ചെറുതാക്കി നോക്കി. ആരേയും കാണാനില്ല. തൊണ്ടയനക്കി അയാൾ ഉച്ചത്തിൽ വിളിച്ചു ചോദിച്ചു.

“വെയിലത്തു ജോലിയെടുക്കുന്ന ഈ കിഴവന് ഒരു ചായ തരാൻ ആരുമില്ലെ?”

അതിനു മറുപടിയൊന്നും പ്രതീക്ഷിച്ചില്ലെന്നു തോന്നുന്നു. മറുപടിയൊന്നുമുണ്ടായില്ല, അയാൾ വീണ്ടും തോട്ടത്തിലേക്കു തിരിഞ്ഞു. അല്ലറചില്ലറ പണികൾ ബാക്കിയുണ്ടായിരുന്നു. വല്ലാതെ കുഴഞ്ഞ ചെടികൾക്ക് ഊന്നു കൊടുക്കൽ, വളരെ ചെറിയ തൈകൾ വെള്ളമൊഴിച്ചപ്പോൾ മണ്ണിനടിയിൽപെട്ടതു പുറത്തെടുക്കൽ. അങ്ങനെ സ്വയം മറന്നു ജോലി തുടർന്നു കൊണ്ടിരിക്കുമ്പോൾ പേരക്കുട്ടി വിളിച്ചു:

“അച്ഛാ ചായ.”

അയാൾ ഉണർന്നു വീട്ടിലേക്കു നോക്കി. വെയിൽ അയാളുടെ കണ്ണുകളെ മഞ്ഞളിപ്പിച്ചിരുന്നു. അയാൾക്ക് പേരക്കുട്ടി വാതില്ക്കൽ നിന്നിരുന്നതു കാണാൻ കഴിഞ്ഞില്ല. അയാൾ ജോലി നിർത്തി വീട്ടിലേക്കു നടന്നു. പടികൾ കയറുമ്പോൾ രാജി വാതില്ക്കൽ നില്ക്കുന്നത് അയാൾ കണ്ടു.

“അച്ഛാ ചായ.”

ആറാമത്തെ കപ്പ ചായയുമായി മീന വന്നു. ഫാൻ മുഴുവൻ വേഗത്തിലാക്കി അയാൾ സോഫയിലിരുന്ന് മരുമകളുടെ കൈയിൽനിന്നു ചായക്കപ്പവാങ്ങി ആർത്തിയോടെ മൊത്തിക്കുടിക്കാൻ തുടങ്ങി. അയാളുടെ കൈകൾ വിറച്ചിരുന്നു.

“അച്ഛൻ എന്തിനാണ് ഇത്രനേരം വെയിലത്തിരുന്നു പണിയെടുത്തത്? വെയിലാറുന്നവരെ കാക്കായിരുന്നില്ലെ?”

അയാൾ സങ്കോചത്തോടെ മരുമകളെ നോക്കി. ഇത്രയുംനേരം അയാൾ അവളുടെ കണ്ണുകളിൽ നേരിട്ടു നോക്കാതെ ഒഴിഞ്ഞു മാറുകയായിരുന്നു.

“മോളെ, തോട്ടം ഉഗ്രാവും.” അയാൾ മടിയോടെ തുടർന്നു: “രണ്ടുദിവസം കഴിഞ്ഞ് ചെടികളുടെ വാട്ടമൊക്കെ ഒന്നു മാറട്ടെ.”

മരുമകളുടെ മുഖത്ത് അലോഗ്യമൊന്നുമില്ലെന്നു തീർച്ചയായപ്പോൾ അയാൾ ഉഷാറായി. നീ കണ്ടുവോ? നടുവിൽ നിറയെ റോസ്ചെടികൾ നട്ടിട്ടുണ്ട്. അതിനു ചുറ്റും സീനിയ തൈകൾ...

അവൾ വാത്സല്യത്തോടെ അയാൾ പറയുന്നതു ശ്രദ്ധിച്ചു. ഒരു തോർത്തെടുത്ത് അയാളുടെ കഷണ്ടിയിൽ മുറ്റിനില്ക്കുന്ന വിയർപ്പു തുള്ളികൾ ഒപ്പിയെടുത്തു.

“ഇനി ചായ വേണോ?”

“വേണം മോളെ. ചായ നല്ല കടുപ്പമുണ്ട്. നന്നായിട്ടുണ്ട്.”

അവൾ അടുക്കളയിൽ പോയി ഒരു കപ്പു ചായകൂടി എടുത്തു കൊണ്ടുവന്നു. വൃദ്ധൻ ആ ചായ സാവധാനത്തിൽ ആസ്വദിച്ചു കുടിച്ചു. പിന്നെ വിയർപ്പുകൊണ്ടൊട്ടിയ ജൂബ്ബ അഴിച്ചിട്ട് സോഫയിൽ നിവർന്നു കിടന്നു. മീന ഒരുതലയണ കൊണ്ടുവന്ന് അയാളുടെ തലച്ചുവട്ടിൽ തിരുകിക്കൊടുത്തു.

ആ ചൂടുള്ള അപരാഹ്നത്തിൽ ജനലിലൂടെ വന്ന കുളിർകാറ്റിൽ വൃദ്ധന്റെ കണ്ണുകൾ അടഞ്ഞുവന്നു. സുഷുപ്തിയിൽ പ്രജ്ഞ, നാട്ടിൻപുറത്തു കള്ളിച്ചെടികളും, പായൽപിടിച്ച പൊളിഞ്ഞ അരമതിലും, മൂലയോടു പൊട്ടിയ മേല്പ്പുരയുമുള്ള ഒരു വീടിന്നരുകിൽ വൃക്ഷത്തലപ്പുകളിൽ മഞ്ഞവെയിൽതട്ടിക്കളിക്കുന്ന ഇലകളിൽ തങ്ങിനിന്നപ്പോൾ, അയാൾ താൻതന്നെയാണു തോട്ടക്കാരൻ എന്ന് ആത്മവിശ്വാസത്തോടെ, സംതൃപ്തിയോടെ, മനസ്സിലാക്കി.

— 8 —

## ചുമരിൽ ചിത്രമായി മാറിയ അച്ഛൻ

ആദ്യത്തെ പടിയായിരുന്നു കൂടുതൽ ഉയരം. കുഞ്ഞിക്കാൽ കയറ്റി വെച്ച് അതു കയറിയപ്പോൾ അടുത്ത മൂന്നു പടികളും വിഷമമില്ലാതെ തരണം ചെയ്തു. മൊസൈക്കിട്ട വരാന്തയിലെത്തിയപ്പോൾ എഴുന്നേറ്റുനിന്ന് കൈകൊട്ടി ഉറക്കെ ചിരിക്കാൻ തുടങ്ങി ഗിരീശൻ.

ആദ്യം ഓടിവന്നത് ഡോക്ടറമ്മാവനായിരുന്നു. വരാന്തയിൽനിന്ന് കൈകൊട്ടിക്കളിക്കുന്ന ആളെ കണ്ടപ്പോൾ അകത്തേക്കു നോക്കി അയാൾ വിളിച്ചു പറഞ്ഞു:

"ലതേ, നോക്കു, ഇതാരാ വന്നിരിക്കണത്?"

ലത വന്നു നോക്കിയപ്പോഴേക്ക് കാലുകൾ താളത്തിൽ വെച്ച് കൈകൊട്ടി നൃത്തം തുടങ്ങിയിരുന്നു.

"മോനെങ്ങനെ വന്നു? ഒറ്റയ്ക്കാണോ?" ലത ചുറ്റും നോക്കി. "ആരുമില്ല."

വീട്ടിൽ അപ്പോഴേക്കു ബഹളമായിരുന്നു.

അമ്മമ്മ ഉമ്മറത്തു വന്നു നോക്കിയപ്പോൾ മോൻ ഇല്ല. അകത്തു തളത്തിൽ ലതിക ഒരു മാസികയും വായിച്ചിരിക്കുന്നു.

"മോനെവിടെ? ഒന്നു നോക്കു പെണ്ണേ. അല്ലെങ്കിലും ഈ പെണ്ണിന് മോന്റെ കാര്യത്തിൽ ഒരു ചൂടുംല്യ."

ലതിക പുസ്തകവും നിലത്തിട്ട് എഴുന്നേറ്റു. "ഈ ചെക്കൻ!."

അപ്പോഴേക്ക് മുത്തച്ഛൻ പുറത്തെ സ്വീകരണമുറിയിൽനിന്ന് വിളിച്ചു പറഞ്ഞു. "മോൻ ഡോക്ടറമ്മാവന്റെ വീട്ടിലുണ്ട്. ഈ അമ്മമ്മയൊന്നു പരിഭ്രമിക്കാതിരിക്ക്വാ?"

മുത്തച്ഛൻ പുറത്തെ മറിയിലിരുന്നു കൊണ്ടു പേരക്കുട്ടിയുടെ പുരോഗതി നോക്കുന്നുണ്ടായിരുന്നു. ഉമ്മറത്തു നില്ക്കുന്ന അമ്മമ്മയ്ക്കു മുത്തച്ഛനെ കാണാൻ പറ്റില്ല.

ഡോക്ടറമ്മാവന്റെ വീട്ടിലെത്തിയ ഗിരീശൻ തന്റെ സർവ്വെ തുടങ്ങി. തളത്തിൽ എത്തിയപ്പോൾ ഫോൺ ചൂണ്ടിക്കാട്ടി അവൻ പറഞ്ഞു. "ണിം ണിം. അലോ!."

ഷോകേസിന്റെ മുമ്പിൽ കുറെ നേരം നിന്നു. പിന്നെ പാവക്കുട്ടികൾക്കിടയിൽ കണ്ണും തുറിപ്പിച്ചു നില്ക്കുന്ന നായ്ക്കുട്ടിയെ ചൂണ്ടി അവൻ പറഞ്ഞു: "ഭൗ ഭൗ, ഡാക്ടറമ്മാവൻ പേടി അഭിനയിച്ചു. അയ്യോ മോനെ, ഭൗ ഭൗ കടിക്കുമോ? അവൻ കുഞ്ഞിക്കണ്ണു വലുതാക്കി ചുണ്ടു കൂർപ്പിച്ചു പറഞ്ഞു. ഭൗ ഭൗ."

വീണ്ടും നടന്നപ്പോൾ എത്തിയത് ഡോക്ടറമ്മാവന്റെ കൺസൽട്ടേഷൻ മുറിയിലാണ്. ചില്ലലമാരിയിൽ വെച്ച മരുന്നു കുപ്പികൾ ചൂണ്ടിക്കാട്ടി അവൻ പറഞ്ഞു: "മന്ന്, മന്ന്."

“മോന് മരുന്ന വേണോ?”

അയാൾ അലമാരിയിൽനിന്ന് കാൽസിയം സിറപ്പിന്റെ ഒരു കുപ്പിയെടുത്ത് അവന്റെ കൈയിൽ കൊടുത്തു.

“മോനെ, നിലത്തിടല്ലെ.”

അവൻ കുപ്പി കൈയിൽ വാങ്ങി ഉറക്കെ ചിരിച്ചു. വീണ്ടും യാത്ര തുടങ്ങി. എത്തിച്ചേർന്നത് അടുക്കളയിൽ. പിന്നാലെ ഡോക്ടറമ്മായിയുമുണ്ടായിരുന്നു. അടുക്കളയിലെത്തിയപ്പോൾ അവൻ തിരിഞ്ഞു ഡോക്ടറമ്മായിയോടു പറഞ്ഞു:

“പാപ്പ.”

“ശരിയായി.” അവൾ പറഞ്ഞു. “പാപ്പ തന്നാൽ നിന്റെ അമ്മ എന്നെ തല്ലില്ലെ? ഇനി അമ്മ ഒന്നും ചെയ്തില്ലെങ്കിൽക്കൂടി നിന്റെ അച്ഛനറിഞ്ഞാൽ ശരിയായി.”

അച്ഛൻ എന്ന വാക്കു കേട്ടയുടനെ അവൻ നിശ്ശബ്ദനായി ആലോചിക്കാൻ തുടങ്ങി. പിന്നെ അച്ഛ, അച്ഛ എന്നു പറഞ്ഞു കൊണ്ട തിരിഞ്ഞ് ഓടി. അടുക്കളയിൽ നിന്നു തളത്തിലേക്ക്, തളത്തിൽനിന്നു പൂമുഖത്തേക്ക്. പിന്നെ ഒതുക്കുകൾ ചടുപിടുന്നനെ ഇറങ്ങി കോൺക്രീറ്റിട്ട മുറ്റത്തുകൂടെ അവന്റെ വീട്ടിലേക്കോടി. അരഞ്ഞാണിന്റെ മുത്തുമണി അവൻ ഓടുന്നതിനനുസരിച്ച് ഇളകി അവന്റെ ചുക്കമണിമേൽ നൃത്തം വയ്ക്കുന്നതു മുത്തച്ഛൻ കണ്ണട ശരിയാക്കി നോക്കി. വീട്ടിന്റെ ഒതുക്കുകല്ലുകൾ ചെറുതായതു കൊണ്ട് അവനു വേഗം കയറാം. ഉമ്മറത്തു നിന്നു തളത്തിലേക്ക് അവൻ ഓടി. തളത്തിൽ ചുമരിന്നരികെ അവൻ നിന്നു.

അച്ഛൻ ചുമരിൽ ഒരു ചിത്രമായി മാറിയിരുന്നു.

ഗിരീശൻ കുറേനേരം അച്ഛനെ നോക്കി നിന്നു. മുഖത്തു പറ്റിപ്പിടിച്ച ചിരിയുമായി അച്ഛൻ നിന്നു. അവൻ കൈയുയർത്തി മാടി വിളിച്ചു.

“അച്ഛാ വാ, വാ.”

അച്ഛൻ ചുമരിൽ ചിത്രമായി ചിരിച്ചു കൊണ്ടു നിന്നു.

“അയ്യേ, ഗിരീശൻ ട്രൗസറിട്ടിട്ടില്ലെ? പെൺകുട്ടികളൊക്കെണ്ടല്ലൊ അവിടീം ഇവിടീം.”

അമ്മയാണ്. ചെറിയമ്മയുടെ എട്ടുമാസമായ മോൾ തളത്തിൽ നീന്തിക്കളിച്ചിരുന്നു.

“നാ നാ.” അമ്മ ട്രൗസറുമായി വന്നപ്പോൾ അവൻ പറഞ്ഞു, “നാ നാ.”

“അയ്യയ്യോ, പറ്റില്ല. ഇതിട്ടൂ.”

അമ്മ കുനിഞ്ഞ് അവനെ ട്രൗസറിടീച്ചു. ആദ്യം ഇടത്തെ കാൽ, ഒരു കാൽ പൊന്തിക്കുമ്പോൾ അവൻ താങ്ങിനായി അമ്മയുടെ ചുമലിൽ ചാരി. അവന്റെ കാര്യം എല്ലാം അങ്ങിനെയായിരുന്നു. ആദ്യം ഒന്നു പ്രതിഷേധിച്ചു നോക്കും, പറ്റിയില്ലെങ്കിൽ പിന്നെ നിങ്ങളുടെ ഇഷ്ടം നടക്കട്ടെ എന്ന മട്ടിൽ സമ്മതിച്ചു കൊടുക്കും.

ട്രൗസറിടീച്ച് എഴുന്നേല്ക്കാൻ നോക്കുമ്പോഴാണ് അമ്മ കണ്ടത്. അവന്റെ ഇടത്തെ കൈയിന്റെ തള്ളവിരൽ വായിലെത്തിയിരിക്കുന്നു.

“എവിടെ മോനെ നിന്റെ വിരൽ?”

വായിൽ നിന്നു വിരലെടുക്കാതെ അവൻ പറഞ്ഞു.

“കാക്ക.”

“വെശക്ക്ണ്ണ്ടോ? അമ്മമ്മയോടു പാലു തരാൻ പറെ.”

പറയാതെതന്നെ അമ്മമ്മയ്ക്ക പേരക്കുട്ടിയുടെ ആവശ്യങ്ങൾ അറിയാമായിരുന്നു. അവൻ പാല്ക്കുപ്പിയുമായി എത്തിയിരിക്കുന്നു. പാൽക്കുപ്പി കണ്ടയുടനെ ഗിരീശനു സന്തോഷമായി. അവൻ പാടാൻ തുടങ്ങി.

"മമ്മമ്മാ പായീ."

അമ്മമ്മടെ മടീലിയ്ക്ക് ഓടിവരു മോനെ.

അവൻ ഓടിപ്പോയി അമ്മമ്മയുടെ മടിയിലേക്കു വീണു കമിഴ്ന്നുകിടന്നു വീണ്ടും വിരൽ കടിക്കാൻ തുടങ്ങി.

എല്ലാവരും ചിരിച്ചു. എങ്ങനെയാണു കമിഴ്ന്നു കിടന്നാൽ പാൽ കുടിക്ക്യാ?

അവൻ എഴുന്നേറ്റു മലർന്നു കിടന്നു.

"അമ്മേ, കുപ്പി അവന്റെ കൈയിൽ കൊടുക്കു. അവൻ സ്വന്തം കുടിക്കട്ടെ. മന്തനായിരിക്കുന്നു."

അവൻ അമ്മമ്മയുടെ കാലിൽ മലർന്നു കിടന്ന് കാലിന്മേൽ കാലും കയറ്റിവെച്ച് പാൽ കുടിച്ചു.

"ഇനി നീ പോയി കുളിക്ക്. അമ്മ നോട്ടുപുസ്തകം എടുത്തു മുകളിൽ പോയി എഴുതിത്തുടങ്ങി. എന്റെമാത്രം ചന്തക്കാരന്..."

"തുടക്കം അവളെ സംബന്ധിച്ചിടത്തോളം എളുപ്പമാണ്. മോൻ ദിവസം കൂടുംതോറും വികൃതിയാവുന്നുണ്ട്. അച്ഛന് ഇതൊന്നും കാണാൻ പറ്റില്ലല്ലൊ. പാവം, ഒന്നു വേഗത്തിൽ വരൂ. ഈ മാസം അവസാനമാവാനൊന്നും നില്ക്കണ്ട. എനിക്കു കാണാൻ ധൃതിയായി. പിന്നെ ഞാൻ വരുന്നകാര്യം എഴുതിയില്ലേ? ഈ പ്രാവശ്യം ഞാൻ എന്തായാലും വരാം. കഴിഞ്ഞ പ്രാവശ്യത്തെപ്പോലെയാവില്ല..."

"പിന്നെപ്പിന്നെ താൻ എഴുതുന്നതിന്റെ അസ്വാഭാവികത അവൾക്കു മനസ്സിലായിത്തുടങ്ങി. അതോടെ എഴുതുന്നതും വിഷമമായി. ശരിക്കും ഉദ്ദേശിച്ചുതന്നെയാണോ താൻ എഴുതുന്നത്? ഈ പ്രാവശ്യം ഭർത്താവൊന്നിച്ചു പോകാൻ ശരിക്കും ഉദ്ദേശമുണ്ടോ? അറിയില്ല, അറിയില്ല."

"നീ കത്തിൽ അനാവശ്യമൊന്നും എഴുതണ്ട."

മുത്തച്ഛൻ മുറിയിലേക്കു കടന്നുവന്നു.

"നീ ഈ പ്രാവശ്യം രവി വന്നാൽ ഒപ്പം പോകും. അതു തീർച്ചയാണ്. പാവം കുട്ടി അവൻ ഒറ്റയ്ക്ക് അവിടെ എങ്ങനെ കഴിച്ചു കൂട്ടുന്നു ആവോ?"

ഞാൻ പോവാംന്നുതന്നെയാണ് എഴുതിയത്.

"നോക്കട്ടെ." അച്ഛൻ അവളുടെ അടുത്തേക്കു വന്നു.

ലതിക പെട്ടെന്ന് എഴുതികൊണ്ടിരുന്ന കത്ത് ഒളിപ്പിച്ചുവെച്ചു.

"കുട്ടികൾക്കൊന്നും വായിക്കാൻ പാടില്ല ഇത്. അഡൽട്സ് ഓൺലി."

മുത്തച്ഛൻ ഒരു ചെറിയ കുട്ടിയെപ്പോലെ കണ്ണുതിരുമ്മി കരയുന്ന മാതിരി കാണിച്ചു പോയപ്പോൾ ലതിക വീണ്ടും എഴുതാൻ തുടങ്ങി:

"നോക്കൂ, എനിക്കു കാണാൻ ധൃതിയായി. ഒന്നു വേഗം വരൂ."

എഴുതിക്കഴിഞ്ഞ കത്ത് ഉറയിലാക്കി ലതിക താഴേക്കു വന്നപ്പോഴേക്കും മോൻ ഉറങ്ങിക്കഴിഞ്ഞിരുന്നു. തള്ളവിരൽ അവന്റെ വായിൽ നിന്നെടുത്തു മാറ്റി, ഫാനിന്റെ വേഗംകൂട്ടി. അവൾ കത്തു പോസ്റ്റ് ചെയ്യാൻ പോയി.

തിരിച്ചുവന്നപ്പോൾ അമ്മമ്മ പറഞ്ഞു: “ലതികേ, ഒന്നു കുളിക്കാൻ നോക്കു. കണ്ടില്ലെ പെണ്ണിന്റെ ഒരു നടത്തം! തലമുടിയും പറപ്പിച്ചു കൊണ്ട്. മോന്റെ കാര്യത്തിലോ, ഒരു ശ്രദ്ധയുമില്ല. എന്നാൽ സ്വന്തം കാര്യത്തിലെങ്കിലും കുറച്ചു ശുഷ്കാന്തികാണിച്ചാലെത്ര നന്ന്.”

മുത്തച്ഛൻ അവളെ നോക്കി. കണ്ണിറുക്കി കളിയായി പറഞ്ഞു:

“ഇങ്ങനെ അമ്മയെക്കൊണ്ടു പറയിപ്പിക്കണോ കുട്ടി?”

രാവിലെ ഉണർന്ന് കൈയും കാലും നീട്ടി മൂരിനിവർന്ന് കുഞ്ഞിക്കണ്ണു മിഴിച്ചപ്പോൾ അച്ഛൻ അടുത്തുണ്ടായിരുന്നു. ശരിക്കുള്ള അച്ഛൻ. അയാൾ മോൻ ഉണരുന്നതും കാത്തിരിക്കയായിരുന്നു. അവൻ വിളിച്ചു:

“അച്ഛാ!.”

അയാൾ അവനെ വാരിയെടുത്ത് ഉമ്മവെയ്ക്കാൻ തുടങ്ങി. ഒരു വട്ടം. രണ്ടു വട്ടം. മൂന്നാമത്തെ വട്ടമായപ്പോൾ അവൻ കരയാൻ തുടങ്ങി. അപ്പോഴേക്കും അമ്മ ഇടപെട്ടു. അച്ഛനൊന്നു പോയി താടി വടിക്ക്. എന്നിട്ടു മതി ഉമ്മയൊക്കെ.

അയാൾ താടി തടവി നോക്കി. രണ്ടു ദിവസത്തെ വളർച്ചയുള്ള കുറ്റിരോമങ്ങൾ. മോന്റെ കവിളിൽ ചുവന്ന പാടുകൾ. “സാരല്യടാ, അച്ഛൻ ഉമ്മവെച്ചതല്ലേ!.”

അപ്പോൾ അമ്മയും സ്വന്തം കവിൾ തലോടുന്നുണ്ടായിരുന്നു. അരമണിക്കൂർ മുമ്പ് ഗെയ്റ്റിനു പുറത്തു ടാക്സിയുടെ ശബ്ദം കേട്ടപ്പോൾ ആദ്യം എഴുന്നേറ്റത് അവളായിരുന്നു. അവൾ കോണി ചാടിയിറങ്ങുന്ന ശബ്ദം കേട്ടാണ് മുത്തച്ഛനും അമ്മമ്മയും ഉണർന്നത്.

“ഞാൻ ഉറങ്ങാതെ കെടക്ക്വായിരുന്നു.”

അവൾ പറഞ്ഞു.

“ഞാൻ ഏഴുമണിയുടെ വണ്ടിക്കു വരുംന്നല്ലേ എഴുതിയിരുന്നത്?”

“നീ നേർത്തെ വരുമെന്നെനിക്കറിയാം.”

“ലതികേ, അമ്മ ചുവട്ടിൽനിന്നു വിളിക്കുകയാണ്. ചായയായി, വരൂ.”

“ഈ അമ്മ!” അവൾ മുഖം വീർപ്പിച്ചു.

“ചായ!” അയാൾ കിടക്കയിൽനിന്നു ചാടിയെഴുന്നേറ്റ് വാതില്ക്കലേക്കോടി.

“സങ്കടായി.” ലതിക കണ്ണുതിരുമ്മി പറഞ്ഞു. “ചായ എന്നു കേട്ടപ്പോ അമ്മയും വേണ്ട, മോനും വേണ്ട.”

ദുഃഖമഭിനയിച്ച് കണ്ണുതിരുമ്മി ലതിക കിടക്കയിലിരിക്കുന്നത് അയാൾ തിരിഞ്ഞു നോക്കി. ഗിരീശൻ അമ്മയെ ശ്രദ്ധിക്കുകയായിരുന്നു. അമ്മയുടെ ദുഃഖം അവനു സഹിച്ചില്ല. അവൻ എഴുന്നേറ്റ് അമ്മയുടെ കഴുത്തു കെട്ടിപ്പിടിച്ചു കവിളിൽ ഉമ്മവെച്ചു. “ഉമ്മാ.”

“ഈ പയ്യൻ എന്നെ അസൂയാലുവാക്കുന്നല്ലോ!” അയാൾ പറഞ്ഞു.

“അച്ഛൻ കൊതിച്ചോട്ടെ, അല്ലേ?”

“അച്ഛ പോ.” അവൻ കൈകൊണ്ട് ആംഗ്യം കാട്ടി പറഞ്ഞു.

ശരി പൊയ്ക്കളയാം. താഴെ തന്നെയും കാത്ത് ചൂടുള്ള ചായ കാത്തിരിക്കുന്നു, തല്ക്കാലം അതാണു കൂടുതൽ ആകർഷകം.

പ്രാതലിന്റെ സമയത്ത് മോനും അച്ഛനുമായി വീണ്ടും ലോഗ്യമായി. അച്ഛന്റെ മടിയിലിരുന്ന് ഇഡ്ഡലി പകുതി അവന്റെ വയറ്റിലും പകുതി നിലത്തുമാക്കി പ്രാതൽ എന്ന കൃത്യം നിർവ്വഹിക്കുമ്പോൾ അവനു വേറെ ആരും വേണ്ട.

"അമ്മ പോ."

"ചചച്ചാ പോ."

"മമ്മമ്മ പോ."

"ഓ, ഒരു അച്ഛൻകുട്ടി വന്നിരിക്കുന്നു! എല്ലാവരും മുഖം വീർപ്പിച്ചു. കണ്ടില്ലേ, അച്ഛൻ വന്നപ്പോഴേക്ക് അവന് ആരും വേണ്ട."

"അങ്ങനെതന്നെ. എല്ലാവരും കൊതിച്ചോട്ടെ, അല്ലെ?" അച്ഛൻ പറഞ്ഞു. "പക്ഷേ, അച്ഛന്റെ നിലയും അത്ര അസൂയാർഹമായിരുന്നില്ല. തലയിലും മുഖത്തും ഇഡ്ഡലിയുടെ കഷ്ണങ്ങൾ. അവന് ഓരോ പ്രാവശ്യം സ്നേഹം കൂടുമ്പോഴും അച്ഛനെ പിടിച്ച് ഉമ്മവെയ്ക്കുമ്പോൾ കിട്ടുന്നതാണ്. ഷർട്ടിൽ ചായതട്ടിമറിഞ്ഞിരുന്നു. പ്രാതൽ തുടങ്ങിയിട്ട് കുറച്ചു നേരമായെങ്കിലും അച്ഛന് ഇതുവരെ ഒന്നും തിന്നാൻ കഴിഞ്ഞിരുന്നില്ല."

അച്ഛന്റെ സ്ഥിതി ഏകദേശം മനസ്സിലായപ്പോൾ അവൻ മേശപ്പുറത്തുകയറി ഇഡ്ഡലിയെടുക്കാൻ വേണ്ടി പാത്രത്തിൽ കൈയിട്ടു പാത്രം കാലിയായിരുന്നു. അമ്മമ്മ ബുദ്ധിപൂർവ്വം അതിലുള്ള പലഹാരങ്ങളെല്ലാം മാറ്റി വെച്ചിരുന്നു. അവൻ കൈമലർത്തി പറഞ്ഞു: "പാപ്പ അഞ്ഞു."

പിന്നെ സമയം നീണ്ടുപോയപ്പോൾ എല്ലാം നല്ലപന്തിയല്ലെന്ന് അവനു മനസ്സിലായി. മുത്തച്ഛന്റെയും, അമ്മമ്മയുടെയും കണ്ണുകളിൽ ദേഷ്യവും പരിഭ്രമവുമുണ്ടായിരുന്നു. അമ്മ സംസാരിക്കുന്നേയില്ല. അച്ഛൻ മാത്രം അവനെ കൊഞ്ചിച്ചു. മോന് കുതിരയുടെ പുറത്തിരുന്ന് ആടാം അല്ലേ! മോന് സൈക്കിളിൽ കയറണോ?

അകത്തുനിന്ന് മുത്തച്ഛന്റെ ശബ്ദം ഉയർന്നു വന്നു. ഒപ്പം അമ്മയുടെയും. എല്ലാം അമ്മയുടെ നേർക്കാണെന്ന് ഗിരീശനു മനസ്സിലായി. അമ്മയാകട്ടെ തളത്തിൽ നിലത്തിരുന്ന് ഭാവഭേദമില്ലാതെ ചീർപ്പുകൊണ്ട് തലമുടി ചീന്തി ഇമ്പുച്ചിയെ എടുക്കുകയായിരുന്നു. അവൻ സൈക്കിളിൽ നിന്നിറങ്ങി അമ്മയുടെ അടുത്തേക്കോടി. അമ്മയുടെ പുറത്തു കയറി തലമുടിയിൽ വിരലോടിച്ചു പറഞ്ഞു. "ഇമ്പുളു."

"ഈ മന്തന് ഒന്നും പറയാൻ അറിയില്ല, അമ്മ പറഞ്ഞു. ടൈംപീസിനും ഇമ്പുളു, പേനിനും ഇമ്പുളു."

"അവൻ അത്രയ്ക്കുതന്ന്യേ ആയിട്ടുള്ളു, അമ്മമ്മ!."

"കുട്ടീ ഞാൻ പറയുന്നതു കേൾക്ക്ണ്ണ്ടോ? മുത്തച്ഛന്റെ ശബ്ദം ഉയർന്നു തന്നെയായിരുന്നു. എഴുന്നേറ്റ് സാരിയെല്ലാം ഇസ്തിരിയിട്ടു വെക്കു. മോന്റെ ഉടുപ്പുകൾ എവിട്യൊക്ക്യാന്നു നോക്കി അതും എടുത്തുവെക്കു."

"മോന്റെ ഉടുപ്പുകളെല്ലാം ഞാൻ അലമാരിയിൽ എടുത്തുവെച്ചിട്ടുണ്ട്, അത് എടുത്തുവെക്ക്യേ വേണ്ടു, അമ്മമ്മ പറഞ്ഞു, അവളുടെ ഡ്രസ്സ് മാത്രം ഒരുക്ക്യാ മതി. ഒന്ന് എഴുന്നേല്ക്കു കുട്ടീ. അപ്പോൾ ഇത്ര്യേം സമയം പറഞ്ഞതൊക്കെ ആരോടാ?"

"ഞാൻ ഈ പ്രാവശ്യം രവീടെ ഒപ്പം പോണില്ല്യ."

"പിന്നെ എപ്പൊഴാ എഴുന്നള്ളുത്ത്? മുത്തച്ഛൻ."

"അടുത്തമാസം ഞാൻ മോനേം കൂട്ടി പൊയ്ക്കോണ്ട്."

"ഇതറിയാൻ വേണ്ടിയാണല്ലോ, പാവം ആ കുട്ടി ശമ്പളമില്ലാതെ ലീവുമെടുത്ത് രണ്ടുദിവസത്തെ യാത്രയും കഴിഞ്ഞു വന്നത്? നീ എന്നെക്കൊണ്ടു പറയിപ്പിക്കണ്ട. എന്താ നിനക്ക് ഇപ്പൊത്തന്നെ പോയാല്?"

"നിങ്ങൾക്കൊന്നും പറഞ്ഞാൽ മനസ്സിലാവില്ല്യ." അവൾ മുഖം വീർപ്പിച്ചു.

“ചെക്കാ, പോണ്ണ്ടോ ഇവിടുന്ന്. എന്റെ തലമുടി പറിഞ്ഞുപോന്നു. പോ അവിടുന്ന്.”

“നോക്ക്, നിനക്ക് ശിക്ഷിക്കല്യ് കുറച്ച കൂടുന്നുണ്ട്. മോനിങ്ങോട്ട് പോരെ.” അമ്മമ്മ ഗിരീശനെ എടുത്തു പുറത്തു കടന്നു.

“അമ്മ പോ. അമ്മ മാമു ഇയ്യാ.”

അവന്റെ ശിക്ഷിക്കലാണത്തും.

മുത്തച്ഛൻ പൊടിക്കുപ്പിയെടുത്തു പൊടിവലിക്കാനുള്ള ശ്രമത്തിലാണ്. ലതിക എഴുന്നേറ്റ്, തലമുടി പിന്നിൽ ഒന്നായി മടക്കിക്കെട്ടി കോണികയറി മുകളിലേക്കു പോയി.

അഞ്ചുമിനിറ്റു കഴിഞ്ഞപ്പോഴേക്കും രവി മുകളിലെത്തിയിരുന്നു. ലതിക കിടയ്ക്കയിൽ കമിഴ്ന്നു കിടക്കുകയായിരുന്നു. അയാൾ അവളോട്ടു ചേർന്നു കിടന്നു.

അവൾ തിരിഞ്ഞു് അയാളെ കെട്ടിപ്പിടിച്ചു. രണ്ടു മാസമായി കെട്ടിനിർത്തിയ വികാരം രണ്ടുപേരിലും അണപൊട്ടിയൊഴുകി. അയാൾ പറഞ്ഞു: “വാതിലടയ്ക്കട്ടെ.”

“അയ്യേ, വേണ്ട. വാതിലടയ്ക്കുന്നതു് പുറത്തുനിന്നു കാണാൻ പറ്റും.”

“ആരെങ്കിലും വന്നാലോ?”

“നമ്മൾ രണ്ടുപേരും മാത്രം ഇവിടെയുള്ളപ്പോൾ മുകളിലേക്ക് ആരും വരില്ല. അവർക്കറിയാം നമ്മൾ വല്ലതും ഒപ്പിക്ക്യായിരിക്കുംന്ന്.”

“നമുക്കു വാതിൽ ചാരാം.”

അവൾ അർദ്ധസമ്മതത്തോടെ മൂളി.

അയാൾ എഴുന്നേറ്റു വാതിൽ ചാരി തിരിച്ചു വന്നു.

“ഒന്നും അഴിക്കേണ്ടട്ടോ. ആരെങ്കിലും അഥവാ വര്വാണെങ്കിൽ ഇടാനൊന്നും സമയമുണ്ടാവില്ല.”

“ശരി, സമ്മതിച്ചു.”

“കഴിഞ്ഞ രണ്ടുമാസം ഞാനില്ലാത്തപ്പോൾ നീ എന്താ ചെയ്തത്? വേഗം പറഞ്ഞോ,” അവൾ ചോദിച്ചു, “എത്ര പെൺകുട്ടികളുണ്ടായിരുന്നു?”

“ആരുമില്ലായിരുന്നു,” അയാൾ പറഞ്ഞു, “ആരെങ്കിലുമുണ്ടായിരുന്നെങ്കിൽ ഞാനിങ്ങനെ ഓടിവരില്ലായിരുന്നു. ഓരോ കത്തിലും നിന്നോടു വരാൻവേണ്ടി നൂറു പ്രാവശ്യം എഴുതുകയുമില്ലായിരുന്നു.”

“എന്റെ കണ്ണന് ന്നെ നല്ലഷ്ടണ്ട്.” അവൾ രവിയെ ഓമനിച്ചു. “ഒറ്റയ്ക്കു താമസിച്ചപ്പോൾ സങ്കടം വന്നുവോ?”

അയാൾ ചിരിച്ചു. അവൾ ഓമനിക്കുന്നതു് അയാൾക്കിഷ്ടമായിരുന്നു. അവൾ ഒട്ടും മാറിയിട്ടില്ല. പഴയ ഭ്രാന്തിപ്പെണ്ണുതന്നെ, അയാൾ സന്തോഷിച്ചു. അവളുടെ നർമ്മബോധം ഇല്ലായിരുന്നെങ്കിൽ ഇതിനകം തന്റെ സമനില തെറ്റിയിട്ടുണ്ടാകുമായിരുന്നു.

അവൾ കിതപ്പിനിടയിൽ പറഞ്ഞു: “നമുക്കു ചെയ്യ്യാ!.”

“പാടില്ല,” അയാൾ പറഞ്ഞു, “ഇപ്പോഴോ?”

“വേണം. നീ കാരണം തന്നെയാണ്.”

അങ്ങനെ പുരോഗതി പ്രാപിക്കുമ്പോൾ ചുവട്ടിൽ നിന്ന് അമ്മയുടെ വിളി: “ലതികേ!.”

"ഈ അമ്മ!" അവൾ ചാടിയെഴുന്നേറ്റ് ഉലഞ്ഞ സാരി തട്ടി നേരെയാക്കി. ചിതറിയ തലമുടി കെട്ടി വച്ച് ആവുന്നത്ര സൗമ്യമായി അവൾ വിളികേട്ടു: "എന്താ അമ്മേ?"

"മോൻ അച്ഛനെ വിളിക്കുന്നുണ്ട്." അമ്മമ്മ പറഞ്ഞു: "അവനു മാമു കൊടുക്കാൻ അച്ഛൻ തന്നെ വേണത്രെ. ഇതാ വരുന്നു."

അയാൾ നിരാശനായി കമിഴ്ന്നുകിടന്നു. അവൾ അയാളുടെ താടി പിടിച്ചു കൊഞ്ചിച്ചു: "സാരല്യടാ കണ്ണാ. നമുക്ക് ഊണു കഴിച്ചിട്ടു വീണ്ടും വരാം. അച്ഛൂട്ടിക്ക് മാമു കൊടുക്കാനും അച്ഛൻ തന്നെ വേണത്രെ. വേഗം ഷർട്ടിട്ടു താഴേക്കു വാ."

അവൾ നടന്നു കഴിഞ്ഞു.

അയാൾ ഷർട്ടിട്ട് കട്ടിലിന്നടിയിലേക്കു തെറിച്ചുപോയ സ്ലിപ്പറുകൾ തപ്പിയെടുത്തു താഴേക്കു നടന്നു. കോണിയിലെത്തിയപ്പോൾത്തന്നെ അമ്മയും മോനും കൂടിയുള്ള സംഭാഷണം കേട്ടുതുടങ്ങി. വിഷയം നാട്ടിലെ കാക്കകൾ, കോഴികൾ, നായക്കുട്ടി, പൂച്ചക്കുട്ടി, അച്ഛൻ.

ഇവൾ സൂത്രക്കാരിതന്നെ. ഇവൾ എന്റെ പേർ ഉപയോഗിച്ച് അവനു ചോറു കൊടുക്കുന്നു.

തളത്തിലെത്തിയപ്പോഴേക്ക് സംഗതികൾ വലിയ മോശമില്ലാതെയാണു നടക്കുന്നതെന്ന് അയാൾ കണ്ടു. ലതിക പറയുന്ന ഓരോ വാചകത്തോടൊപ്പം ഗിരീശൻ വായ തുറന്ന് ഓരോ ഉരുള അകത്താക്കുന്നുണ്ട്. തന്നെ ഇപ്പോൾ കണ്ടാൽ അബദ്ധമാണ്. അയാൾ പെട്ടെന്ന് അവൻ കാണാതെ ഉമ്മറത്തേക്കു വലിഞ്ഞു.

ഉമ്മറത്ത് മുത്തച്ഛൻ ചാരുകസേരയിൽ ഇരിക്കുകയാണ്. രവിയെ കണ്ടപ്പോൾ അയാൾ വിളിച്ചു. ചാരുകസേരയുടെ ഇടത്തുവശത്ത് കൈയുള്ള കസേരയിൽ അയാൾ ഇരുന്നു. മുത്തച്ഛൻ നിവർന്നിരുന്ന് മടിക്കുത്തിൽ നിന്നു രണ്ടു ടിക്കറ്റുകൾ പുറത്തെടുത്തു വളരെ സൂക്ഷിച്ച് രവിക്കു കൊടുത്തു. നാളെക്കുത്തന്നെ ടിക്കറ്റു കിട്ടാൻ നന്നെ പാടുപെട്ടു. കേരളയ്ക്കാണ്. രാത്രി എട്ടേമുക്കാലിനാണ്. ലതിക ഇപ്രാവശ്യവും പോണില്ല്യാന്നൊക്കെ പറയ്ണ്ണ്ട്. പക്ഷേ, എന്റെ വിശ്വാസം അവൾ അവസാനനിമിഷത്തിൽ വരുംന്നു തന്ന്യാണ്. ഞാൻ കഴിയണതും പറഞ്ഞു നോക്കാം.

രവി വൃദ്ധന്റെ ആത്മാർത്ഥമായ മുഖം ശ്രദ്ധിച്ചു. ചിരിക്കുന്ന കണ്ണുകളിൽ ഉരുണ്ടു കൂടുന്ന ജലകണങ്ങൾ മറയ്ക്കാനായിരിക്കണം അദ്ദേഹം മടിയിൽനിന്നു പൊടിക്കുപ്പിയെടുത്ത് പൊടിവലിച്ചു. പിന്നെ സാവധാനത്തിൽ പറഞ്ഞു:

"മക്കളെ ലാളിക്കുന്നത് ഒരു തെറ്റാണോന്ന് എനിക്കറിയില്ല. ആണെങ്കിൽ ആ തെറ്റു ഞാൻ വളരെ ചെയ്തിട്ടുണ്ട്. അങ്ങനെ ലാളിച്ചു കേടുവരുത്തിയതിനുള്ള കുറ്റം ഞാൻ സമ്മതിക്കുന്നു. പക്ഷേ, കല്യാണത്തിനുശേഷം അവളെ ലാളിച്ചു കേടുവരുത്തിയതിനുള്ള കുറ്റം രവിയും ഏല്ക്കണം. അപ്പോൾ ഈ കുറ്റത്തിനുള്ള ശിക്ഷ നമുക്കു രണ്ടു പേർക്കും തുല്യായി പങ്കിടാം. ഞാൻ എനിക്കുള്ള ശിക്ഷ അനുഭവിക്കുന്നുണ്ട്."

മുത്തച്ഛന്റെ മുഖത്തുള്ള പ്രസാദം തീരെ മാഞ്ഞിരുന്നു. അദ്ദേഹം നിശ്ശബ്ദനായി കരയുകയായിരുന്നു. കണ്ണീർ ചാലുകളായി ഒഴുകുന്നതു തുടയ്ക്കാൻ മിനക്കെടാതെ അദ്ദേഹം കരഞ്ഞു. രവി ആ വൃദ്ധന്റെ നരച്ച തലമുടിയിലേക്കും താടിയിലെ നരച്ച

കുറ്റിരോമങ്ങളിലേക്കും നോക്കി. അങ്ങനെ നോക്കിനില്ക്കുക അസാദ്ധ്യമായതു കൊണ്ട് രവി എഴുന്നേറ്റു നടന്നു.

ഞാൻ ശ്രമിക്കാം, അദ്ദേഹം ഉരുവിടുന്നത് അയാൾ കേട്ടു.

അകത്ത് ഗിരീശൻ ഭക്ഷണവുമായി പടവെട്ടുകയായിരുന്നു. ആദ്യത്തെ കുറെ ഉരുളകൾ അകത്തായപ്പോൾ അവന് കളിയായി. പിന്നെ കിട്ടിയ ഉരുളകൾ എല്ലാം കൈയിൽ വാങ്ങി വിതരണമായിരുന്നു. കോഴിക്ക്, കാക്കയ്ക്ക്. രവി അടുക്കളക്കോലായിലെത്തിയപ്പോഴേക്കും മുറ്റത്ത് ഒരു വലിയ സദസ്സ് തടിച്ചുകൂടിയിരുന്നു. അരഡസൻ കോഴികൾ, അതിൽ കോഴിക്കുട്ടികളും പെടും. എണ്ണമറ്റ കാക്കകൾ, രണ്ടു നായ്ക്കൾ, കറുപ്പും വെള്ളയുമായ രണ്ടു പൂച്ചകൾ. പൂച്ചകൾ കോലായിലാണ്. ദൃശ്യം തമാശയുണ്ടാക്കുന്നതു തന്നെ. പക്ഷേ, അയാൾ ചിരിച്ചില്ല. ചിരിയുടെ പൂക്കൾ ദുഃഖിതനായ ഒരു വൃദ്ധന്റെ മുഖത്തു തട്ടി വാടിയിരുന്നു.

ഗിരീശന് വളരെ തിരക്കുപിടിച്ച ദിവസമായിരുന്നു. അച്ഛൻ വന്നതു പ്രമാണിച്ച് പതിവുള്ള പകലുറക്കം ഉണ്ടായില്ല. അവൻ കുതിരമേലും സൈക്കിളിന്മേലും വിലസി. പിന്നെ ണ്ണി— ണ്ണി— ണ്ണി— വണ്ടി കടലയുമായി വന്നപ്പോൾ പത്തു പൈസയ്ക്കു വേണ്ടി ഭദ്രമായി അടുത്തേക്കോടി. മുത്തച്ഛൻ ഇതിനുവേണ്ടി ഭദ്രമായി കോന്തലയ്ക്കു കെട്ടിവെച്ച നാണയം എടുത്തു കൊടുത്തു.

സംഭവബഹുലമായ ഒരു ദിവസം അവസാനിച്ചത് അവൻ രാത്രി കുഞ്ഞിക്കമ്പ നിറയെ മാമുണ്ട്, പാലും കുടിച്ച്, മുകളിൽ കിടക്കയിൽ കാൽമുട്ടു മടക്കി, ചന്തി ആകാശത്തേക്കുയർത്തി ഇടത്തെ കൈയിന്റെ തള്ളവിരൽ വായിലിട്ട് കമിഴ്ന്നു കിടന്ന് ഉറക്കമായപ്പോഴാണ്. വിരൽകുടിക്കുന്ന ചുണ്ടുകൾ നിശ്ചലമായപ്പോൾ അവനെ നോക്കിക്കൊണ്ടിരുന്ന ലതിക പറഞ്ഞു:

“പാവം! അവനുണ്ടോ വലിയവരുടെ വിഷമങ്ങൾ അറിയുന്നു? എത്ര നിഷ്കളങ്കരാണല്ലേ, കുട്ടികൾ?”

“മതി മതി. അയാൾ ഇടപെട്ടു. ഇതൊക്കെ പണ്ട് കവികൾ നന്നായി പാടിയിട്ടുള്ളതാണ്. നീ വീണ്ടും പറഞ്ഞതു കൊണ്ട് ഭാഷയ്ക്കു മുതൽക്കൂട്ടൊന്നും ഉണ്ടാവാൻ പോകുന്നില്ല.”

“ഞാനിനി ഒന്നും പറയില്ല.” അവൾ മുഖം വീർപ്പിച്ചിരുന്നു.

ഉറങ്ങാൻ നേരത്ത് അവളെ പിണക്കുന്നതു നല്ലതിനല്ലെന്ന് അയാൾ മനസ്സിലാക്കി. അയാൾ അവളെ കെട്ടിപ്പിടിച്ച് ഉമ്മവെച്ചു. “തമാശ പറഞ്ഞതല്ലേ ഞാൻ? ഉമ്മാ…”

“മോന് ഇതിനേക്കാൾ നന്നായി ഉമ്മ വെക്കാനറിയാം,” അവൾ മുഖം വീർപ്പിച്ചു പറഞ്ഞു.

“നീ എന്താണ് തടിക്കാത്തത്?” അയാൾ ചോദിച്ചു. “നിന്റെ ഒപ്പം കിടക്കുമ്പോൾ ഒരു സ്വവർഗ്ഗസ്നേഹിയെപ്പോലെ തോന്നുന്നു എനിക്ക്.”

ഞാൻ തടിച്ചിരുന്നു. കഴിഞ്ഞയാഴ്ച വന്ന പനി കാരണം പോയതാണ്.

“സാരമില്ല. നമുക്ക് ബോംബെയിൽ പോയിട്ട് തടിക്കാനുള്ള ഒരു ക്രാഷ് പ്രോഗ്രാം തുടങ്ങാം. ദിവസം ഈരണ്ടു മുട്ട. ഉച്ചയ്ക്ക് ഇറച്ചി, രാത്രി മത്സ്യം.”

“ഞാൻ തിന്നാത്തതുകൊണ്ടൊന്നുമല്ല തടിക്കാത്തത്. എനിക്ക് അച്ഛന്റെ ദേഹപ്രകൃതമാണ് കിട്ടിയിരിക്കുന്നത്. അല്ലെങ്കിൽ ഈ കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ ഞാൻ ഒരാനക്കുട്ടിയാവേണ്ടതാണ്.”

ക്രമേണ വികാരത്തള്ളിച്ചയിൽ വാക്കുകൾ ദുർല്ലഭമാവുന്നതും, അവ ഒരു പ്രാവിന്റെ നനുത്ത തൂവലുകൾ പോലെ കാറ്റിൽ പറക്കുന്നതും അയാൾ കണ്ടു.

തൃപ്തികരമായൊരു സംഭോഗത്തിനു ശേഷം അവർ തളർന്ന് അന്യോന്യം കൈകളിൽ കിടക്കുമ്പോൾ അയാൾ പറഞ്ഞു. കഴിഞ്ഞ രണ്ടു മാസങ്ങളിൽ ഞാൻ കഷ്ടപ്പെട്ടതറിഞ്ഞാൽ നീ എന്റെ ഒപ്പം വരാൻ ഒട്ടും വിസമ്മതം കാണിക്കില്ല.

“എന്തിനാണ് കഷ്ടപ്പെട്ടത്?”

“മറ്റു പലതിനും പുറമെ ഏകാന്തത, സെക്സ് സ്റ്റാർവേഷൻ.”

“നീ എന്തിനാണ് വിശന്നിരുന്നത്?”

“അല്ലാതെ എന്തു ചെയ്യാൻ?”

“രവിക്ക് വേറെ വല്ല പെൺകുട്ടികളുടെയും ഒപ്പം കിടക്കാമായിരുന്നില്ലെ? നമ്മുടെ കെട്ടിടത്തിൽത്തന്നെ ഞാൻ മൂന്നുപേരെ കാണിച്ചു തരാം. നീ അവരുടെ ആരുടെയെങ്കിലും ഒപ്പം കിടന്നോ.”

“ആരൊക്കെയാണ്”

“മറ്റേ വിങ്ങിൽ സെക്കൻഡ് ഫ്ളോറിലുള്ള പഞ്ചാബിപ്പെണ്ണ്. ആ മോഡലിങ് ഗേൾ ഇല്ലേ? അവൾ.”

രവി ഓർത്തു. തരക്കേടില്ല. ഞായറാഴ്ച കടലിൽ നീന്താൻ പോവുമ്പോൾ അവളെ ബിക്കിനി ധരിച്ചു കണ്ടിട്ടുണ്ട്.

പിന്നെ മറ്റേ ബ്ലോക്കിൽത്തന്നെ തേഡ് ഫ്ളോറിലുള്ള ബംഗാളിസ്ത്രീ.

“മിസിസ് ചാറ്റർജിയോ? ആ വിധവയോ?”

“വിധവയായാലെന്താ? നാല്പതു വയസ്സിലും അവരുടെ ശരീരം എങ്ങനെയുണ്ടെന്നു നോക്കൂ.”

“നാല്പതോ? അവർ കേൾക്കണ്ട. എന്നോടു പറഞ്ഞിട്ടുള്ളത് മുപ്പത്തിയഞ്ചാണെന്നാണ്. ഈ ഫെബ്രുവരിയിൽ കഴിഞ്ഞിട്ടേയുള്ളുവത്രെ.”

“അതെയതെ. അവരുടെ മൂത്ത മകന് ഇരുപതാണ്. മകൾക്കു പതിനാറും. അവർക്കു ശരിക്കും നിന്നെ കണ്ണുണ്ട് കേട്ടോ. നീ ഓഫീസിൽ പോകുമ്പോഴൊക്കെ അവർ ഗ്യാലറിയിൽ വന്നു നില്ക്കാറുണ്ട്. പിന്നെ തരം കിട്ടിയാൽ നിന്നോടു സംസാരിക്കുകയും ചെയ്യും. നിന്റെ ഭാഗ്യം.”

“ആട്ടെ, മൂന്നാമത്തേതാരാണ്”

“അവരുടെ മകൾ.”

“ആവൂ! എന്റെ പകുതി വയസ്സേ ഉള്ളൂ.”

“അതുകൊണ്ടെന്താണ് അവളെ കാണാൻ എന്തു ഭംഗിയാണ്.”

“തരക്കേടില്ല. ഒരു പെണ്ണെന്ന നിലയ്ക്ക് എന്റെ സ്പെസിഫിക്കേഷനോടൊക്കില്ല അവൾ. എനിക്കു വേണ്ടത് ഒരു മുഴുവൻ വളർച്ചയെത്തിയ ഒരു മുഴുപ്പെണ്ണാണ്. നിന്നെ കല്യാണം കഴിക്കുന്നതിനു പകരം ഏകദേശം എന്നോടൊപ്പം വയസ്സുള്ള പെണ്ണിനെ കല്യാണം കഴിച്ചാൽ നന്നായിരുന്നെന്നു തോന്നാറുണ്ട്.”

സംസാരം ബാലിശമാണെങ്കിൽക്കൂടി കാമോദ്ദീപകമാണെന്ന് അയാൾ കണ്ടു. പക്ഷേ, അതപകടമാണ്. ലതിക എന്താണ് തീർച്ചയാക്കിയതെന്ന് അയാൾക്ക് അപ്പോഴും മനസ്സിലായിരുന്നില്ല. അയാൾ പറഞ്ഞു:

“എനിക്കു വേറെ ആരും വേണ്ട. നീ തന്നെ മതി.”

എന്നിട്ടു വളരെ സൂക്ഷിച്ച് സാവധാനത്തിൽ തുടർന്നു. “നമുക്ക് അവിടെപ്പോയാൽ ദിവസവും ചെയ്യാം.”

അവൾ ഒന്നും പറഞ്ഞില്ല. മൗനം അപകടമാണ്. അവൾ ആലോചിക്കുകയായിരുന്നു.

അയാൾ ഓർത്തു: “സമയമെത്രയായിട്ടുണ്ടാകും?” പുറത്തുള്ള ശബ്ദങ്ങളെല്ലാം നിലച്ചിരുന്നു. അയാൾ തന്റെ ഫ്ളാറ്റിനെപ്പറ്റി ഓർത്തു. അതൊരിക്കലും നിശ്ശബ്ദമായിരുന്നില്ല. പകൽ കേൾക്കാറുള്ള നഗരത്തിന്റെ ആരവം ഒന്നടങ്ങിയാൽ, പിന്നെ ഫ്ളാറ്റിനുള്ളിൽ നിന്നു വരുന്ന അത്ഭുതകരമായ, കാരണം മനസ്സിലാക്കാൻ കഴിയാത്ത, ശബ്ദങ്ങളാണ്. ടൈംപീസിന്റെ ടിക് ടിക് പോലെ. ചിലപ്പോൾ ആരോ സ്വകാര്യമായി മുറു മുറുക്കുന്നപോലെ. ഈ ശബ്ദങ്ങൾ ശ്രദ്ധിച്ച് ഉറങ്ങാതെകിടന്ന രാത്രികൾ അയാളോർത്തു.

“നീ എന്താണ് ഒന്നും പറയാത്തത്?”

“ഉം?”

“നീ എന്താണ് ഒന്നും പറയാത്തതെന്ന്?”

“എനിക്കുറക്കം വരുന്നു.”

“നുണ.”

“ഞാൻ ആലോചിക്ക്യായിരുന്നു: എനിക്കു നിന്നെ സഹായിക്കണംന്നുണ്ട്. നാളെ ഞാൻ വന്നില്ലെങ്കിൽ നിനക്കു പഞ്ചാബിപ്പെണ്ണിനെ വിളിച്ചൂടെ? അവൾക്ക് ഇടയ്ക്കു സൺ എൻ സാന്റിൽ ഡിന്നർ കൊടുത്താൽ മതി.”

“ഇതെന്തൊരു സാധനമാണപ്പാ. നോക്ക്, ഈ ഇരുപത്തിയൊന്നാം വയസ്സിൽ ഞാൻ കുറെക്കൂടി ഗൗരവമായ സംസാരമാണ് നിന്നിൽ പ്രതീക്ഷിക്കുന്നത്. നിനക്ക് എന്റെ ഒപ്പം വരാൻ താൽപര്യമില്ല, അല്ലേ?”

“അതല്ല രവീ, എനിക്കു ഭയമാവുന്നു. രാവിലെ നീ ഓഫീസിൽ പോകുമ്പോൾ ഞാൻ ബാൽക്കണിയിൽ നിന്നു നോക്കാറില്ലേ? നീ നടന്ന് ആൾക്കൂട്ടത്തിൽ മറയുമ്പോൾ പിന്നെ നിന്നെ കാണില്ലെന്നും നീ എനിക്കു നഷ്ടപ്പെട്ടാണെന്നും എനിക്കു തോന്നാറുണ്ട്. കുളത്തിലിട്ട ഒരു കല്ല് താഴ്ന്നുപോണപോലെ. പിന്നെ വൈകുന്നേരം നീ തിരിച്ചുവന്നാലേ എനിക്കു സമാധാനാവാറുള്ളൂ.”

“നീ ഇവിടെ ഇരുന്നാലും മനസ്സമാധാനം ഉണ്ടാവാൻ വയ്യല്ലോ. കാരണം, ഞാൻ ഓഫീസിൽപ്പോണ സമയം നിനക്കറിയാമല്ലൊ.”

“ശരിയാണ്. പക്ഷേ, നേരിട്ടനുഭവിക്കുന്നതുപോലെയല്ലല്ലൊ.”

“അതൊന്നുമല്ല. നിനക്കെന്നെ ഇഷ്ടമില്ല. അതുതന്നെ.”

“നോക്കു രവി. എനിക്കു നിന്നെ എന്തിഷ്ടമാണെന്നറിയാമോ! അതല്ലെ, ഈരണ്ടു ദിവസംകൂടുമ്പോൾ ചുരുങ്ങിയതു പത്തു പേജെങ്കിലുമുള്ള പ്രേമലേഖനങ്ങൾ അയയ്ക്കുന്നത്? എനിക്കു നിന്റെ ഒപ്പം വരണമെന്നുണ്ട്. പക്ഷേ, എനിക്കു പേടിയാവുന്നു. ആ ഫ്ളാറ്റിൽ പേടിപ്പെടുത്തുന്ന എന്തോ ഉണ്ട്.

“ടിക് ടിക് ശബ്ദങ്ങളോ?”

“എന്താണ്”

“ഒന്നുമില്ല.” അയാൾ പറഞ്ഞു.

“ശരിക്കു പേടിയല്ല. എനിക്കുതന്നെ അറിയാത്ത ഒന്ന്. നമുക്ക് ആ ഫ്ളാറ്റ് വിറ്റ് വേറെ വാങ്ങാം.”

ഫ്ളാറ്റ വാങ്ങിയശേഷം ചായം തേക്കാനായി ചുമരിലെ കുമ്മായം ഉരച്ചു കളയുമ്പോൾ കണ്ട ഒരു ചിത്രം അയാൾ ഓർമ്മിച്ചു. സ്വീകരണ മുറിയുടെ ചുമരിൽ. നിറയെ കള്ളികളുള്ള, ഒരു താന്ത്രികന്റെ കളമെഴുത്തുപോലെ നിഗൂഢമായ ഒരു ചിത്രം. അതു വെള്ളവലിച്ചതിന്റെ അടിയിൽ മറഞ്ഞുകിടന്നതായിരുന്നു. പിന്നെ നീലച്ചായത്തിനിടയിൽ വീണ്ടും മാഞ്ഞു പോയിട്ടും കുറെ ദിവസം ആ ചിത്രം അയാളെ പീഢിപ്പിച്ചിരുന്നു.

"ഈ ഹുക്കൊന്ന് ഇട്ടുതരു," ലതിക പറഞ്ഞു.

"അതു രാവിലെ ഇടാം. പോരെ?"

"പോരാ, രാവിലെ ഒരാൾ കുഞ്ഞിക്കണ്ണും മിഴിച്ചു ചുറ്റും നോക്കുമ്പോൾ കണ്ടാൽ ഉടനെ ഓടിവരും. മിമ്മീമ്മീ എന്നു പറഞ്ഞിട്ട്."

"എന്താണ് മിമ്മീമ്മീ?"

അവൾ കുലുങ്ങിച്ചിരിച്ചു. അയാൾക്കും ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

പിന്നെ ലതിക അയാളുടെ നെഞ്ചിൽ ചുരുണ്ടുകൂടി ഉറക്കമായപ്പോൾ, അവളുടെ കവിളിൽ മൃദുവായി ചുംബിച്ച്, ഇല്ലാത്ത ടിക് ടിക് ശബ്ദങ്ങളുടെ നിശ്ശബ്ദതയിൽ ഉറക്കം കിട്ടില്ലെന്നുറപ്പായ മറ്റൊരു രാത്രിയെ നേരിടാൻ അയാൾ തയ്യാറെടുത്തു.

രാവിലെ അയാൾ വൈകി എഴുന്നേറ്റപ്പോൾ താഴെ ബഹളമായിരുന്നു. ലതികയും മോനും എഴുന്നേറ്റ പോയിരുന്നു. അയാൾ കോണിയിറങ്ങി താഴെ വന്നു. ഗിരീശൻ ഒരു ഷർട്ടും ട്രൗസറുമായി ലതികയുടെ പിന്നാലെ നടക്കുകയായിരുന്നു.

"ഗിരീച്ച, അച്ഛാ. ചൂച്ചൂ ടെയ്ൻ. ഗിരീച്ച ടൗച്ച."

ലതിക ഒന്നും മറുപടി പറയാതെ നടക്കുകയാണ്. അമ്മയുടെ പിന്നാലെ നടന്നിട്ടു ഗുണമൊന്നുമില്ല എന്നു കണ്ടപ്പോൾ അവൻ അമ്മമ്മയുടെ അടുത്തു പോയി.

"മമ്മമ്മാ, ഗിരി ടൗച്ച. ഗീരീച്ച, അച്ഛാ, ചൂച്ചൂ ടെയ്ൻ. ടാറ്റാ."

"മോനെ, മാമുണ്ടിട്ടല്ലെ ചൂച്ചൂ ട്രെയിനിൽ പോവോ?"

"ഗിരീച്ചാ, മാമു നാനാ."

ആരാണിവന് അച്ഛന്റെ ഒപ്പം പോകുന്ന കാര്യം പറഞ്ഞുകൊടുത്തത്? അമ്മയായിരിക്കും, അല്ലെങ്കിൽ അമ്മമ്മ. ലതിക ഒപ്പം വരുന്നില്ലെങ്കിൽ അവളുടെ ടിക്കറ്റ് കാൻസൽ ചെയ്യണമെന്ന് അയാൾ ഓർത്തു. തിരിച്ച് ഒറ്റയ്ക്കുള്ള യാത്ര, അവിടെ തന്നെ കാത്തുനില്ക്കുന്ന ഏകാന്തത.

അമ്മമ്മയും വളയുന്നില്ലെന്നുകണ്ടപ്പോൾ അവൻ ഉമ്മറത്തേക്കു വന്ന് അച്ഛനെത്തന്നെ പിടികൂടി.

"അച്ഛാ, ടൗച്ചാ ചൂ ചൂ ടെയ്ൻ ടാറ്റ."

അയാൾ അവനെ വാരിയെടുത്ത് ഉയർത്തിപ്പിടിച്ച് അവന്റെ കണ്ണുകളിൽ നോക്കി. കണ്ണുകളിൽ ആകാംക്ഷയുണ്ടായിരുന്നു, ദുഃഖമുണ്ടായിരുന്നു. എന്തുകൊണ്ടോ, അയാൾ ഓട്ടയുള്ള കീശയിൽ കൈയിട്ട്, പാറിയ പൊടിപിടിച്ച തലമുടിയും വെയിൽകൊണ്ട് ഇരുണ്ട മുഖവും മാറുമായി അലക്ഷ്യമായി നോക്കി നില്ക്കുന്ന ഒരു പയ്യനെ ഓർത്തു.

ആൽബത്തിന്റെ ആദ്യപേജുകളിലൊന്നിൽ ആ ഫോട്ടോ ഉണ്ട്. മകന്റെ ദുഃഖപൂരിതമായ കണ്ണുകളിൽ നോക്കിക്കൊണ്ടിരിക്കെ അയാൾക്ക് ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. മോനെ, നിനക്കിനി എത്ര ദുഃഖം സഹിക്കേണ്ടിവരും ജീവിതത്തിൽ?

അയാൾ അവനെ നിലത്തിറക്കിവച്ചു പറഞ്ഞു.

“അച്ഛൻ ട്രൗസറിട്ടുതരാം. അച്ഛന്റെ ഒപ്പം വൈകുന്നേരം ചൂച്ചൂ ട്രെയിനിൽ പോണ്ടെ?”

പിന്നെ ഉമ്മയുടെ ഒരു പ്രളയമായിരുന്നു. “ഉമ്മാ, ഉമ്മാ. ഗിരീച്ച, അച്ഛാ, ചൂച്ചൂ ടെയ്ൻ റ്റാ റ്റാ.”

അപ്പോൾ ഇരുണ്ട ദേഹമുള്ള, കീറിയ ട്രൗസറിട്ട കുട്ടിയുടെ ചിത്രം ഓർത്തിട്ടോ എന്തോ അയാൾ നിശ്ശബ്ദനായി കരയാൻ തുടങ്ങി.

ഗിരീശൻ പകച്ചു നിന്നു. ഇതിന്റെ പരിസമാപ്തി ഇങ്ങനെയാവുമെന്ന് അവൻ പ്രതീക്ഷിച്ചിരുന്നില്ല. അവൻ എഴുന്നേറ്റു പോയി കുറച്ചകലെ നിലത്തിരുന്നു കുഞ്ഞിക്കൈകൾ കൊണ്ടു സ്വന്തം കവിളിൽ അടിക്കാൻ തുടങ്ങി. “മ്മാ, മ്മാ. ഗിരീച്ചാ മ്മാ.”

അയാൾക്ക് അതു സഹിച്ചില്ല. സ്വയം ശിക്ഷയേല്പിക്കാമെന്നു, ഈ ഒന്നരവയസ്സിൽ നിനക്കെങ്ങനെ മനസ്സിലായി മോനെ?

അയാൾ അവനെ വാരിയെടുത്തു.

നിമിഷങ്ങൾ ഒരു ചൂച്ചുവണ്ടിയെപ്പോലെ സഞ്ചരിച്ചപ്പോൾ വൈകുന്നേരമായെന്ന് അയാൾ മനസ്സിലാക്കി. ചുറ്റുമുള്ള ചലനങ്ങൾ അയാൾ അറിഞ്ഞു. എല്ലാവരും വളരെ അവാസ്തവികമായി നിഴൽപോലെ നടന്നു. അതിനിടയ്ക്ക് ലതിക എവിടെ പ്പോയെന്ന് അയാൾ അത്ഭുതപ്പെട്ടു. അയാൾ പോകേണ്ട കാര്യം ഓർത്തു. സൂട്ട്കേസ് ഒതുക്കിയിട്ടില്ല. കാര്യമായൊന്നും ഒതുക്കാനില്ല. മാറാനുള്ള ഷർട്ടും പാന്റും എടുക്കണം. സൂട്ട്കേസ് തുറന്നപ്പോഴാണ് അയാൾ കണ്ടത്. ഗിരീശന്റെ ഉടുപ്പുകൾ വാരിക്കൂട്ടി ഇട്ടിരിക്കുന്നു. ഒപ്പം അവന്റെ കളിക്കോപ്പുകളും. റബ്ബറിന്റെ ഒരു നായ്ക്കുട്ടി, ഒരു തീവണ്ടി, നീണ്ട കഴുത്തുള്ള പൂച്ചക്കുട്ടി. നോക്കിക്കൊണ്ടിരിക്കെ ഗിരീശൻ വേറെയും സാധനങ്ങളുമായി വരുന്നുണ്ടായിരുന്നു. ഫാരക്സിന്റെ ടിൻ, പാൽ കൂട്ടാനുള്ള സ്റ്റിറർ.

അയാൾ ഓടിച്ചെന്ന് അതെല്ലാം വാങ്ങി വച്ചു. “മോനെ, നീ ഇപ്രാവശ്യം അച്ഛന്റെ ഒപ്പം വരുന്നില്ല. മോനും അമ്മയും കൂടി അടുത്ത പ്രാവശ്യം ചൂച്ചൂ ട്രെയ്നിൽ വന്നാൽ മതീട്ടൊ.”

“ഗിരീച്ചാ, അച്ഛാ പൂവ്വാ.” അവൻ പറഞ്ഞു. അവൻ ടിന്നും സ്റ്റിററും അയാളുടെ കൈയിൽനിന്ന് വാങ്ങി സൂട്ട്കേസിൽ നിക്ഷേപിച്ച്, വീണ്ടും എന്തോ സാധനങ്ങൾ എടുക്കാൻ ധൃതിയിൽ ഓടിപ്പോയി.

സൂട്ട്കേസിൽ ചിതറിക്കിടന്ന കുട്ടിയുടുപ്പുകൾ എടുത്തുമാറ്റാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ തളർന്നിരുന്നു.

മുത്തച്ഛന്റെ ശബ്ദം കേട്ടു. രവീ, പോവാറായിരിക്കുന്നു. ടാക്സി ഇപ്പോൾ വരും.

അയാൾ എഴുന്നേറ്റു യാന്ത്രികമായി വസ്ത്രം മാറ്റി.

“ലതിക എവിടെ?” മുത്തച്ഛൻ ചോദിച്ചു.

മറുപടി ആരിൽനിന്നും വന്നില്ല.

“എന്താ, ഞാൻ ചോദിച്ചത് ആരും കേട്ടില്ല, എന്നുണ്ടോ?”

“അവൾ മോളിലാണ്. വാതിലടച്ചിട്ടിരിക്യാണ്.” അമ്മമ്മ പറഞ്ഞു.

“എന്താ അവളവിടെ ചെയ്യുന്നത്?”

“നിക്കറിയില്ല.”

അവൾ ഒപ്പം പോകുന്നില്ലെങ്കിലും സ്റ്റേഷൻവരെയെങ്കിലും രവിയുടെ ഒപ്പം പൊയ്ക്കൂടെ? എന്തൊരു കുട്ടിയാണിവൾ!

പടിക്കൽനിന്ന് ടാക്സിയുടെ ഹോറൺ കേട്ടു. അയാൾ ധൃതിയിൽ മോന്റെ കുഞ്ഞിയുടുപ്പുകളും കളിക്കോപ്പുകളും പുറത്തേക്കിട്ടു സൂട്ട്കേസ് പൂട്ടി. മോന്റെ കരച്ചിൽ വകവയ്ക്കാതെ സൂട്ട്കേസുമെടുത്തു മുറ്റത്തേക്കിറങ്ങി.

അപ്പോൾ അയാൾ ലതിക വരുന്നതു കണ്ടു. അവൾ ഒരു സൂട്ട്കേസും തൂക്കിയെടുത്ത് സാവധാനത്തിൽ കോണിയിറങ്ങി വരുകയായിരുന്നു. ഭാരമുള്ള സൂട്ട്കേസ് രണ്ടു കൈകൊണ്ടും താങ്ങിപ്പിടിച്ച് അവൾ ഉമ്മറത്തേക്കു വന്നു.

“ഞാനുംണ്ട് രവീടെകൂടെ.”

അയാൾക്കു പെട്ടെന്നു നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

“ഇതു നേർത്തെ എഴുന്നള്ളിക്കായിരുന്നില്ലെ? ഉച്ചയ്ക്കല്ലെ പോയി ടിക്കറ്റു ക്യാൻസൽ ചെയ്തത്? ഇനി ഈ തിരക്കിലുണ്ടോ സ്ഥലം കിട്ടാൻ പോകുന്നു? ഇനി സൗകര്യമുള്ളപ്പോൾ, നല്ല ബുദ്ധി തോന്നുമ്പോൾ അങ്ങോട്ടു സ്വയം വന്നുകൊള്ളൂ. നീ എന്നെ ഒരു ഭ്രാന്തനാക്കുന്നു.”

അയാൾ പൊയ്ക്കഴിഞ്ഞു. കാറിന്റെ വാതിൽ അടഞ്ഞ ശബ്ദം. എഞ്ചിന്റെ മുരൾച്ച. ലതിക തളത്തിലേക്കു സാവധാനം നടന്ന്, സോഫയിൽ കാലും കയറ്റിവച്ചു മുട്ടിന്മേൽ മുഖവുമമർത്തി തേങ്ങിക്കരഞ്ഞു.

ഗിരീശൻ ഓടിപ്പോയി അച്ഛന്റെ ചിത്രത്തിനു ചുവട്ടിൽ നിന്നു. മുത്തച്ഛന്റെ ഇടിവെട്ടുപോലെയുള്ള ഗർജ്ജനങ്ങൾ. അമ്മമ്മയുടെ ശകാരവർഷം. അമ്മയുടെ തേങ്ങലുകൾ — ഇതിനിടയിൽ അച്ഛൻ വീണ്ടും ചുമരിൽ ഒരു ചിത്രമായെന്ന് ഗിരീശൻ മനസ്സിലാക്കി.

അവൻ കൈയിന്റെ വിരൽ കടിച്ച് മൊസയിക്കിട്ട നിലത്ത് അമ്മയെ നോക്കി കമിഴ്ന്നുകിടന്നു.

— 9 —

## യാത്ര പറയാതെ പോയവൾ

രാവിലെ പ്രാതൽ അടങ്ങുന്ന കടലാസ്സുപൊതി മേശമേൽ വെച്ച് ഗോപാലൻ പറഞ്ഞു: "സാറേ, സാറ് വീട്ട് മാറ്ണില്ല്യേ?"

"ഏ?" പ്രകാശൻ ചോദിച്ചു.

"സാറ് വീട്ട് മാറ്ണില്ല്യേ? ഇന്നെത്ര്യാന്തിയാണെന്നറിയ്യോ?"

അയാൾ കലണ്ടറിൽ നോക്കി. ഫെബ്രുവരി കഴിഞ്ഞിരിക്കുന്നു. മാർച്ച് ഒന്ന്.

"അപ്പോൾ സാറ് മാറ്ണില്ല്യ?" ഗോപാലൻ വീണ്ടും.

പ്രകാശന്ന് മനസ്സിലായില്ല. അയാൾ ലോധിക്കോളനിയിൽ ക്ലാസ്സ് വൺ ആപ്പീസർമാരുടെ ഫ്ളാറ്റുകളിലൊന്നിലെ സർവന്റ്സ് ക്വാർട്ടേഴ്സിൽ താമസിക്കുകയാണ്. മൂന്നാം നിലയിൽ. അലോട്ടി അയാളോടു മാറാൻ ആവശ്യപ്പെട്ടിട്ടില്ല. മാസത്തിലൊരിക്കൽ വാടക വാങ്ങാൻ വരുമ്പോൾ അല്ലാതെ പ്രകാശൻ അലോട്ടിയെ കാണാറേയില്ല. അയാൾ ചോദിച്ചു.

"ഞാനെന്തിനു മാറണം?"

ഗോപാലൻ അത്ഭുതം നടിച്ചു.

"സാറ് പുറത്തേക്കൊന്നു നോക്കൂ."

ഗോപാലൻ കടലാസ്സുപൊതികളുള്ള സഞ്ചിയും രണ്ട് അലുമിനിയം തൂക്കുപാത്രങ്ങളും തൂക്കി പോകുന്നത് അയാൾ നോക്കി. പിന്നെ എഴുന്നേറ്റ് ജനലിലൂടെ പുറത്തേക്കു നോക്കി. നീലാകാശം, അതിൽ ഒരു വെളുത്ത മേഘക്കീറ്.

അയാൾ അവശനായി. തിരിച്ചു ചൂടിചാർപ്പായിൽ വന്നു കിടന്നു. അപ്പോൾ അതാണു സംഗതി. ഞാൻ കരുതലോടെ ഇരിക്കാത്തതുകൊണ്ട് അതു പെട്ടെന്നു വന്ന് എന്നെ അത്ഭുതപ്പെടുത്തിയിരിക്കുന്നു. ആകാശത്തിന്റെ ചാരനിറം എപ്പോഴാണു നീലയായത്?

പ്രകാശന്ന് കിടക്കാൻ കഴിഞ്ഞില്ല. എഴുന്നേറ്റു. കട്ടിയുള്ള രജായി മടക്കിവെച്ചു. പിന്നെ രോമക്കുപ്പായങ്ങളെല്ലാം ഓരോന്നായി എടുത്തു മടക്കി പെട്ടിയിൽ വെച്ചു. വിഷമമുണ്ടായിരുന്നു. കാരണം, അയാളുടെ ഒരു കൈ പ്ലാസ്റ്ററിലായിരുന്നു. മൂന്നാഴ്ച മുമ്പുണ്ടായ അപകടത്തിൽ അയാളുടെ ഇടത്തെ കൈയെല്ല് പൊട്ടിയിരുന്നു. ഇന്നു രാവിലെ ഡോക്ടറെ കാണേണ്ട ദിവസമാണ്.

പോകുന്ന വഴിക്ക് രോമക്കുപ്പായങ്ങൾ അലക്കു പീടികയിൽ കൊടുക്കാമെന്ന് അയാൾ ഓർത്തു. ഇന്നു കൊടുത്തില്ലെങ്കിൽ ഈ കൊല്ലം മുഴുവൻ അലക്കലുണ്ടാവില്ല. പെട്ടിയിൽനിന്ന് രോമക്കുപ്പായങ്ങളെല്ലാം പുറത്തേക്കെടുത്തു. കടലാസിൽ പൊതിഞ്ഞു ചാർപ്പായിൽ വെച്ചു.

ഡോക്ടറെ എത്രമണിക്ക പോയാലാണ കാണാൻ പറ്റുക എന്നറിയില്ല. കഴിഞ്ഞ രണ്ടു പ്രാവശ്യവും പോയതു് രാവിലേയോ വൈകുന്നേരമോ എന്നയാൾക്ക് ഓർമ്മിക്കാൻ പറ്റിയില്ല.

ചാർപ്പായിന്റെ അടിയിൽനിന്ന് ഷൂസ് തിരഞ്ഞെടുത്തു. സോക്സ് സാധാരണയേക്കാൾ നാറുന്നുണ്ട്. നാറുന്ന സോക്സും, ചളിപിടിച്ചൊട്ടിയ തുവാലയും കാരണം ആൾക്കാരുടെ മുമ്പിൽ അധികനേരം ഇരിക്കാൻ അയാൾ ഇഷ്ടപ്പെട്ടില്ല. ഹോട്ടലിൽ ഊണകഴിഞ്ഞു് കൈകഴുകിയാൽ തുവാല പുറത്തെടുക്കാൻ ധൈര്യപ്പെടാതെ കൈകൾ കീശയിൽ തിരുകി തുടയ്ക്കുകയാണ പതിവ്. ഷൂസിടേണ്ട എന്ന തീരുമാനിച്ചു. ചെരിപ്പു മതി.

അയാൾ എഴുന്നേറ്റു മേശമേൽ കിടക്കുന്ന പ്രാതൽ പൊതി കൈയിലെടുത്തു. തുറക്കാൻ കഴിയാതെ താഴെ വെച്ചു. ഗോപാലനോടു പല പ്രാവശ്യം പറഞ്ഞതാണ് പൊതിയിലെന്താണെന്ന പറയരുതെന്ന്. ഉള്ളിലുള്ള രഹസ്യമറിയുമ്പോൾ തുറക്കാൻ കഴിയാറില്ല. അയാൾ പ്രാതൽ കഴിക്കാതെ പുറത്തിറങ്ങി. കോണിപ്പടികൾ പകുതി ചവിട്ടിയിറങ്ങിയപ്പോൾ അലക്കുപീടികയിൽ കൊടുക്കാനുദ്ദേശിച്ച രോമക്കുപ്പായങ്ങളെടുത്തിട്ടില്ലെന്ന് ഓർമ്മവന്നു. പക്ഷേ, ഇത്ര നേർത്തെ അലക്കു പീടിക തുറന്നില്ലെന്ന വരാം. എടുക്കാത്തതു നന്നായി.

കോണിപ്പടികൾക്കു താഴെ ഉത്തേജിതനായ കരുണാകരൻ:

“കിട്ടിയെടോ, കിട്ടി. അവസാനം!.”

നെറ്റിയിൽനിന്ന് വിയർപ്പു തുടച്ചുമാറ്റി കരുണാകരൻ പറയുന്നു: “കിട്ടി. ഞാൻ രക്ഷപ്പെട്ടു. ഇന്ന രാവിലെ തന്നെ ശരിയായില്ലെങ്കിൽ എന്തായിരുന്ന ഗതി? ഒരു മാസം കൂടി ഇവിടെ, ഒും! ഞാൻ രക്ഷപ്പെട്ടു.”

പ്രകാശൻ അമ്പരന്ന നിന്നു. കരുണാകരനെ ഉത്തേജിതനായി കണ്ടിട്ടുണ്ട്. പക്ഷേ, ഇതുപോലെ ഒരിക്കലും കണ്ടിട്ടില്ല. അയാൾക്കു സംഗതി മനസ്സിലായില്ല. അയാൾ ചോദിച്ചു.

“എന്താണ കിട്ടിയതു്?”

കരുണാകരൻ ഒരു നിമിഷം അയാളുടെ മൂഢതയിൽ സ്തംഭിച്ചു നിന്നു. പിന്നെ പറഞ്ഞു.

“എനിക്കു ഫ്ളാറ്റ് കിട്ടി ആവൂ! ഈ വേനലിന് ഞാൻ രക്ഷപ്പെട്ടു.”

ഇത്രയേ ഉള്ളു. അയാൾ ആശ്വസിച്ചു. കരുണാകരനെപ്പറ്റി ഒരു ചിത്രം വരയ്ക്കുകയാണെങ്കിൽ, കൂടുണ്ടാക്കാൻ സാധനങ്ങൾ കൊത്തിക്കൂട്ടുന്ന ഒരു കിളിയെയാണ വരയ്ക്കുക. അയാൾ ഇപ്പോൾ താമസിക്കുന്ന മുറിയിൽ ഒരു കൊച്ചു സ്വർഗ്ഗം സൃഷ്ടിച്ചിരിക്കയാണ്. വാതിലിനും ജനലിനും ഭംഗിയുള്ള ചുവന്ന കർട്ടൻ. വിരിയുള്ള വട്ടമേശമേൽ റേഡിയോ. റേഡിയോവിന്നു മുകളിൽ ഒരു പൂത്തട്ട്. ഒരു മൂലയിൽ വേറൊരു വട്ടമേശമേൽ സ്ഫടികപ്പാത്രത്തിൽ വെള്ളം നിറച്ച് ഒരു മണിപ്ലാന്റ്. വില പിടിച്ച വിരിപ്പു വിരിച്ച സ്പ്രിങ്കട്ടിൽ.

ചുവരിൽ മഞ്ഞുമൂടിയ ഭൂവിഭാഗങ്ങളും പൂക്കളും സുലഭമായുള്ള ഒരു സ്വിസ് കലണ്ടർ.

എവിടെയാണ് താൻ വീടെടുത്തിരിക്കുന്നതു്?

സൗത്ത് എക്സ്റ്റൻഷനിൽ, ഒന്നാംനിലയിലാണ്. അതുകൊണ്ട് സമ്മറിൽ വെള്ളത്തിനു വിഷമമുണ്ടാവില്ല. നല്ല സ്ഥലമാണ്. ഒരു മുറി, ബാൽക്കണി, അടുക്കള, ചുമരിൽ വലിയ വാർഡ്റോബ്...

വെളിച്ചം കടക്കാത്ത വലിയൊരു ഗുഹ. അതിൽ നിന്ന് ഉൾപ്പിരിവുകൾ. മൺഭിത്തികളിൽ കുത്തിനിർത്തിയ പന്തങ്ങൾ. കത്തിച്ച പന്തവുമേന്തി ഒരു ഗുഹയിൽ നിന്ന് മറ്റൊരു ഗുഹയിലേക്ക്, പിന്നെ വേറൊന്നിലേക്കു പ്രയാണം. വേട്ടായാടിപ്പിടിച്ച മൃഗത്തിന്റെ ഇറച്ചി തീയിലിട്ടു വേവിച്ചു തരുന്ന തടിച്ചിപ്പെണ്ണ് ഒപ്പം കിടക്കുവാൻ. പിന്നെ മലകളിൽ തേൻചുരയ്ക്കയുമായി അലച്ചിൽ.

ഞാൻ പോട്ടെ, കരുണാകരൻ പറഞ്ഞു, സാധനങ്ങളെല്ലാം പായ്ക്കുചെയ്യണം.

കരുണാകരനെ അയാൾ തുറിച്ചു നോക്കി. പിന്നെ ഒറ്റയ്ക്കായപ്പോൾ പ്രകാശൻ പുറത്തിറങ്ങി ഗെയ്റ്റു കടന്നു. പുറത്തുള്ള കാഴ്ച അത്ഭുതപ്പെടുത്തുന്നതായിരുന്നു. കോട്ടമതിൽ പോലെ നില്ക്കുന്ന മഞ്ഞക്കെട്ടിടങ്ങൾ. അവയുടെ വിവിധ ഗെയ്റ്റുകളിൽ ഒരോന്നിലും ഓരോ കുതിരവണ്ടി നില്ക്കുന്നു. അവയിലേയ്ക്ക് വീട്ടുസാമാനങ്ങൾ കയറ്റുകയാണ്. ഈ കാഴ്ച തൽക്കാലത്തേക്കു പ്രകാശനെ നിശ്ചലനാക്കി. സെസിൽ ദിമില്ലൊവിന്റെ ബൈബിൾ ചിത്രങ്ങൾ വീതിയുള്ള തിരശ്ശീലയിൽ കാണുന്ന പോലെ. ഇത്രയധികം ആൾക്കാർ ഈ കോളനി വിട്ടുപോകയാണോ?

വീണ്ടും നോക്കിയപ്പോൾ മനസ്സിലായി. കുതിര വണ്ടികൾ മാത്രമല്ല, ഉന്തുവണ്ടികൾ, ലോറികൾകൂടി. പശ്ചാത്തലസംഗീതത്തിനുവേണ്ടി ചെവിയോർത്ത് പ്രകാശൻ നടന്നു.

അന്തരീക്ഷത്തിനു വന്ന മാറ്റം അയാൾ മനസ്സിലാക്കി. അയാൾ ദീർഘശ്വാസം വിട്ടു. ചുറ്റും വീട്ടുമാറലിന്റെ തിരക്ക്, കുതിരകളുടെ ചിനച്ചിൽ, ആജ്ഞകൾ, വാഹനങ്ങളുടെ മുരൾച്ച. അവയ്ക്കിടയിലൂടെ പ്രകാശൻ ആവുംവിധം വേഗത്തിൽ നടന്നു. അയാൾ വളരെ അസ്വസ്ഥനായിരുന്നു. പ്ലാസ്റ്ററിട്ട കൈ വേദനിച്ചു. ഇന്ന് പക്ഷേ, പ്ലാസ്റ്റർ എടുത്തുകളയാമെന്നാണ് ഡോക്ടർ പറഞ്ഞിരുന്നത്. ഈ വേദനയുള്ളപ്പോൾ ഡോക്ടർ തീരുമാനം മാറ്റിയേക്കാം.

ക്ലിനിക്കിൽ തിരക്കായിരുന്നു. പുറത്ത് ഡോക്ടറുടെ പേരെഴുതിയ തകിടിന്നു താഴെ ഔട്ട് എന്നെഴുതിയിരുന്നു. ഡോക്ടർ വരേണ്ട സമയമാവുന്നേ ഉണ്ടാവൂ. പ്രകാശൻ അകത്തു കടന്നില്ല. എന്താണു ചെയ്യേണ്ടത്? തിരിച്ചു മുറിയിൽ പോകാൻ മനസ്സുവരുന്നില്ല. ഹോട്ടലിൽ പോയി കാപ്പികുടിക്കാം. അയാൾ മാർക്കറ്റിലേക്കു നടന്നു.

വഴിക്ക് പേരോർമ്മയില്ലാത്ത ഒരു സ്നേഹിതനെ കണ്ടു. അയാൾ ഒരു മൺകലവും താങ്ങി വരികയാണ്.

"എങ്ങനെയുണ്ട് കലം? രണ്ടു ദിവസത്തേക്കു വെള്ളം പിടിച്ചുവെക്കാം, അല്ലേ? ഇനി ചൂടിൽ ഇതില്ലെങ്കിൽ രക്ഷയില്ല."

അയാളുടെ പേരെന്തെന്ന് പ്രകാശൻ ആലോചിക്കുകയായിരുന്നു. രണ്ടുപ്രാവശ്യം പറഞ്ഞുതന്നിട്ടും ഓർമ്മിക്കാൻ പറ്റുന്നില്ല.

ഹോട്ടലിൽ പരിചയമുള്ള മുഖങ്ങൾ. മിനുസപ്പെടുത്തിയ ഉപചാരവാക്കുകൾ. ഗോപാലൻ തിരിച്ച് ഹോട്ടലിൽ എത്തിയിരിന്നു. അയാളുടെ മുഖം തികച്ചും കാര്യമാത്ര പ്രസക്തമായിരുന്നു.

"എന്താണു വേണ്ടത്? കാപ്പിയായിരിക്കും. അല്ലേ?"

പ്രകാശൻ തലയാട്ടി. രണ്ടുവിധത്തിൽ ഗോപാലൻ പ്രകാശനെ അത്ഭുതപ്പെടുത്തിയിരുന്നു. ഒന്നാമത്, അയാളുടെ ദ്വിമുഖം. മുറിയിൽ ചോറു കൊണ്ടുവരുമ്പോൾ അയാൾ ചിരിക്കാറുണ്ട്, തമാശ പറയാറുണ്ട്. പക്ഷേ, ഹോട്ടലിൽ വെച്ച് കാണുമ്പോൾ അയാൾ തികച്ചും അപരിചിതനെപ്പോലെയായിരുന്നു. രണ്ടാമത്, പ്രകാശനു വേണ്ടതെന്താണെന്ന് ഗോപാലന് ചോദിക്കാതെ മനസ്സിലാവുന്നു.

കാപ്പി നന്നായിരുന്നു. വറുത്തുപൊടിച്ച കാപ്പിയുടെ സ്വാദ് അയാൾക്കിഷ്ടമായിരുന്നു.

പെട്ടെന്ന് അയാൾ സ്നേഹിതൻ കൊണ്ടുപോയ മൺകലവും, അതോടെ മൺകലം വില്ക്കുന്ന സത്തോവിനേയും ഓർത്തു. മൂന്നാഴ്ചയായി, അപകടത്തിനു ശേഷം അയാൾ സത്തോവിനെ കണ്ടിട്ടില്ല. ഒരു പ്രേമബന്ധം മര്യാദയ്ക്കു നടത്താൻകൂട്ടി തനിക്കു കഴിവില്ല.

കാപ്പികുടി മതിയാക്കി പ്രകാശൻ എഴുന്നേറ്റു. സത്തോവിനെ ഇപ്പോൾത്തന്നെ കാണണം. അയാൾ മാർക്കറ്റിന്റെ പിന്നിലൂടെ നിരത്തിലേക്കു കയറി, റെയിൽ മുറിച്ചു കടന്നു. ഓടയ്ക്കു മുകളിലുള്ള പാലം കടന്ന് ഓടയ്ക്കരികിലൂടെ പോകുന്ന നിരത്തിലൂടെ അയാൾ നടന്നു. ഇടത്തുവശത്തു നിരയായി കെട്ടിയ മൺകുടിലുകൾ. അവയിൽ ഒന്നിനുമുമ്പിൽ സത്തോ ഇരുന്നിരുന്നു. അവൾ ഒരു ബഞ്ചിലിരുന്ന്, ഷർട്ടു പോലെയുള്ള കുപ്പായം മുമ്പിൽ അല്പം പൊക്കി കുട്ടിക്കു മുല കൊടുക്കുകയായിരുന്നു. പ്രകാശനെ കണ്ടപ്പോൾ അവൾ മുലകൊടുക്കൽ നിർത്തി ചെക്കനെ താഴെ വെച്ചു. അപ്പോഴാണ് അയാളുടെ പ്ലാസ്റ്ററിട്ട കൈ അവൾ കണ്ടത്.

ഛോട്ടാ ബാബുവിന്റെ കൈയിനെന്തുപറ്റി?

അയാൾ ചിരിച്ചു. അവളുടെ സ്വരത്തിൽ, മുഖഭാവത്തിൽ ഉൽക്കണ്ഠയുണ്ടായിരുന്നു. അയാൾ പറഞ്ഞു:

സ്കൂട്ടർ പറക്കുമോ എന്നു ശ്രമിച്ചുനോക്കി.

അവൾ മൂക്കിൽ കൈവെച്ചു.

ബാബുജി ഫട്ഫട്ടിൽ പോകുന്ന പോക്കു കാണുമ്പോഴെല്ലാം ഞാൻ പറയാറുണ്ട്.

“ബാബുലാൽ എവിടെ?”

“മണ്ണെടുക്കാൻ പോയിരിക്കയാണ്.”

ബാബുലാലിന്റെ ചക്രം അടുത്തുതന്നെ നിശ്ചലമായി ചെരിഞ്ഞുകിടന്നിരുന്നു. അയാൾ നാലു ഭാഗത്തേക്കും നോക്കി. അടുത്ത മൺകുടിലിന്നു മുമ്പിൽ കുറച്ചു കുട്ടികൾ കളിക്കുകയാണ്. അതിനുമപ്പുറത്ത് ഒരു പെണ്ണ്, കാറിൽ നിന്നു തല പുറത്തിട്ടു നോക്കുന്ന വയസ്സന്ന് കലം വിൽക്കുകയാണ്. സത്തോ പറഞ്ഞു.

“ബാബുജി വരു!.”

അവൾ ചെക്കനെ ഒക്കത്തുവെച്ച് കുടിലിലേക്കു നൂണകടന്നു. പിന്നാലെ അയാളും. അവൾ വാതിൽ അടച്ചു. കുട്ടിയെ താഴെ വെച്ച് അയാളുടെ അടുത്തു വന്ന് അയാളുടെ ഇടത്തെ കൈപ്പടം തലോടി.

“വേദനയുണ്ടോ ഛോട്ടാബാബു?”

“കുറേശ്ശെ.”

അയാൾ വലത്തെ കൈകൊണ്ട് അവളെ അരക്കെട്ടിലൂടെ അടുപ്പിച്ചു, അവളുടെ ചെവിയിൽ ചുംബിച്ചു.

“നീ സുന്ദരിയാണ്ടു സത്തോ!.”

അയാളുടെ കൈ അവളുടെ ഷർട്ടിന്റെ അടിയിലൂടെ കയറി, മിനുത്ത വയറിന്നു മേലെക്കൂടി മുകളിലേക്ക്. അയാളുടെ കൈകൾക്കു വിശ്രമം കിട്ടിയില്ല.

അവൾ പെട്ടെന്നു വിട്ടുമാറി. തിരിഞ്ഞുനിന്ന് ഷർട്ട് തലയിലൂടെ വലിച്ചൂരി, ചാർപ്പായിൽ പ്രകാശന്റെ അടുത്തു വന്നിരുന്നു. ഷർട്ടും പാന്റും അഴിക്കാൻ അവൾ അയാളെ സഹായിച്ചു. നഗ്നരായപ്പോൾ അവൾ ചോദിച്ചു:

“ഈ കൈയും വെച്ച് എങ്ങനെയാണ്?”

അവർ ചാർപ്പായിൽ കിടന്നു. പ്ലാസ്റ്ററിട്ട ഒരു കൈ വിലങ്ങുതടിയായി വന്നു. ഒരപരിചിതവസ്തുവിനെപ്പോലെ അയാൾ അതിനെ നോക്കി. മറ്റേതോ കാലത്തിൽ നിന്ന്, മറ്റേതോ ലോകത്തിൽനിന്നു വന്ന ഒരു വിചിത്ര വസ്തു. നോക്കിക്കൊണ്ടിരിക്കെ അതിന്റെ നിറം മാറിത്തുടങ്ങി. ആദ്യം കടുംചുവപ്പ്, പിന്നെ തവിട്ടുനിറം, പിന്നെ പച്ച. അയാൾ കുട്ടിയായിരുന്നപ്പോൾ ഊഞ്ഞാലാടുമ്പോൾ സൂര്യനെ പെട്ടെന്നു നോക്കി കണ്ണടയ്ക്കാറുണ്ടായിരുന്നു. കണ്ണടയ്ക്കുമ്പോൾ സൂര്യൻ ഉണ്ടാക്കിയ ഛായ കണ്ണിൽ പതിഞ്ഞതു നിറം മാറിക്കൊണ്ടിരിക്കും, അവസാനം മങ്ങി ഇല്ലാതാവുന്നതു വരെ.

സത്തോവിന്റെ ചലനങ്ങൾ അയാൾ ഒരു സ്വപ്നത്തിലെന്നപോലെ അറിയുന്നുണ്ടായിരുന്നു.

ബാബുജി വെറുതെ കിടന്നാൽ മതി.

സത്തോവിന്റെ വിശദമായ ഒരുക്കങ്ങൾ ഒരു കുട്ടിയെ നോക്കുന്ന കൗതുകത്തോടെ, വാത്സല്യത്തോടെ പ്രകാശൻ നോക്കിക്കണ്ടു. അയാൾക്കു സഹായിക്കാൻ കഴിഞ്ഞില്ല. ശ്രമം വളരെ ക്ലേശകരമായിരുന്നു. അവൾ പരാജയപ്പെടുന്നതും, ഒരു കിതപ്പോടെ അയാളുടെ അരുകിൽ കിടക്കുന്നതും അയാൾ അറിഞ്ഞു, പിന്നെ വളരെ ദൂരെയെവിടെനിന്നോ എന്നപോലെ സത്തോവിന്റെ ശബ്ദം:

“കഴിയുന്നില്ല ബാബുജീ.”

“സാരമില്ല. വലതുകൈകൊണ്ട് അവളെ തന്നിലേക്കു ചേർത്തു ചുംബിച്ചുകൊണ്ട് അയാൾ പറഞ്ഞു. ഞാനിപ്പോൾ ഡോക്ടറുടെ അടുത്തേക്കു പോകുകയാണ്. ഇന്നു പ്ലാസ്റ്റർ അഴിക്കും. അതു കഴിഞ്ഞാൽ പഴയമട്ടാകും.”

അവൾ വളരെ നിരാശപ്പെട്ടിരുന്നു.

ഛോട്ടാ ബാബുവിന്നുവേണ്ടി ഒന്നും ചെയ്യാൻ പറ്റിയില്ല.

അയാൾ പറഞ്ഞു: “എനിക്കു വിശക്കുന്നു.”

“ഞാൻ റൊട്ടിയുണ്ടാക്കിത്തരാം ബാബുജീ.”

അവൾ എഴുന്നേറ്റ് പൈജാമയുടുത്തു. മാവു കുഴച്ച് റൊട്ടിയുണ്ടാക്കാൻ തുടങ്ങി. റൊട്ടി പരത്തുമ്പോൾ അവളുടെ മുലകൾ ഇളകുന്നത് അയാൾ കിടന്നു കൊണ്ടു നോക്കി.

ക്ലിനിക്കിൽ തിരക്കു കുറഞ്ഞിട്ടുണ്ടായിരുന്നു. ചുമരിൽ തറച്ച ആണിയിൽ തൂക്കിയ കാർഡിൽനിന്ന് ഒരെണ്ണം എടുത്ത് അയാൾ സോഫയിൽ പോയിരുന്നു. നമ്പർ 13. അസാധാരണമായി ഒന്നും അയാൾക്കു തോന്നിയില്ല. അയാളുടെ ജന്മദിനവും ഒരു പതിമൂന്നാം തീയതിയായിരുന്നു.

എല്ലാവരും കാർഡും പിടിച്ച് ഗൗരവമായി ഇരിക്കുകയാണ്. മാസികകൾ വെച്ച ടീപ്പോയിക്കടുത്തിരുന്ന ഒരു പെൺകുട്ടി കൊക്കകോല കുടിക്കുന്നു. സ്ട്രോ അടഞ്ഞപ്പോൾ അവൾ അതു വലിച്ചെറിഞ്ഞ് നേരിട്ടു കുടിക്കാൻ തുടങ്ങി. തവിട്ടു നിറത്തിലുള്ള ദ്രാവകം അവളുടെ കവിളിലൂടെ ഒലിച്ച് ഫ്രോക്കിൽ വീഴുന്നത് അയാൾ ശ്രദ്ധിച്ചു. അയാൾ അസ്വസ്ഥനായി. പാന്റിന്റെ കീശയിലുള്ള വൃത്തികെട്ട ടവാല ഓർമ്മവന്നു. വിയർക്കുന്ന ഉള്ളംകൈ അയാൾ പാന്റിൽ തുടച്ചു.

അവസാനം തടിച്ച നേഴ്സ് വന്ന് പതിമൂന്നാം നമ്പർ എന്നു മധുരമായി വിളിച്ചപ്പോൾ അയാൾക്കാശ്വാസമായി. അയാൾ എഴുന്നേറ്റു. അകത്തു ഡോക്ടർ ഫോണിൽ സംസാരിക്കുകയായിരുന്നു:

"...നിങ്ങൾ ആരുടെ ഫ്രിഡ്ജ് നന്നാക്കിയതിന്റെ ബില്ലാണ്. എനിക്കയച്ചിരിക്കുന്നത്?... ഇല്ലല്ലോ! അതിപ്പോഴും പഴയമട്ടിൽ ത്തന്നെയാണ്. പോരാത്തതിന് വീട്ടിൽ മെക്കാനിക്ക് വന്നതായി ഭാര്യ പറഞ്ഞതുമില്ല... ക്ലിനിക്കിലേക്കോ? അതിനു ക്ലിനിക്കിലെ ഫ്രിഡ്ജിനു കേടൊന്നുമുണ്ടായിരുന്നില്ലല്ലൊ. എന്തു നേരെയാക്കിയിട്ടാണ് ഈ 245 ക. യുടെ ബിൽ കൊടുത്തയച്ചിരിക്കുന്നത്... വീട്ടിലേക്ക് ഇന്നുതന്നെ മെക്കാനിക്കിനെ വിടൂ... സമ്മറാണു വരുന്നത്."

പ്രകാശനു ചിരിക്കാൻ കഴിഞ്ഞില്ല. ഡോക്ടറുടെ ശബ്ദം കുറയുന്നതുപോലെ തോന്നി. പിന്നെപ്പിന്നെ തീരെ അവ്യക്തമായി. ഫോൺവെക്കുന്ന ശബ്ദം കേട്ടപ്പോൾ പ്രകാശൻ ഞെട്ടിയുണർന്നു. ഡോക്ടർ ചോദിച്ചു.

"ഇപ്പോൾ വേദനയുണ്ടോ?"

"കുറെശ്ശെ."

"ഒരാഴ്ചകൂടി വെയിറ്റു ചെയ്യുകയാണു നല്ലത്. ചൊറിച്ചിലുണ്ടെങ്കിൽ ഈർക്കിൽ പ്ലാസ്റ്ററിന്റെ അകത്തിട്ടു ചൊറിഞ്ഞാൽ മതി. സാരമില്ല. പ്ലാസ്റ്ററഴിച്ചാൽ ഒരാഴ്ചയ്ക്കകം വീണ്ടും സ്കൂട്ടറോടിക്കാറാവും. പോരെ?"

ഒരു വലിയ ഫലിതം. ഡോക്ടർ ഉറക്കെ ചിരിച്ചു. പിന്നെ സമ്മറല്ലെ വരുന്നത്. ഈ നശിച്ച നഗരത്തിൽ നിന്നു രക്ഷപ്പെടേണ്ടേ? എങ്ങോട്ടു പോകാനാണു തീർച്ചയാക്കിയിരിക്കുന്നത്? കുളു വാലിയിലേക്കു പൊയ്ക്കോളൂ. നല്ല സ്ഥലമാണ്. കഴിഞ്ഞകൊല്ലം ഞങ്ങൾ അങ്ങോട്ടാണു പോയത്. ഇപ്രാവശ്യം ഊട്ടിക്കു പോകാനാണ് ഭാര്യ പറയുന്നത്. എത്ര ദൂരമുണ്ട്?...

മുഖത്തു പറ്റിപ്പിടിച്ച ചിരിയുമായി എത്ര നേരം ഇരുന്നുവെന്ന് പ്രകാശന്നറിയില്ല. പിന്നെപ്പിന്നെ ശബ്ദങ്ങളെല്ലാം അവ്യക്തമാവുകയും, ഡോക്ടറും ചേമ്പറും ഇരുണ്ട ഗാലറിയിൽ തൂക്കിയിട്ട ഒരു പഴകിയ ചിത്രം പോലെ മങ്ങുകയും ചെയ്തപ്പോൾ പ്രകാശൻ പണിപ്പെട്ട് എഴുന്നേറ്റു. വാതിൽ തപ്പിപ്പിടിച്ചു തുറന്നു. വാതിൽ ഒരു പടുകൂറ്റൻ കോട്ടവാതിൽപോലെയും അതിനു ചുവട്ടിൽ സ്വയം ഒരു ഈച്ചയെപ്പോലെ ചെറുതായും പ്രകാശനു തോന്നി. അയാൾ ഒരു വിധം പുറത്തു കടന്നു. പുറത്തെ ലോകം അയാൾക്കു വിചിത്രമായിത്തോന്നി. വെളിച്ചം നിറഞ്ഞ ഹാളിലെ തിരശ്ശീലയിൽ കാണിക്കുന്ന ചലച്ചിത്രം പോലെ ആളുകളും കെട്ടിടങ്ങളും, റെയിൽവേ സ്റ്റേഷനും മങ്ങി അപരിചിതമായിത്തോന്നി. ഈ വഴിയിൽക്കൂടിത്തന്നെയാണോ താൻ വന്നത്?

മലകൾക്കിടയിലെ ഒരു ഗുഹയിലേക്കു പോവുകയാണെന്ന് അയാൾ സ്വയം വഞ്ചിച്ചു. ഗുഹയ്ക്കുള്ളിൽ ചുമരിൽ കുത്തിനിർത്തിയ പന്തങ്ങൾ. കത്തിച്ച പന്തവുമേന്തി ഒരു ഗുഹയിൽ നിന്നു മറ്റൊന്നിലേക്കു പ്രയാണം. താൻ അമ്പെയ്തുകൊന്ന മൃഗത്തിന്റെ മാംസം തീയിലിട്ടു വേവിക്കുന്ന തടിച്ച മുലകളുള്ള പെണ്ണ്. അവളുടെ വിയർപ്പു വാസനിച്ചുകൊണ്ടുള്ള സഹശയനം.

പ്രകാശൻ ഗെയ്റ്റ് കടന്നു. ഗെയ്റ്റിനകത്തു മുറ്റത്തു നിന്ന കുതിരവണ്ടിയിലേക്കു വീട്ടുസാമാനങ്ങൾ കയറ്റുന്നത് കരുണാകരനാണെന്ന് അയാൾക്കു മനസ്സിലായില്ല. എല്ലാം രസം അടർന്ന മുഖകണ്ണാടിയിൽ കാണുന്ന പോലെ അവ്യക്തവും ശിഥിലവുമായിരുന്നു, സാവധാനത്തിൽ കോണികയറി മൂന്നാംനിലയിലെത്തി. പോകുമ്പോൾ മുറി പൂട്ടാൻ മറന്നുവെന്ന് അപ്പോഴാണു മനസ്സിലായത്. അയാൾ കട്ടിലിൽ വന്നിരുന്നു. കിടക്കയിൽ വെച്ച പൊതി നിവർത്തി. രോമക്കുപ്പായങ്ങൾ ഓരോന്നോരോന്നായി എടുത്തു ധരിച്ചു. സ്കാർഫ് എടുത്തു കഴുത്തിൽ ചുറ്റി. പിന്നെ മടക്കിവെച്ച രജായി എടുത്തു നിവർത്തി അതിനുള്ളിലേക്കു നൂണുകയറി.

യാതൊരു മുന്നറിയിപ്പും തരാതെ, യാത്രപോലും പറയാതെ പോയ തന്റെ ഇഷ്ടകാമുകിയെ ഓർത്തു വിഷാദിച്ച് അയാൾ കിടന്നു.

— 10 —

## കടൽക്കരയിൽ ഒരു പക്ഷിക്കാരൻ

ഞാൻ ഇന്നലെ എന്റെ മട്ടുപ്പാവിൽ ജ്വരബാധിതയായ ഒരു പക്ഷിയെ കണ്ടു. തണുത്ത പ്രഭാതം. ഇളവെയിൽ കാഞ്ഞ് ഭിത്തിമേൽ ഇരിക്കുന്ന പക്ഷി, ഞാൻ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു ഞെട്ടി. തകിടംമറിഞ്ഞ തുലനാവസ്ഥ ശരിയാക്കാൻ ചിറകു കുടഞ്ഞ് അതു വീണ്ടും ഇരുന്നു. ഒരു പരുന്ത്, അതിന്റെ ചിറകുകൾ ഉലഞ്ഞിരുന്നു. കണ്ണുകളിൽ വ്യസനം. എന്നെ നോക്കിക്കൊണ്ട് അതു തലകുലുക്കി.

"ഞാൻ രാത്രി മുഴുവൻ വാതില്ക്കൽ മുട്ടി. എന്തേ തുറക്കാതിരുന്നത്?"

ഞാൻ ആശ്വസിച്ചു. അപ്പോൾ രാത്രി ഇടയ്ക്കിടയ്ക്കു കേട്ട ഭയപ്പെടുത്തുന്ന ശബ്ദങ്ങൾക്കുടമ ഈ പക്ഷിയായിരുന്നു.

"എനിക്കു പനിക്കുന്നുണ്ട്. എന്റെ കണ്ണുകൾ ചുവന്നിട്ടില്ലേ?"

അവളുടെ കണ്ണുകൾ ചുവന്നിരുന്നു. ഞാൻ തലകുലുക്കി.

"രണ്ടു ദിവസമായി ഞാൻ ഭക്ഷണം കഴിച്ചിട്ട്." അവൾ പറഞ്ഞു. "ഞാൻ എന്റെ പക്ഷിക്കാരന്റെ അടുത്തു നിന്നു പറന്നു പോന്നു."

പക്ഷിയുടെ കാലിലിട്ട ഇരുമ്പുകണ്ണി ഞാൻ അപ്പോഴാണു ശ്രദ്ധിച്ചത്.

"എന്തിനാണ് നിന്റെ പക്ഷിക്കാരനെ ഉപേക്ഷിച്ചത്?" ഞാൻ അന്വേഷിച്ചു.

"പറയാം." അവൾ പറഞ്ഞു. അവളുടെ കണ്ണുകൾ അല്പത്വം കൊണ്ടു ചെറുതായി. "ആദ്യം എനിക്കു തിന്നാൻ വല്ലതും തരൂ. ഞാൻ പറഞ്ഞില്ലെ, രണ്ടു ദിവസായി പട്ടിണിയാണെന്ന്!."

"അകത്തു വരൂ." തലേദിവസത്തെ ചപ്പാത്തി കഷണങ്ങളാക്കി ഒരു പ്ലേറ്റിൽ നിരത്തി ഞാൻ പരുന്തിനെ വിളിച്ചു.

"വേണ്ട; ഇവിടെ ഇളംവെയിലുണ്ട്. ഞാൻ രാത്രി മുഴുവൻ മഴ നനയുകയായിരുന്നു."

ചപ്പാത്തിക്കഷണങ്ങൾ വിരലുകൾ കൊണ്ടു നിലത്തുവെച്ചമർത്തി ആർത്തിയോടെ കൊത്തി വിഴുങ്ങുകയായിരുന്നു പരുന്ത്. രാത്രി ഇതാണു വാതില്ക്കൽ മുട്ടിയതെന്നറിഞ്ഞിരുന്നെങ്കിൽ തുറക്കാമായിരുന്നു. പാവം മഴ നനഞ്ഞു, പക്ഷേ, അതിനു ശരിക്കും പനിയുണ്ടെന്നും വരാം.

പ്ലേറ്റിലെ ചപ്പാത്തി മുക്കാൽഭാഗവും അകത്താക്കിയശേഷം കൊക്കു നിലത്തുരച്ച് അവൾ പറഞ്ഞു:

"ഞാൻ എന്റെ പക്ഷിക്കാരനെ ഉപേക്ഷിച്ചു."

"എന്തിന്?"

“എന്തിനെന്നോ?” അതിന്റെ കണ്ണുകൾ ബീഭത്സമായി “എന്തിനെന്നോ? അയാൾ എനിക്കു മര്യാദയ്ക്കു ഭക്ഷണം കൂടി തരാറില്ല. പ്രത്യേകിച്ച് മഴ തുടങ്ങിയശേഷം. വല്ലപ്പോഴും ഭക്ഷണം എന്നായിരുന്നു. ഞാനാണ് അയാൾക്കു ജീവിക്കാനുള്ള പൈസ സമ്പാദിച്ചു കൊടുക്കുന്നത്. നന്ദി കെട്ടവൻ! അറിയാമോ, നിരത്തിവെച്ച മൂന്ന് അഗ്നിവളയങ്ങളിൽക്കൂടി ഞാൻ ചാടാറുണ്ട് അയാൾ എറിയുന്ന ശീട്ടുകൾ ആകാശത്തു നിന്നു കൊത്തിയെടുത്തു തിരിച്ചുകൊണ്ടു പോയി കൊടുക്കാറുണ്ട്. അറിയാമോ, അയാളുണ്ടാക്കുന്ന ശബ്ദങ്ങൾക്കനുസരിച്ചുള്ള മൃഗങ്ങളുടെ ചിത്രങ്ങൾ ഉള്ള കാർഡുകൾ ഞാൻ കൊത്തിയെടുക്കാറുണ്ട്, ഒരിക്കലും തെറ്റാതെ. എന്നിട്ടും നന്ദിയില്ലാതെ അയാൾ എന്നെ പട്ടിണിക്കിടുന്നു. ഞാൻ ഓടിപ്പോന്നു. അയാളില്ലെങ്കിലും ജീവിക്കാമോ എന്നു നോക്കട്ടെ.”

കൊക്ക് ഒന്നുകൂടി നിലത്തുരച്ച്, ചപ്പാത്തിവെച്ച പ്ലേറ്റ് കാൽകൊണ്ട് ഒരു തട്ടം തട്ടി ആ പരുന്തു പറന്നു പോയി, നന്ദികൂടി പറയാതെ.

ഞാൻ ഇന്നു രാവിലെ കടൽക്കരയിൽ ഒരു പക്ഷിക്കാരനെ കണ്ടു. കറുത്തുകൃശമായ ഒരു രൂപം. കടലിൽ നിന്നാഞ്ഞടിച്ച കാറ്റിൽ അയാളുടെ എണ്ണമയമില്ലാത്ത ചെമ്പിച്ച തലമുടിയും താടിയും, കീറിയ വസ്ത്രങ്ങളും പറന്നിരുന്നു. അയാളുടെ ചുമലിൽ ഒരു മാറാപ്പ് തൂക്കിയിട്ടിരുന്നു; കൈയിൽ മൂന്നു ചെറിയ ഇരുമ്പു വളയങ്ങളും. അയാൾ ഇടയ്ക്കിടെ നിന്നു കൈപ്പടം കണ്ണിനു മുകളിൽ മറപിടിച്ച് ആകാശത്തേക്കു നോക്കി ചൂളംവിളിച്ചിരുന്നു. അടുത്തു വന്നപ്പോൾ അയാളുടെ ക്ഷീണിച്ച മുഖം കണ്ടു. അനേകദിവസങ്ങളായി ഭക്ഷണം കഴിച്ചിട്ടില്ലെന്നു തീർച്ച. ശോകരസമുള്ള ചെറിയ കണ്ണുകൾ കുണ്ടിലിറങ്ങിയിരുന്നു.

“എന്റെ പക്ഷി പറന്നുപോയി.” അയാൾ പറഞ്ഞു. അയാൾ കൈകൾ കുലുക്കി ഒരാംഗ്യം കാണിച്ചു, എന്താ ചെയ്യാ എന്നർത്ഥത്തിൽ. അയാൾ ചിരിക്കാൻ ശ്രമിച്ചു. കരച്ചിലിൽ അവസാനിച്ചേക്കാമായിരുന്ന ആ ചിരി അയാൾ നിർത്തി.

“എന്റെ പക്ഷി പറന്നുപോയി.”

അയാൾ ഒരു ഭ്രാന്തനെപ്പോലെ തല കുലുക്കി നടന്നു പോകാൻ തുനിഞ്ഞു.

ഞാൻ ചോദിച്ചു “എന്തിനാണ് പക്ഷി പറന്നുപോയത്?”

“ഹാ…” അയാൾ നിന്നു. ഭാണ്ഡം വലത്തെ തോളത്തു നിന്ന് ഇടത്തെ തോളത്തേക്കു മാറ്റി. അയാൾ പറഞ്ഞു. “അതൊരു പരുന്തായിരുന്നു.”

പരുന്തുകളെല്ലാം പറന്നുപോകുമെന്ന പോലെ.

“എന്തു ഭംഗിയുള്ള പക്ഷിയായിരുന്നു അത്! നിങ്ങൾക്കറിയാമോ?”

പരുന്തല്ലെ? ഞാൻ വിചാരിച്ചു. എനിക്ക് അഭിപ്രായങ്ങളൊന്നുമുണ്ടായിരുന്നില്ല.

“അവൾ എനിക്കു വേണ്ടി എന്തൊക്കെ വിദ്യകൾ ചെയ്യാറുണ്ട്! കൈപിടിച്ച വളയങ്ങൾ കാണിച്ച് അയാൾ തുടർന്നു: അഗ്നി വളയങ്ങളിൽക്കൂടി അവൾ പറക്കാറുണ്ട്. ആദ്യം പഠിപ്പിക്കുന്ന സമയത്ത് അവളുടെ ചിറകു കരിഞ്ഞു. അവൾക്കു പറക്കാൻ വയ്യാതായി. പിന്നെ പുതിയ ചിറകുകൾ മുളച്ചപ്പോൾ അവൾ വീണ്ടും വളയങ്ങൾ ചാടി. അവൾ അത്രയധികം വിശ്വസ്തയായിരുന്നു. ഞാൻ ആകാശത്തേക്കെറിയുന്ന ശീട്ടുകൾ അവൾ ആകാശത്തുനിന്ന് ഓരോന്നോരോന്നായി പറന്നു കൊത്തിയെടുത്തു കൊണ്ടുവരാറുണ്ട്. ഞാനുണ്ടാക്കുന്ന ശബ്ദങ്ങൾക്കനുസരിച്ച് മൃഗങ്ങളു

ടെ ചിത്രം അവൾ കൊത്തി എടുക്കാറുണ്ട്. കുരയ്ക്കുമ്പോൾ നായയുടെ ചിത്രം. അലറുമ്പോൾ സിംഹത്തിന്റെ, അങ്ങനെ എല്ലാം.

അവളാണ് എനിക്കു ഭക്ഷണം തേടിത്തന്നിരുന്നത്. അവൾക്ക് എന്നെ വലിയ കാര്യമായിരുന്നു." അയാൾ ആകാശത്തേക്കു നോക്കി, തല ഒരു ചെറിയ കോണിൽ പിടിച്ച് ഒരു പ്രത്യേകവിധത്തിൽ ചൂളം വിളിച്ചു.

"കാര്യമില്ല," അയാൾ പറഞ്ഞു, അവൾ തിരിച്ചുവരുമെന്നു തോന്നുന്നില്ല.

ശക്തിയായി അടിച്ച ഒരു തിരയിൽനിന്നും തെറിച്ച ജലകണം പക്ഷിക്കാരന്റെ പാറിപ്പറക്കുന്ന തലയിലും താടിയിലും തങ്ങിനിന്നു.

"എന്താണ് അവൾ നിങ്ങളെ വിട്ടുപോകാൻ കാരണം?"

അയാൾ മുഖം തിരിച്ചു. അയാളുടെ ഉത്സാഹമെല്ലാം കെട്ടടങ്ങി. കണ്ണുകളിലെ ശോകരസം തിരിച്ചുവന്നു. അയാൾ മന്ത്രിച്ചു.

"എനിക്കു തീറ്റകൊടുക്കാൻ പറ്റിയില്ല. കഴിഞ്ഞ മൂന്നുദിവസായി പാവം അവൾ മുഴുപ്പട്ടിണിയായിരുന്നു. പത്തുദിവസമായി അടച്ചുപിടിച്ച ഈ മഴ കാരണം എനിക്ക് ഒരു പൈസപോലും കിട്ടിയിരുന്നില്ല." അടുത്തുള്ള ഫൈവ്സ്റ്റാർ ഹോട്ടലിലേക്കു ചൂണ്ടിക്കാട്ടി അയാൾ തുടർന്നു. "ആ ഹോട്ടലിലെ താമസക്കാർ മഴ കാരണം സ്വിമ്മിംഗ് പൂളിലേക്കു വന്നിരുന്നതേയില്ല."

സ്വിമ്മിംഗ് പൂൾ കടലിനെ അഭിമുഖീകരിച്ചായിരുന്നു. അപ്പോൾ, അവരാണ് പക്ഷിക്കാരന്റെ കുറ്റിക്കാർ.

എന്റെ ആലോചന മനസ്സിലാക്കിയപോലെ അയാൾ പറഞ്ഞു. "അല്ലാതെ നമ്മുടെ നാട്ടുകാർക്കുണ്ടോ ഇതിലെല്ലാം കമ്പം?"

"ആദ്യത്തെ നാലഞ്ചുദിവസം കൈയിലുണ്ടായിരുന്ന പണം കൊണ്ടു ഞാൻ പക്ഷിക്കു തീറ്റ വാങ്ങിക്കൊടുത്തു. പിന്നെ പണം തീരെ തീർന്നപ്പോൾ ഞാൻ ശരിക്കും കഷ്ടത്തിലായി. പക്ഷി വിശന്നു കരഞ്ഞപ്പോൾ എന്റെ ഹൃദയം തകർന്നു. അവളായിരുന്നു എന്റെ സർവ്വസ്വവും. ജീവിതത്തിൽ ഒരിക്കലും ഇരക്കാത്ത ഞാൻ അവസാനം അതിനും കൂടി തയ്യാറായി. പക്ഷേ, അപ്പോഴേക്ക് അവൾ എന്നെ ഉപേക്ഷിച്ചു."

അയാൾ ആകാശത്തു നോക്കി രൂക്ഷമായി ചൂളം വിളിച്ചു. ആകാശത്തു വീണ്ടും കാറുകൾ കനത്തുകൂടുന്നുണ്ട്. ഇനിയും മഴ പെയ്തേക്കും.

"ശരി, വരട്ടെ" അയാൾ നടന്നു. അയാൾ നടന്നകലുന്നതു ഞാൻ നോക്കിനിന്നു. ഇടയ്ക്കിടയ്ക്കു നിന്ന് ആകാശത്തേക്കു നോക്കി ചൂളം വിളിച്ച രണ്ടു കൈകളും ഉയർത്തും.

മഴ തുള്ളിയിട്ടു. ആദ്യം ഓരോന്നോരോന്നായി; പിന്നെ കനത്ത ആരവത്തോടെ. കടലിന്റെ ഇരമ്പം കൂടി വന്നു.

പിറ്റേന്നു രാവിലെ കടല്ക്കരയിൽ ഞാൻ പക്ഷിക്കാരനെ വീണ്ടും കണ്ടു. അയാളുടെ ഇടത്തെ ചുമലിൽ പരുന്തുമുണ്ടായിരുന്നു. എന്നെ ദൂരത്തുനിന്നു കണ്ട ഉടനെ അയാൾ കൈ ഉയർത്തി വിളിച്ചു പറഞ്ഞു.

"എന്റെ പക്ഷിയെ കിട്ടി."

എന്നിട്ടു നല്ലവണ്ണം വിശ്വസിച്ചോട്ടെ എന്ന മട്ടിൽ അയാൾ ചുമലിൽനിന്ന് പക്ഷിയെ പൊക്കിക്കാണിച്ചു. പക്ഷി അയാളുടെ കൈയിൽനിന്ന് കുടഞ്ഞു പറ

ന്ന് ഇടത്തെ ചുമലിൽത്തന്നെ സ്ഥാനമുറപ്പിച്ചു. കൈയിൽ പിടിച്ച കടലാസ്സ് കോണിൽനിന്ന് അയാൾ കടലയെടുത്ത് ഓരോ മണിയായി പരുന്തിനു കൊടുത്തു.

അടുത്തു വന്നപ്പോൾ പക്ഷിക്കാരന്റെ മുഖത്തെ സന്തോഷം വ്യക്തമായി കണ്ടു. കണ്ണുകൾ വിടർന്നിരുന്നു. ഈ സന്തോഷപ്രകടനങ്ങൾക്കിടയിലും അയാൾ തലേന്നു രാത്രിയും പട്ടിണിയായിരുന്നെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അയാൾ അഭിമാനത്തോടെ തന്റെ അരുമയായ പക്ഷിയെ തലോടി. പക്ഷി സന്തോഷം സഹിക്കവയ്യാതെ കുറുകുകയും കൊക്കുകൊണ്ട് അയാളുടെ തലമുടി കൊത്തിവലിക്കുകയും ചിറകിട്ടടിക്കുകയും ചെയ്തു.

ഞാൻ പോട്ടെ. പക്ഷിയെ ചുമലിൽ നിന്നെടുത്ത് ഉമ്മവെച്ച് അയാൾ പറഞ്ഞു. ഞാൻ പോട്ടെ. നോക്കൂ, മഴ നിന്നെന്നു തോന്നുന്നു. മേഘങ്ങളൊന്നുമില്ല. സ്വിമ്മിംഗ് പൂളിൽ വിദേശികൾ വന്നിട്ടുണ്ടാകും.

അയാൾ നടന്നു. ക്ഷീണിച്ചതെങ്കിലും ഉത്സാഹമുള്ള കാലടികൾവച്ച് അയാൾ നടന്നകന്നു. ദൂരെ അയാൾ പക്ഷിയേക്കാൾ ചെറിയ ഒരു കുത്തു മാത്രമായപ്പോൾ ഞാൻ ചുറ്റും നോക്കി.

ഒരു പുറ്റുപോലെ ചുറ്റും വളർന്ന ഏകാന്തത ഞാൻ അറിഞ്ഞു. വർഷങ്ങൾക്കു മുമ്പ്, ജീവിതം പച്ചപിടിച്ചു നിന്നപ്പോൾത്തന്നെ, പുഷ്പിച്ചു നിന്ന ദിവസങ്ങളിലൊന്നിൽ, തിരിച്ചു വരുമെന്ന യാതൊരാശയും തരാതെ വിട്ടുപോയ എന്റെ കിളിയെ ഞാൻ ഓർത്തു.

ഒരു വലിയ തിര കുറെ ജലകണങ്ങൾ കാറ്റിലേക്കെറിഞ്ഞ് ഉടഞ്ഞു തകർന്നു. ഞാൻ മനസ്സിലാക്കുന്നു, അവസാനം എനിക്കു കൂട്ടിനുണ്ടാവുക ഭ്രാന്തമായി അടിക്കുന്ന ഈ തിരകളും, തിരമാലകളെ ചുംബിച്ച് ലക്ഷ്യമില്ലാതെ പാഞ്ഞലയുന്ന ഈ കാറ്റും, കാലിന്നടിയിൽ ഞെരിഞ്ഞമരുന്ന ഈ മണൽത്തരികളും മാത്രമായിരിക്കും.

“എന്താണിത്? കാറ്റിൽ അലിഞ്ഞ ജലകണങ്ങൾ എന്റെ കണ്ണിൽ ഘനീഭവിച്ചെന്നോ? എന്തേ എന്റെ കാഴ്ച മങ്ങാൻ?”

## — 11 —

# മണിയറയിൽനിന്ന് ഓടിപ്പോയവർ

അവർ ആദ്യരാത്രിയിൽ മണിയറയിൽ നിന്ന് ഓടിപ്പോയവരായിരുന്നു. പതുപതുത്ത കിടക്ക, മുല്ലപ്പൂവിന്റെ ചൂഴ്ന്നു നില്ക്കുന്ന വാസന, തട്ടിൽ തൂങ്ങുന്ന അലങ്കാരപ്പണിയുള്ള വിളക്കിൽനിന്നു വന്ന നീലവെളിച്ചം, അരികിൽ കിടക്കുന്ന സ്വപ്നം. എന്നിട്ടും അയാൾ പറഞ്ഞു, "നമുക്ക് ഇവിടെ നിന്ന് ഓടിപ്പോവാം."

അവൾക്കയാളെ പെട്ടെന്ന് ഇഷ്ടപ്പെട്ടു. അവൾ വിവാഹമെന്തെന്ന് അറിഞ്ഞിരുന്നതിനു മുമ്പ് രാത്രികളിൽ കണ്ടിരുന്ന സ്വപ്നങ്ങളിൽ ഒന്നായിരുന്നു അത്. നിറയെ ജാലകങ്ങളും, കൂറ്റൻ വാതായനങ്ങളുമുള്ള ഒരു മലയിലായിരുന്നു അവളുടെ മണിയറ. അവൾ കുട്ടിയായിരുന്നപ്പോൾ ചിത്രപുസ്തകത്തിൽ കണ്ട രാജകുമാരനെപ്പോലെ ഒരാളായിരുന്നു അവളുടെ വരൻ. രാത്രി എല്ലാവരും ഉറങ്ങിയപ്പോൾ രാജകുമാരൻ അവളുടെ കൈപിടിച്ച് ഓടി താഴ്വരയിൽ കാത്തുനിന്ന കുതിരയുടെ പുറത്തു കയറി പോയി. വീണ്ടും വീണ്ടും ചില്ലുജാലകങ്ങളും കൂറ്റൻ വാതായനങ്ങളും സ്വപ്നത്തിൽ വന്നപ്പോഴെല്ലാം അവൾ മീശവച്ച രാജകുമാരനേയും അയാളോടൊപ്പം വനാന്തരങ്ങളിൽ നിലാവുതട്ടി തിളങ്ങുന്ന ഇലകളുള്ള ചെടികൾക്കിടയിലൂടെയുള്ള ഓടിപ്പോക്കും ഓർത്തു.

ആ സ്വപ്നമോർത്ത് അവൾ പറഞ്ഞു: "നമുക്കോടിപ്പോവാം അല്ലേ?"

"അതെ," അയാൾ പറഞ്ഞു. അയാളുടെ ഇടത്തെ കൈ അവളുടെ അരക്കെട്ടിലായിരുന്നു. കുറച്ചുമുമ്പാണ് അവൾ പറഞ്ഞത്, "അവിടെത്തന്നെ വെച്ചാൽ മതി, മുകളിലേക്കു കയറണ്ട, താഴോട്ടിറങ്ങുകയും."

അയാൾ ചിരിച്ചു. പരുപരുത്ത ചിരി. അവൾ ആലോചിച്ചു, ഈ ചിരി ആരുടെ പോലെയാണ്?

അയാൾ താഴെ സ്വീകരണമുറിയിൽ ഏതാനും മണിക്കൂറുകളുടെ പരിചയത്തിന്റെ തണലിൽ തൽക്കാലം അഭയം തേടിയത് ഓർത്തു. തടിച്ച് കണ്ണടയിട്ട, രതിയുടെ കസിനാണെന്നു പറഞ്ഞ ഭരതൻ എന്ന പേരുള്ള ചെറുപ്പക്കാരൻ എപ്പോഴും തമാശ പറഞ്ഞുകൊണ്ടിരുന്നു. അയാൾ പറഞ്ഞു.

"ഇപ്പോൾ ശശിയെ ഒരാൾ കാത്തിരിക്കുന്നുണ്ടാവും."

അയാൾ രതിക്കുവേണ്ടി ചുറ്റും നോക്കുകയായിരുന്നു. അവളിപ്പോൾ മണിയറയിലായിരിക്കുമെന്ന് അയാൾ ഊഹിച്ചു. സമയം പത്തരയായിരിക്കുന്നു. എന്താണാരും വരാത്തത്? അയാളുടെ വിചാരധാര മനസ്സിലാക്കിയിട്ടായിരിക്കണം, ഭരതൻ പറഞ്ഞു:

"ഞാൻ പോയി നോക്കട്ടെ, എന്താണവർ ചെയ്യുന്നതെന്ന്."

മാലയിടലും മോതിരംമാറലും കഴിഞ്ഞശേഷം രതിയുടെ കൈപിടിച്ച് മണ്ഡപം വലംവച്ച് മുകളിൽ മണിയറയിലേക്കു നടക്കുമ്പോൾ മുന്നിൽ വിളക്കുപിടിച്ചു നടന്ന പെൺകുട്ടിയെ ഓർത്തു. നടക്കുന്നതിനിടയിൽ ഒരു നിമിഷം അടുത്തേക്കു നീങ്ങി നിന്ന് അവൾ മന്ത്രിച്ചു: "മുറുക്കെ പിടിച്ചോളൂ."

അയാൾ തന്റെ പിടി മുറുക്കിയപ്പോൾ രതിയുടെ മുഖത്തു വിരിഞ്ഞ പുഞ്ചിരി, പിന്നീട് അതിന്റെ കാരണം പറഞ്ഞപ്പോൾ ഒരു വലിയ ചിരിയായി മാറി.

അതുകാരണം മണിയറയിൽ കട്ടിലിന്മേലിരുന്ന് അമ്മയും അമ്മായിയും സ്പൂണിൽ വായിൽ ഒഴിച്ചുതന്ന പാൽ കുടിക്കുമ്പോഴും ആ ചിരി അവളുടെ മുഖത്തുണ്ടായിരുന്നു.

പെണ്ണിനു വളരെ സന്തോഷായിരിക്കുന്നു. അമ്മായി പറഞ്ഞു.

"എങ്ങിന്യാ സന്തോഷാവാതിരിക്യാ?"

മധുരമായി കൊള്ളിവാക്കുകൾ പറയുന്ന ആ പെൺകുട്ടി. പിന്നെ ചിരിയുടെ സ്ഫോടനങ്ങൾ. സ്വീകരണ മുറിയുടെ വാതില്ക്കൽ ഭരതൻ തിരിച്ചെത്തി.

രതി ശശിക്കുവേണ്ടി മുറുക്കാനുണ്ടാക്കുന്നുണ്ട്.

അയാൾ പെട്ടെന്നു പകച്ചു. അയാൾ മുറുക്കാറില്ല. പിന്നെ, പിന്നാലെ വന്ന അമ്മായി വീണ്ടും എല്ലാവർക്കും ഒന്നിച്ചിരുന്നു മുറുക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ അയാൾക്ക് ആശ്വാസമായി. ഇതൊരു കെണിയാണ്. അയാൾ സന്തോഷിച്ചു. അയാൾ എഴുന്നേറ്റു. രതിയുടെ ലജ്ജാശീലനായ അനുജനും, ഭരതനും ശീട്ടുപെട്ടിയെടുത്തു റമ്മിക്ക് പാർട്ടണർമാരെ അന്വേഷിക്കുകയായിരുന്നു.

അമ്മായിയുടെ പിന്നാലെ നടന്ന് മുകളിൽ മണിയറയിൽ എത്തിയപ്പോഴാണ് മുറുക്കൽ എന്ന സംഭവത്തിന്റെ ഗൗരവം മനസ്സിലായത്. മുറി നിറയെ സ്ത്രീകൾ. ഇത്രയധികം സ്ത്രീകൾ എവിടെനിന്നു വന്നു? അവർ നിലത്തു പുൽപ്പായ് വിരിച്ച് ഇരിക്കുകയായിരുന്നു. രതി കട്ടിലിൽ മുഖം കുനിച്ച് ഇരിക്കുന്നു.

"ഞങ്ങൾക്കൊക്കെയൊന്നു നല്ലവണ്ണം കാണാൻ വേണ്ടിയാണു വിളിച്ചത്. പകലൊന്നും നല്ലവണ്ണം കാണാൻ പറ്റിയില്ല."

"ആർക്കു കാണാൻ വേണ്ടി?"

ആ പെൺകുട്ടിയാണ്. കൂട്ടച്ചിരിയുയർന്നു. രതി പരിഭവത്തോടെ അവളെ നോക്കുന്നത് അയാൾ ഇടം കണ്ണിട്ടു നോക്കി. അയാൾ കട്ടിലിൽ അവളുടെ അടുത്തിരുന്നു. അവളുടെ ചുണ്ടിൽ ചിരി.

"ശശിക്ക് മുറുക്കാൻ ഉണ്ടാക്കിക്കൊടുക്കു രതീ," അമ്മ പറഞ്ഞു.

അവൾ എഴുന്നേറ്റു മുറിയുടെ നടുവിൽ പുൽപ്പായിൽ നിലവിളക്കിനടുത്തു വെച്ച താലത്തിൽ നിന്നു വെറ്റിലയെടുത്ത് നേർത്ത വിരലുകൾകൊണ്ട് വാസനച്ചുണ്ണാമ്പു തേച്ച് അടക്കയിട്ടു മടക്കി അയാൾക്കു കൊണ്ടുവന്നു കൊടുത്തു.

"ഇവൻ എന്റെ നാവു പൊള്ളിക്കും തീർച്ച." അയാൾ മനസ്സിൽ കരുതി, വെറ്റില വായിലിടാതെ കൈയിൽ വെച്ചിരുന്നു.

"നമുക്കു പോകാം." അമ്മായി പറഞ്ഞു. ഇവർക്ക് ഉറങ്ങാൻ സമയമായിട്ടുണ്ടാകും. രതീ, നിന്റെ ഭർത്താവിനു വേണ്ട സുഖസൗകര്യമെല്ലാം നീ നോക്കണം. ഇന്നു മുതല്ക്ക് നീയാണു ശശിയുടെ കാര്യങ്ങളെല്ലാം നോക്കേണ്ടത്.

"അതു പറയ്യ്യന്നെ വേണം ചേച്ച്യേ." അവൾക്കു കുട്ടിക്കളി ഇപ്പോഴും മാറീട്ടില്ല.

"മോളെ, കിടക്കാറായാൽ ഈ നിലവിളക്കു കെടുത്തണം കേട്ടോ. പട്ടുതിരി കത്താൻ എട്യാക്കരുത്."

അവസാനം പുറത്തുകടന്നത് ആ പെൺകുട്ടിയായിരുന്നു. അവൾ രതിയുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. രതി ഉറക്കെ ചിരിച്ചു: "പോ പെണ്ണെ!."

എല്ലാവരും പോയപ്പോൾ അയാൾ ചോദിച്ചു. "എന്തായിരുന്നു സ്വകാര്യം?"

അവൾ ലജ്ജിച്ചു. "ഒന്നുമില്ല."

പിന്നെ ചോദ്യങ്ങൾ. പതിഞ്ഞ സ്വരത്തിൽ മറുപടികൾ. ഉം, എനിക്കിഷ്ടായി.

"നല്ലവണ്ണം?"

"അതെ, നല്ലവണ്ണം."

അതു തെളിയിക്കാൻ ഞാൻ ഒരു കാര്യം ആവശ്യപ്പെട്ടാൽ തരുമോ?

അവൾ പതറി, അർദ്ധസമ്മതത്തോടെ മൂളി.

"ഒരുമ്മ."

അത്രയേയുള്ളു! അവൾ സമാധാനിച്ചു. പതുക്കെ മുന്നോട്ടാഞ്ഞ് അയാളുടെ കവിളിൽ നിരുപദ്രവമായി ചുംബിച്ചു.

പിന്നെ അയാളുടെ ഊഴമായിരുന്നു. അയാൾ അവളെ കെട്ടിപ്പിടിച്ച മൃദുവായി അവളുടെ നേരിയ ചുണ്ടുകളിൽ ചുംബിച്ചു. അവളുടെ കണ്ണുകൾ അടഞ്ഞു വരുന്നത് അയാൾ കണ്ടു. പിന്നെ ആ ചുംബനത്തിൽ നിന്നു വേർപെട്ട് ഒരു മടിയോടെ അവൾ ചോദിച്ചു:

"എന്നെ ഇഷ്ടായോ?"

ഇഷ്ടമോ? ഈ നിമിഷം തൊട്ട് ഭ്രാന്തമായ അനുരാഗമായിരിക്കുന്നു. "നീ നല്ല ഭംഗിയുണ്ട്."

അവൾ ചിരിച്ചു.

അവളുടെ മുഖം കൈകളിലാക്കി അയാൾ അവളെ പഠിച്ചു. ആകൃതിപ്പെടുത്തേണ്ട ആവശ്യമില്ലാത്ത ഭംഗിയുള്ള നേരിയ പുരികം, ഇടതൂർന്ന ഇമകൾ, തുടുത്ത കവിളുകൾ; ഭംഗിയുള്ള നീണ്ട മൂക്ക്.

"നീയൊരു രാജകുമാരിയാണ്."

രതിയുടെ മുഖം നാണം കൊണ്ട് തുടുത്തു. അയാൾ പെട്ടെന്നു വെളിച്ചത്തെപ്പറ്റി ഓർത്തു. ചുവരിലെ പ്രകാശമുള്ള വിളക്ക് കെടുത്തുകയാണു നല്ലത്. ആ വീടിന്റെ ഭൂമി ശാസ്ത്രം അയാൾക്കറിയില്ല. അയാൾ പറഞ്ഞു: "നമുക്കു കിടക്കാം."

"ശരിയാണ്, നേരം കുറെയായി."

കിടത്തം, കിടത്തം മാത്രം. ഉറക്കമില്ല. പിന്നെ നിമിഷങ്ങൾ അവർക്കു ചുറ്റും കനത്തു നിന്നപ്പോൾ അയാൾ പറഞ്ഞു: "നമുക്കോടിപ്പോകാം."

വരാന്തയിലിട്ട വെളിച്ചം അപകടകരമായിരുന്നു. കോണിയിറങ്ങുമ്പോൾ അയാൾ പറഞ്ഞു: "ശ്ശ്, പതുക്കെ." ഭാഗ്യത്തിന് ഉമ്മറവാതിൽ തുറന്നു കിടന്നിരുന്നു ഉമ്മറത്തു കിടന്നിരുന്നവർ ഉറക്കമായിരുന്നു.

കഴിഞ്ഞ ഒരാഴ്ചയായി ഇവിടെ ആർക്കും ഉറക്കമുണ്ടായിരുന്നില്ല.

"ഭാഗ്യമായി," പടിയിറങ്ങുമ്പോൾ അയാൾ പറഞ്ഞു.

പിന്നെ ഓട്ടം, അവൾ അയാളുടെ കൈ ബലമായി പിടിച്ചിരുന്നു. ടാറിട്ട നിരത്തുകളിൽക്കൂടി അവർ ഓടി. തേക്കിൻ കാടിന്റെ നഗ്നതയിലൂടെ, അമ്പലപ്പറമ്പിലൂ

ടെ അവർ ഓടി. പടിഞ്ഞാറെ നടയിൽ അവർ ഒരു നിമിഷം സംശയിച്ചു. അയാൾ അവളുടെ കൈപിടിച്ചു.

"പോകാം."

വിജനമായ അമ്പലനടകളിലൂടെ അവർ കൈ കോർത്തു നടന്നു.

"ഞാൻ ഇവിടെ ദിവസവും വരാറുണ്ട്," അവൾ ചെവിയിൽ മന്ത്രിച്ചു.

"എന്താണ് പ്രാർത്ഥിക്കാറ്?"

ഉത്തരമില്ല.

"ആർക്കുവേണ്ടിയാണ് പ്രാർത്ഥിക്കാറ്?"

"കുട്ടിക്കുവേണ്ടി."

"എനിക്കുവേണ്ടിയോ? നിനക്കെന്നെ മുമ്പു പരിചയം പോലുമില്ലല്ലൊ!."

"പക്ഷേ, ഒരു ദിവസം വരുമെന്നറിയാം."

വിജനമായ വീഥികൾ, ഇരുണ്ട ഗോപുരങ്ങൾ, കറുത്ത പൗരാണിക പ്രതിഷ്ഠകൾ. അവൾ പറഞ്ഞു. "എനിക്കു പേടിയാകുന്നു, നമുക്കു തിരിച്ചു പോകാം."

അയാൾ ചിരിച്ചു. "നമ്മൾ എത്ര കുറച്ചു ദൂരമേ പോയുള്ളു!."

പിന്നെ, രണ്ടുദിവസം കഴിഞ്ഞ് അവർ ദില്ലിക്കുപോകുമ്പോൾ, ഡിസംബർ മാസത്തെ തണുപ്പിൽനിന്ന് അവളെ രക്ഷിക്കാനായി തന്റെ ബെർത്തിൽ നിന്ന് ഇറങ്ങി അവളോടൊപ്പം ചേർന്നു കിടന്നപ്പോൾ, ദില്ലിയിലെത്തി രണ്ടു മുറിയുള്ള ബർസാത്തി കണ്ടപ്പോൾ, നാട്ടിൽ നിന്ന് വീട് വളരെ ചെറുതാണെന്ന് അയാൾ പറഞ്ഞതോർത്ത് അവൾ ഇതത്രെ വലിയ വീടാണ് നമുക്കു രണ്ടുപേർക്കും താമസിക്കാൻ ഇത്ര തന്നെ സ്ഥലം ധാരാളമല്ലേ എന്ന് ആഹ്ലാദത്തോടെ പറഞ്ഞപ്പോൾ, താൻ ഓഫീസിൽ പോകാൻ തയ്യാറായി വാതില്ക്കൽ നില്ക്കുമ്പോൾ, ചുംബിച്ച് ഇനി ഞാൻ ഒറ്റയ്ക്ക് എത്രനേരം ഇരിക്കണം എന്നു പറയുമ്പോൾ, അയാളൊ, അവളൊ, തങ്ങൾ മണിയറയിൽ നിന്ന് ഓടിപ്പോയവരാണെന്നോർത്ത് അന്യോന്യം നോക്കി മന്ദഹസിക്കുകയല്ലാതെ അതിനെപ്പറ്റി ഒന്നും പറഞ്ഞില്ല. അതുകൊണ്ട് ആ ഓടിപ്പോക്ക്, രണ്ടുപേർകൂടി കണ്ട ഒരു സ്വപ്നം മാത്രമാണെന്നു വിചാരിക്കത്തക്കവിധം അവിശ്വസനീയവും അവ്യക്തവുമായിരുന്നു.

രാത്രി ഉറങ്ങാൻനേരത്ത് ഏതാനും നിമിഷങ്ങൾക്കുമുമ്പ് പങ്കിട്ട ആനന്ദത്തിന്റെ ഓർമ്മയിൽ അപ്പോഴും ആലിംഗനബദ്ധരായി കിടക്കുമ്പോൾ അവൾ പറഞ്ഞു: "എന്റെ തലയിൽ തപ്പിത്തരു."

അയാൾക്കു മനസ്സിലായില്ല. അയാൾ ചോദിച്ചു. "എന്താണത്?"

"തലയിൽ ഇങ്ങനെ വിരലുകൊണ്ട് തപ്പുക. അങ്ങനെയാണ് ഞാൻ ഉറങ്ങാൻ അമ്മ ചെയ്യാറ്."

"എനിക്കു വയ്യ, ഇതിനൊന്നും." അയാൾ പറഞ്ഞു.

"അവൾ പരിഭവിച്ചു. പിന്നെ എന്തിനാണ് എന്നെ കല്ല്യാണംകഴിച്ചു കൊണ്ടുവന്നത്? ഞാൻ അമ്മയുടെ ഒപ്പം സുഖമായി കിടന്നുറങ്ങിയിരുന്നതല്ലെ?" അമ്മ ദിവസവും തലയിൽ തപ്പിത്തന്നിരുന്നു.

അയാൾ അവളുടെ തലയിൽ വിരലോടിച്ചു. അങ്ങനെ വിരലോടിക്കുമ്പോൾ എന്തോ ഒന്നു തടഞ്ഞു. എടുത്തു നോക്കുമ്പോൾ മങ്ങിയ വെളിച്ചത്തിൽ അയാൾ കണ്ടു. ഒരു വലിയ പേൻ. അയാൾ അറപ്പോടെ അതിനെ വലിച്ചെറിഞ്ഞു.

“അതാ! എന്തിനാണതിനെ വലിച്ചെറിഞ്ഞത്? പാപാണ്. ആ പേനിന് ഇനി ഏഴ് ഉമ്മറപ്പടികൾ കയറണം.”

അയാൾ അസ്വസ്ഥനായി. ഏഴ് ഉമ്മറപ്പടികൾ കടക്കാനായി പേൻ അരിച്ചരിച്ചു നടക്കുന്നത് അയാൾ ഭാവനയിൽ കണ്ടു. ഒരു ചുമരിൽ തട്ടിയാൽ തിരിച്ച് വീണ്ടും അരിക്കും, വേറൊരു ചുമരിൽ മുട്ടുന്നതുവരെ. വീണ്ടും അരിക്കുന്നു. ഉമ്മറപ്പടി കാണും വരെ. അങ്ങനെ ഏഴ് ഉമ്മറപ്പടികൾ. എന്തൊരു ജന്മം!

അയാൾ കുറച്ചുനേരത്തേക്കു നിശ്ശബ്ദനായപ്പോൾ അവൾ ചോദിച്ചു: എന്താ മിണ്ടാത്തത്?

അയാൾ ഒന്നും പറഞ്ഞില്ല. പിന്നെ അവൾ അയാളുടെ കവിളിൽ ചുംബിച്ചപ്പോൾ, ചുണ്ടിൽ പെട്ട നനവു കണ്ടപ്പോൾ ചോദിച്ചു:

“കരയുകയാണോ?”

അയാൾ ഉത്തരമൊന്നും പറഞ്ഞില്ല.

“എന്തിനാണ് കരയുന്നത്?” അയാളുടെ കവിൾ തുടച്ചുകൊണ്ടവൾ ചോദിച്ചു: “എന്നോടു ദേഷ്യായിട്ടാണോ?”

“നിന്നോടുള്ള സ്നേഹം കൊണ്ട്.”

ഞായറാഴ്ച അവർ ലോധി ഉദ്യാനത്തിൽ പോയി പുൽത്തകിടിയിൽ കൈകോർത്തു നടന്നു. പൂത്തു നില്ക്കുന്ന ചെടികൾക്കിടയിൽ നടക്കുമ്പോൾ അവൾ ഒരു വലിയ പൂവായി അയാൾക്കു തോന്നി. ശവകുടീരങ്ങൾക്കൊന്നിൽ, അതിന്റെ നിഗൂഢമായ ഇരുണ്ട കോണികളിൽ, നരിച്ചീറുകൾ പറക്കുന്നതിനിടയിൽ കയറിയപ്പോൾ അവൾ പേടികാരണം അയാളുടെ കൈ മുറുകെ പിടിച്ചു. ശവകുടീരത്തിന്റെ മാർബ്ൾ പലകമേൽ തണുപ്പറിഞ്ഞു് അവർ കിടന്നു.

രാത്രി കിടക്കുമ്പോൾ അവൾ ചോദിച്ചു. “നമുക്കിപ്പോൾ കുട്ടി വേണ്ട അല്ലേ?”

“വേണ്ട. ചുരുങ്ങിയതു് ഒരു കൊല്ലമെങ്കിലും കഴിഞ്ഞു് ആലോചിച്ചാൽ മതി.”

“നമുക്കു ഡോക്ടറുടെ അടുത്തു പോയി അന്വേഷിക്കാം.”

“നാളെ പോകാം.”

“പക്ഷേ, നാട്ടിലുള്ളവർ വിചാരിക്കും, നമുക്ക് ഈ വിദ്യ അറിയില്ലെന്ന്. ഞാൻ അറിയുന്നവരെല്ലാം കല്യാണം കഴിഞ്ഞു് ആറാംമാസം ഭാര്യമാരെ നാട്ടിൽ പ്രസവത്തിനു കൊണ്ടുപോയാക്കിയിട്ടുണ്ട്. അപ്പോൾ നമ്മൾ മാത്രം അതു ചെയ്തില്ലെങ്കിൽ ന്യായമായും അവർ വിചാരിക്കും, നമുക്ക് എന്തോ കുഴപ്പമുണ്ടെന്ന്.”

“സാരമില്ല. വേണമെങ്കിൽ ഗുളികയുടെ രഹസ്യം അവരെ അറിയിക്കുകയുമാവാം. ഒരു കുട്ടിയുണ്ടായിക്കഴി”ഞ്ഞാൽ സ്വാതന്ത്ര്യം നഷ്ടപ്പെടും. അതിനുമുമ്പ് കുറെ സ്വതന്ത്രരായി നടക്കാമല്ലോ!

“യാത്ര.”

ആഗ്രയിൽ ടാക്സിയിറങ്ങിയപ്പോൾ കണ്ട ഉയർന്ന കന്മതിലിന്മേൽ ചോദ്യപൂർവ്വം നോക്കിയപ്പോൾ, ടാക്സിക്കാരൻ ചൂണ്ടിക്കാണിച്ച സ്ഥലത്തേക്കു നടന്ന് വലിയ വാതായനത്തിലൂടെ ഒരു ചിപ്പിക്കുള്ളിൽ ഒളിപ്പിച്ചു വെച്ച മുത്തു പുറത്തെടുത്തപോലെ പെട്ടെന്ന് താജ്മഹൽ കണ്ടപ്പോൾ അവളുടെ മുഖത്തു വിടർന്ന പ്രകാശം ശ്രദ്ധിച്ചപ്പോൾ, പിന്നെ ഹരിദ്വാരിൽ ഭാംഗ്ചെടികൾ ഇരുവശത്തും തഴച്ചുവളർന്ന ചരൽപ്പാതയിലൂടെ മുച്ചക്രവണ്ടിയിൽ സപ്തർഷികളുടെ അമ്പലം കാണാൻ പോകുമ്പോൾ

അയാളുടെ കൈ പിടിച്ച് മടിയിൽ വെച്ചമർത്തിയപ്പോൾ, അയാൾ തിരിച്ച് അവളുടെ കവിളിൽ ചുംബിച്ചപ്പോൾ, പിന്നെ ഗംഗയിലെ തണുത്ത വെള്ളത്തിൽ ഇറങ്ങി നിന്ന് കരയിൽ നില്ക്കുന്ന അയാളുടെ മേൽ തണുത്ത വെള്ളം തെറിപ്പിക്കുമ്പോൾ കാറ്റിൽ പറന്ന അവളുടെ സിൽക്കു തലമുടിയും കുസൃതിയുള്ള കണ്ണുകളും നോക്കിയപ്പോൾ, അവർ വിവാഹരാത്രിയിൽ ആരുമറിയാതെ ഒളിച്ചോടിപ്പോയവരാണെന്ന കാര്യം ഒരു സ്വപ്നംപോലെ അയാൾ വീണ്ടും ഓർത്തു.

വേനൽ. രാവിലെ എഴുന്നേറ്റാൽ കാണുക പൊടിനിറഞ്ഞ ആകാശത്തിൽ ഏകദേശം മൂന്നിലൊരു ഭാഗം വഴി തരണം ചെയ്ത സൂര്യനെയാണ്. പിന്നെ രാത്രി വളരെ വൈകുംവരെ സൂര്യൻ പൊടിപടങ്ങളിലൂടെയുള്ള യാത്ര തുടരുന്നു. ചുമരുകൾ ചൂടിൽ പഴുത്തു. വാതിലുകളും ജനലുകളും പഴുത്തു. കിടക്ക ഒരു തീച്ചൂളയായി മാറി. വൈകുന്നേരം അയാളുടെ ബൈക്കിന്റെ ശബ്ദം കേൾക്കാനായി അഴികളുള്ള ടെറസ്സിൽ കാത്തുനില്ക്കുമ്പോൾ ചൂടു കാറ്റ് അവളുടെ കണ്ണുകളെ വേദനപ്പിച്ചു.

ഒരു ദിവസം അവർ നോക്കിക്കൊണ്ടിരിക്കെ 'ആന്ധി' വന്നു. ദൂരെനിന്നു തന്നെ അതിന്റെ പൊടിപടലങ്ങൾ അവർ കണ്ടു. അയാൾ പറഞ്ഞു. അവസാനം പൊടിക്കാറ്റു വന്നു. ഇനിയൊന്നു തണുക്കും. പിന്നീട് ആന്ധി ഭൂമിയാകെ പൊടി വിതറിക്കൊണ്ട് കടന്നു പോയപ്പോൾ, അന്തരീക്ഷം തണുത്തപ്പോൾ, അയാൾ പറഞ്ഞത് സ്വപ്നമാണോ അതോ താൻ ശരിക്കും കേട്ടതാണോ എന്ന് അവൾ അതിശയിച്ചു.

വേനലിൽ, അവർ ടെറസ്സിൽ ആകാശത്തിനു കീഴിൽ ചാർപ്പായിൽ കിടക്ക വിരിച്ച് കിടന്നു. നഗരത്തിന്റെ പ്രഭാപൂരത്തിൽ മങ്ങിയ നക്ഷത്രങ്ങളുടെ പേരുകൾ അയാൾ അവൾക്കു പറഞ്ഞു കൊടുത്തു. അയാളുടെ നഗ്നമായ വിരിഞ്ഞ നെഞ്ചിൽ മുഖമമർത്തി അവൾ, അയാൾ പറയുന്നതു മൂളിക്കേട്ടു.

മഴ തുടങ്ങിയപ്പോൾ, അയാൾ ഓഫീസിൽ പോകാതെ ലീവെടുത്തു വീട്ടിലിരുന്ന ദിവസം പുറത്തിറയത്ത് ഇറ്റുവീഴുന്ന മഴത്തുള്ളികളും, അകലെ ആരവത്തോടെ അടുക്കുന്ന മഴയുടെ ശക്തിയും നോക്കി അയാളുടെ ആലിംഗനത്തിൽ അവൾ കിടന്നു.

അവൾ കുട്ടിക്കാലത്ത്, കനത്ത മഴയ്ക്കുശേഷം ഇറയത്തുവീണ വെള്ളം വലിയ ചാലുകളായി ഒഴുകുമ്പോൾ കടലാസുതോണികൾ ഒഴുക്കിയിരുന്നത് അയാളോടു പറഞ്ഞു.

അയാൾ അസ്വസ്ഥനായി. അവൾക്ക് അയാളില്ലാത്ത, അയാളറിയാത്ത ഒരു കുട്ടിക്കാലമുണ്ടായിരുന്നെന്ന് അയാൾ ഓർത്തിരുന്നില്ല. അയാൾ അസൂയാലുവായി. മഴപെയ്തു നനഞ്ഞ മണ്ണിൽ ചെടികളുടെ വിത്തുകൾ മുളച്ചു കുമ്പിട്ടു നില്ക്കുന്ന വിശാലമായ പറമ്പുള്ള ഒരു വീട്ടിലെ കുട്ടിക്കാലം അയാൾ ഓർത്തു. നിറഞ്ഞൊഴുകുന്ന കുളം, അതിൽ വാഴത്തടികൾ കൂട്ടിയിട്ട് ചങ്ങാടമുണ്ടാക്കി തുഴഞ്ഞുകളിച്ചത്, പുതുതായി കിളുർത്ത ഇലകളുടെ മാദകഗന്ധം. വൈകുന്നേരം വിരിയുന്ന പിച്ചകപ്പൂക്കളുടെ മണം.

അതിനു മുമ്പ് വളരെ കുട്ടിയായിരുന്നപ്പോൾ രാത്രി, ഇടിയും മഴയുമുണ്ടാകുമ്പോൾ ഒരു ഭീകരജന്തു വീടിനു ചുറ്റും ഓടി നടക്കുകയാണെന്ന ഭീതിയാൽ അമ്മയോടു ചേർന്നു കിടന്നപ്പോൾ, അറബിക്കടലിന്റെ ഇരമ്പൽ ഒരു രാക്ഷസിയുടെ താരാട്ടുപാട്ടായി വന്ന് തന്നെ അസ്വസ്ഥനാക്കിയിരുന്നു.

കുട്ടിക്കാലം അവരെ അന്യോന്യം അകറ്റി. അവ്യക്തമായ ഒരു വേദനയോടെ അവർ അതു മനസ്സിലാക്കി. അയാൾ അവളെ കൂടുതൽ അമർത്തി ചുംബിച്ചു.

അവൾ പറഞ്ഞു: "നമുക്കു കുട്ടിക്കാലം വേണ്ട അല്ലെ?"

വിവാഹവാർഷികത്തിനു സ്റ്റുഡിയോവിൽ അവളുടെ തോളിൽ കൈയിട്ട്, ഫോട്ടോഗ്രാഫർ ആവശ്യപ്പെട്ട ചിരി തുടരാൻ പ്രയാസമായി നിന്നപ്പോൾ, വൈകുന്നേരം വാർഷികം ആഘോഷിക്കാൻ തട്ടിൽ നിന്നു തൂങ്ങിയ ഷാന്റലിയറുകളിൽ മങ്ങിയ വിളക്കുകളും, മേശമേൽ വെള്ളിത്തട്ടിൽ കത്തിച്ചുവെച്ച മെഴുകുതിരിയുമുള്ള റസ്റ്റോറന്റിൽ മുഖത്തോടുമുഖം നോക്കി ഭക്ഷണം കഴിക്കുമ്പോൾ കൈമാറിയ ഒരു പുഞ്ചിരിയുടെ മാധുര്യം ആസ്വദിക്കുമ്പോൾ, പിന്നെ രാത്രി വീണ്ടും രജായിക്കുള്ളിൽ വികാരഭരിതരായി നൈമിഷികമായി തോന്നിയ ഉറങ്ങാത്ത മണിക്കൂറുകൾ പങ്കിടുമ്പോൾ, അവർ രണ്ടുപേരും മണിയറയിൽനിന്ന് ഒരു ഗൂഢാലോചനയ്ക്കു ശേഷം ഓടിപ്പോയവരാണെന്ന കാര്യം അയാൾ വീണ്ടും ഓർത്തു.

ദിവസങ്ങളുടെ ദൈർഘ്യം ക്രമേണ കൂടിയപ്പോൾ, തണുപ്പുമാറി സൂര്യൻ വീണ്ടും പൊടി നിറഞ്ഞ ചാര നിറമായ ആകാശത്തിൽ യാത്ര തുടങ്ങിയപ്പോൾ അവൾ അസ്വസ്ഥയായി. അയാളുടെ ബൈക്കിന്റെ ശബ്ദം കേൾക്കാൻ ഉഴറി നില്ക്കവേ ഏകാന്തത ഒരു നിഴൽ പോലെ അവൾക്കു ചുറ്റും കൂടിയപ്പോൾ അവൾ തേങ്ങി.

അയാൾ വന്നപ്പോൾ അവളുടെ കവിളിൽ അപ്പോഴും ഉണങ്ങിയിട്ടില്ലാത്ത കണ്ണീരിന്റെ കാരണം അറിഞ്ഞപ്പോൾ പറഞ്ഞു. ഇത്രയേയുള്ളു കാര്യം? അതിനു നമുക്ക് വഴിയുണ്ടാക്കാം. അവൾ സന്തോഷിച്ചു.

അവൾ കുഞ്ഞിയുടുപ്പുകൾക്കുള്ള തുണികൾ വാങ്ങുകയും, രാത്രി ഒരു ചെറു ചിരിയോടെ അവ തുന്നുകയും ചെയ്തപ്പോൾ അയാൾ അവളിൽ നിന്നും അകന്ന്, അവളെ സ്വപ്നാടനത്തിനായി വിട്ട്, റേഡിയോവിൽ വന്ന യുവാൻ ഷ്ട്രാസ്സിന്റെ വാൽട്സ് കേട്ടു.

അടുത്തതു് കുട്ടിയേപ്പറ്റിയുള്ള സങ്കല്പങ്ങളായിരുന്നു. "നമ്മുടെ മോന് എന്താ പേരിട്വാ?"

"മോനോ? മോൻതന്നെയാകുമെന്നാരു പറഞ്ഞു?"

"മോൻ തന്നെയേ ആവൂ."

"നീ തുന്നുന്നതു മുഴുവൻ ആൺകുട്ടിക്കുള്ള ഉടുപ്പാണോ?"

"ഈ കുട്ടിക്കൊന്നുമറിയില്ല. കുട്ടികൾക്കുള്ള ഉടുപ്പ് എല്ലാം ഒന്നാണ്. ഒരു വയസ്സെങ്കിലും ആയാലേ ഉടുപ്പിൽ വ്യത്യാസം ഉണ്ടാകൂ."

വീട്ടിൽ നിന്ന് അമ്മയുടെ കത്തുകളിൽ ശുശ്രൂഷയുടെ വിവരങ്ങളുണ്ടായിരുന്നു. യാത്രയേപ്പറ്റിയും. ഏഴാം മാസം തന്നെ വരുകയാണു നല്ലതു്. അതിനുശേഷം യാത്ര നന്നല്ല.

"ഞാൻ പോയാൽ ശശി കഷ്ടപ്പെടില്ലേ?" അവൾ ചോദിച്ചു. "നമുക്കു പ്രസവം ഇവിടെത്തന്നെയായാലോ?"

"എനിക്കു പേടിയാണ്." അയാൾ പറഞ്ഞു. "ആദ്യത്തെ പ്രസവം അമ്മയുടെ അടുത്തുതന്നെ ആയ്ക്കോട്ടെ."

"ശശി ഓഫീസിൽ പോയാൽ ഏതാനും മണിക്കൂർ കഴിച്ചുകൂട്ടുകതന്നെ എനിക്ക് എന്തുവിഷമമാണെന്നോ! അപ്പോൾ നിന്നെ കാണാതെ മൂന്നുമാസം എങ്ങനെ കഴിച്ചുകൂട്ടും ചന്തക്കാരാ?"

ക്രമേണ അവളുടെ മുഖത്തെ പ്രസാദം കുറഞ്ഞുവന്നു. അവൾ ചിന്താധീനയാവു കയും, സ്വയം തന്നിലേക്ക് ഊർന്നിറങ്ങുകയും ചെയ്തപ്പോൾ, ഏതാനും ദിവസങ്ങൾ ക്കുള്ളിൽ അവളെ പിരിഞ്ഞിരിക്കേണ്ടി വരുമെന്ന അറിവ് അയാളെ പീഡിപ്പിച്ചു. രാ ത്രികളിൽ അവളെ ഒരു കൊച്ചു കുട്ടിയെപ്പോലെ തന്നിലേക്കടുപ്പിച്ച് അവളുടെ വയർ തലോടി, ചുംബിച്ചു.

യാത്ര. വീണ്ടും തീവണ്ടിയിൽ. വേനലിന്റെ അസുഖകരമായ ചൂടുകാറ്റു കാര ണം ജാലകത്തിനരികിൽ പുറത്തേക്കു നോക്കിക്കൊണ്ടിരുന്ന രതിയുടെ ചുണ്ടുകൾ വരണ്ടു. അകലെക്കാണുന്ന മലകളുടെ അപ്രാപ്യതയും, ഉയരത്തിൽ ഒറ്റയായല ഞ്ഞ വെളുത്ത മേഘത്തിന്റെ തിളക്കവും അവളുടെ കണ്ണുകളിൽ കണ്ടു.

വീട്ടിൽ അവരുടെ മുറി യാതൊരു മാറ്റവുമില്ലാതെ ഒന്നരക്കൊല്ലം മുമ്പ് ഉപേ ക്ഷിച്ചു പോയ അതേമട്ടിൽ കിടന്നു. കട്ടിലിന്റെ തലയ്ക്കൽ സ്റ്റാന്റിൽ തൂക്കിയിട്ട മു ല്ലമാല ഉണങ്ങിയിരുന്നു. കിടക്കവിരിപോലും അയാളുടെ ഓർമ്മയിൽ ഉള്ളപോ ലെ തന്നെ.

ഈ മുറി ഒന്നരവർഷം നിശ്ശബ്ദമായി ഒരു മധുവിധു രാത്രി അയവിറക്കുകയാ യിരുന്നു. അയാൾ ചന്ദനത്തിരിയുടേയും മുല്ലപ്പൂവിന്റേയും വാസനയ്ക്കായി മൂക്കുപിടി ച്ചു. ചുമരിൽ പിടിപ്പിച്ച ഷോകേസിലെ ചിത്പ്പണിയുള്ള ചീനഭരണിയിൽനിന്നോ, മൂലയിൽ കൊച്ചു വട്ടമേശമേൽ വെച്ച പൂത്തട്ടിൽനിന്നോ അല്ലെങ്കിൽ നിഗൂഢമായ ഏതെങ്കിലും കൊച്ചു പൊത്തിൽ നിന്നോ ആ വാസന വരുമെന്നും, ഉണങ്ങിയ മുല്ല പ്പൂക്കൾ വികസിക്കുമെന്നും ആ മുറി ഒരിക്കൽക്കൂടി പഴയമട്ടിൽ അവരുടെ മണിയ റയാവുമെന്നും അയാൾ മോഹിച്ചു.

ഒറ്റയ്ക്കു തിരിച്ച് വരാനായി വണ്ടി കാത്ത് പ്ലാറ്റ്ഫോമിൽ നില്ക്കുമ്പോൾ അവളുടെ കടക്കൺകോണിൽ ഉരുണ്ട് കവിളിലൂടെ ഒലിച്ചിറങ്ങിയ ഒരു തുള്ളി കണ്ണീർ കണ്ട പ്പോൾ, വണ്ടിയിൽ ഒറ്റയ്ക്കിരുന്ന് ഓടുന്ന തരിശുനിലങ്ങളെ നോക്കി നീങ്ങാത്ത സമ യത്തെ പഴിക്കുമ്പോൾ, ദില്ലിയിലെത്തി വീടു തുറന്നപ്പോൾ, രതി അഴിച്ചിട്ട സാരി കിടക്കയിൽ മടക്കിവെക്കാതെ കിടക്കുന്നതു കണ്ടപ്പോൾ, ഉയർന്നുവന്ന തേങ്ങൽ അടക്കാൻ വിഫലമായി ശ്രമിക്കുമ്പോൾ, അയാൾ ശിഥിലമായ ഒരു ചിത്രം പോ ലെ, അവ്യക്തമായി കണ്ടു മറന്ന ഒരു മോഹനസ്വപ്നം പോലെ, മണിയറയിൽനിന്ന് ഓടിപ്പോയതു് നിശ്ശബ്ദതയുടെ ചിറകടികൾക്കിടയിൽ വീണ്ടും ഓർത്തു.

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.